Reg. No. M. 453 T. 41.   License No 33 Dated 18th June 1926

ഭാഷാപോഷിണി

ചിത്രമാസിക.

"വിദ്യാധനം സർവ്വധനാൽപ്രധാനം"



"ലങ്കാ രാജധാനിയിൽ"

Price As. 2. | THE BHASHAPOSHINI ILLUSTRATED MONTHLY | വില 2ണ.

VOL 44. | THIRUVALLA—MEDOM 1115. | NO 9.

Office:-The Bhagyodayam Press Buildings, Pulikeezh.

ഒററപ്രതി വില രണ്ടണ

വരിസംഖ്യ

ആണ്ടിൽ അഞ്ചലിൽ ഒന്നരരൂപാ, തപാലിൽ രണ്ടുരൂപാ.



വിഷയവിവരം.

		പേജ്
൧.	ശരദാഗമം (കവിത)—വിദ്വാൻ, പുഴങ്കര നാരായണമേനോൻ.	൩
൨.	കലാലോകചക്രവത്തി—കെ. പി. പത്മനാഭൻതമ്പി ബി. ഏ.	൪
൩.	റേഡിയോയുഗം—സി. കെ. കെ. ഷാ.	൬
൪.	ത്യാഗഭൂമി (കവിത)—കെ. എം. തേവര.	൭
൫.	മിസ്റ്റിക്കിന്റെ ഭാര്യ(ഏകാങ്കനാടകം)— കൊട്ടാരം ഈ. കെ. [illegible] വൃതിരി.	൮
൬.	കാർഷികയാന്ത്രീകരണം—എൻ. ശങ്കരൻ നായർ ബി. ഏ. തിരുവല്ലാ.	൧൦
൭.	കണ്ണുനീരിന്റെ മറവിൽ (ചെറുകഥ)—പി. സി. കോരുതു്.	൧൨
൮.	ശാസ്താംകോട്ട—കിളിമാനൂർ എൻ. കേശവൻ	൧൪
൯.	ആയുർവ്വേദൗഷധയോഗം.—എസ്സ്. കെ. വാര്യർ. ഉല്ലല	൧൫
൧൦.	പരാജയം (കവിത)—ഹരിപ്പാട്ടു് എം. കെ. രാഘവൻ നായർ.	൧൫
൧൧.	ക്രൂരരുണ്ടാകുന്നതിൻകാരണം—ഡാക്ടർ ഐക്രോയിഡ്.	൧൬
൧൨.	പുണ്യശ്ലോകനായ ധമ്മരാജാവു്—വിദ്വാൻ, വി. ആർ. പരമേശ്വരൻപിള്ള.പി. ഒ. എൽ.	൧൭
൧൩.	ലുബ്ധന്റെ അയ്യായിരം (ചെറുകഥ)—എൻ. ഐ. തോമ്മസു് ബി. എ.	൧൮
൧൪.	പ്രേമതാരം (കവിത)—എം. കെ. പത്മനാഭൻ, ബി. എ.	൨൦
൧൫.	രണ്ടു ചിത്രങ്ങൾ—(ഉപഗുപ്തൻ)	൨൧
൧൬.	ഒരു ദിവാസ്വപ്നം—എം. വി. നാരായണയ്യർ ബി. എ.	൨൨
൧൭.	നിർവൃതി (കവിത)—വെള്ളിമന, കെ. എൻ. പോററി	൨൩
൧൮.	മോഹനചന്ദ്രൻ (ചെറുകഥ)—സി. കെ. നായർ	൨൬
൧൯.	ഫലിതപ്പലക	
൨൦.	പരസ്യങ്ങൾ.	

അടുത്ത ലക്കത്തിൽ

വിഖ്യാതചലച്ചിത്രതാരത്തിന്റെ അൽഭുതജീവിതരഹസ്യങ്ങൾ.

മി: പി. സി. കോരുതു് എഴുതിയിട്ടുള്ള ഈ ലേഖനം വായനക്കാരെ അൽഭുതാധീനരും ഹർഷപുളകിതരുമാക്കും.

പ്രസാധകന്മാർ ഭയപ്പെടേണ്ടാ.

കടലാസിനു വില കൂടിയതുകൊണ്ടു ഭയന്നു് ഗ്രന്ഥകാരന്മാരും പ്രസാധകന്മാരും തങ്ങളുടെ പുസ്തകങ്ങൾ അച്ചടിപ്പിക്കുന്നതിൽ വിമുഖരാകേണ്ടതില്ല. ഞങ്ങൾ അച്ചടിക്കൂലിയിൽ വരുത്തിയിരിക്കുന്ന കാര്യമായ കുറവു്, കടലാസിന്റെ വിലക്കൂടുതൽകൊണ്ടു നിങ്ങൾക്കുള്ള നഷ്ടം പരിഹരിക്കാൻ പര്യാപ്തമാണു്. വിസിറ്റിംഗു കാർഡ് മുതൽ പത്രങ്ങൾവരെയുള്ള എല്ലാ അച്ചടി വേലകളും ഭംഗിയായി ചെയ്യുന്നു.

മാനേജർ, ഭാഗ്യോദയം പ്രസ്സ്

പുളിക്കീഴ് - തിരുവല്ലാ.

ഭാഷാപോഷിണി

ചിത്രമാസിക

ഭാഷാദോഷമശേഷമീഷകലെപ്പേക്ഷിക്കുവാൻ ശേഷിയും–ഭോഷാകും ധിഷണാവിശേഷവുമെഴും ഭോഷജ്ഞഭൂഷായിതാ
ഏഷാതോഷമവേഷഭാഷണചണാ സോൽകർഷപോഷം ചിരം–''ഭാഷാപോഷിണി'' ശേഷശായികരുണോന്മേഷാൽ വിളങ്ങീടണം.

പുസ്തകം 44. | 1115 മേടം. | ലക്കം 9.

ശരദാഗമം.

(വിദ്വാൻ പുഴങ്കര നാരായണമേനോൻ)

1

വർഷാംഗനയ്ക്കുള്ള വിഭ്രതിയെല്ലാം
വഹിച്ചുകാലം നടകൊണ്ടനേരം
കാശ്യത്തിനാൽ കാന്തികലന്നമുഗ്ദ്ധ–
യ്യൊപ്പം ശരച്ഛ്റീ ഭുവനത്തിലെത്തി.

2

പാരാകെ വൻഘോരതമിസ്രയിൽപ്പെ–
ട്ടുഴന്നതിൽത്തെല്ലലിവാന്നമൂലം
ആയാസമില്ലാത്ത സുഖം കൊടുപ്പാ–
നണഞ്ഞതാം ശാരദനീല[illegible]ഠം.

3

നിലച്ചുപേമാരി തെളിഞ്ഞു [illegible]ാനം
ചരിച്ചു സൌഗന്ധികവാത[illegible]ോതം
ആടൽക്കൊടുങ്കാററടിയേററ ലോകം
പ്രസന്നമായി ശരദാഗമത്താൽ.

4

സ്വാത്മക്കരിഞ്ചട്ട ധരിച്ചു, സാധു–
വൃന്ദം ദഹിക്കുംപടി ഘോരഘോരം
സവ്വത്ര തീച്ചുളയുതിത്തിടുന്ന
നവാബ്ദമേ, നിൻ വിഹൃതികൾ ക്രൂരം.

5

പ്രപഞ്ചതുംഗദ്രുവിൽ നിന്നടന്നു
വീണുള്ളൊരാശ്ശാഖയെ നോക്കി നോക്കി
കണ്ണീർക്കണം ഹന്ത! ചൊരിഞ്ഞിടുന്നു
ഭാഗ്യക്ഷയത്താൽ ഹതമായ ലോകം.

6

കൂലം തകത്തുൾക്കതുകം വളത്തി
തടദ്രുവെത്തന്നിലമൂഴ്ത്തിമന്ദം
ഉന്മത്തമത്ത്യന്നു സമം ചരിച്ചു
മന്ദാകിനിപ്രൌഢനവോഢയായി.

7

നീരേന്തലേററാത്ത കുതൂഹലത്താൽ
നീലാളകം ചിന്നിയുദ്ഗൂഢരാഗാ
വരാംഗസസ്പശവിലോലയായി
തരംഗിണിത്തയ്യൽ വിളങ്ങിടുന്നു.

8

അകൃത്രിമശ്രീകലരുന്നരൂപം
പ്രശാന്തഗംഭീര മൃദുസ്വഭാവം
ഉദാരമാധുയ്യമിയന്നിടുന്ന
നവാശയം മഞ്ജുവിഭൂഷയേവം,

9

വഹിച്ച കാവ്യാംഗനയെന്നവണ്ണം
ചരിച്ചിടുന്നോരു തരംഗിണിക്കും
പ്രസന്നഭാവം പുനരേകിടാനോ
ശരത്തുവന്നെത്തി വണങ്ങിനില്പൂ.

10 (യുഗ്മകം)

പറമ്പിലങ്ങിങ്ങു നിവന്നു നിൽക്കും
പാവങ്ങളാം വൃക്ഷകദംബകങ്ങൾ
മന്ദാനിലാന്ദോളന ശാഖമെല്ലെ
കുനിച്ചുമോദാലെതിരേൽപ്പു നമ്മെ.

11

വാനത്തുവാർതിങ്കളുദിച്ചു വെള്ളി–
ക്കതിർക്കുലം പാരമുതിത്തിതെങ്ങും
അതിങ്കലാറാടിയ മന്ദരാഗം
വഹിച്ചുവിശ്വം ഭരജീവലോകം.

12

അകം തികഞ്ഞുൾപ്പുളകം വളത്തു–
മദ്ധ്യാത്മചിന്താ പ്രസരം പ്രസാദം
സുശാന്തിയെന്നീ ഗുണമൊത്ത യോഗി–
യ്യൊപ്പംഹൃദന്തം സുഖപൂണ്ണമാക്കും.

13

നിസ്തുല്യതേജഃപ്രസരത്തിനാലെ
മാലോകരൊററക്കുട തന്റെ കീഴിൽ
സുശാന്തരായ് സുസ്ഥിതിയാന്നകാല–
മോക്കുന്നിതാരും പ്രകൃതിപ്രതാപാൽ

14

ധമ്മപ്രഭാവാലെവനുള്ള രാജ–
ധമ്മം ധരയ്ക്കിന്നൊരു ഭൂഷയായി
ശമ്മം ജനങ്ങൾക്കരുളുന്ന നീതി–
മമ്മജ്ഞനാമാബലി, വെൽവുതാക.

15

നരാധിപത്യ പ്രഭവത്തിനാലെ
നാട്ടാരിലത്യൽക്കട താപമേറവും
രാജന്യരെങ്ങു,ജ്വലസച്ചരിത്ര–
പ്രഭാവനാംത്വന്മഹിമാവതെങ്ങോ?

കലാലോകചക്രവത്തി.

നിക്കോളാസ് റോറിക്കിൻെറ വിശ്വവശ്യങ്ങളായ ചിത്രങ്ങൾ.

(കെ. പി. പത്മനാഭൻതമ്പി ബി. ഏ. തിരുവനന്തപുരം)

II

ഗുരുദേവ് നിക്കോളാസ് റോറിക്ക് മഹാചിന്തകനായ സാഹിത്യകാരനും, കവിയും ആണ്. അദ്ദേഹത്തിൻെറ ഗദ്യസരണിക്കും, പദ്യത്തിൻെറ ലാളിത്യവും സൌകുമാര്യവും, ഓജസ്സും ഉണ്ട്. റോറിക്കിൻെറ കൃതികളെല്ലാം സംസ്കാരത്തിൻേറയും സാഹോദര്യത്തിൻേറയും, സൌന്ദര്യത്തിൻേറയും മഹനീയതയെ പ്രകീൎത്തിക്കുന്നവയാണ്. ഇംഗ്ലീഷ്, ഫ്രെഞ്ച്, പെർഷ്യൻ, സംസ്കൃതം, ടിബററ്, ചീനം, എന്നീ വിവിധഭാഷകളിൽ അദ്ദേഹത്തിന് അഗാധമായ പാണ്ഡിത്യമുണ്ട്. ജ്ഞാനസമ്പൂൎണ്ണനായ ഒരു മഹാവേദാന്തിയാണ് റോറിക്ക്. മാനവ സമുദായത്തിൻെറ ആത്മീയമായ മോക്ഷപ്രാപ്തിക്ക് സംസ്കാരം മാത്രമെ സഹായകമാകുകയുള്ളൂവെന്നും, യുദ്ധഭ്രാന്ത്, അഹങ്കാരം, എന്നിവയിൽ നിന്നും ലോകത്തെ വിമുക്തമാക്കുന്നതിനും, വിശ്വസാഹോദര്യം സംസ്ഥാപിക്കുന്നതിനും പര്യാപ്തമേറിയ മഹാശക്തി കലയെന്നും ആണ് ഈ ചിത്രകാരൻെറ അഭിപ്രായം. സംസ്കാരം, സമഭാവന, സാഹോദര്യം, ശാന്തി എന്നിവയാൽ പ്രശോഭിതമായ ഒരു നവയുഗത്തിലേക്ക്— സത്യം, സൌന്ദര്യം, നീതി, എന്നീ ഉറച്ച അടിസ്ഥാനത്തിന്മേൽ പണി കഴിക്കപ്പെട്ട ഒരു നവീനലോകത്തിലേക്ക്—മനുഷ്യനെ ആനയിക്കുകയാണ് കവിയും കലാകാരനും, വേദാന്തിയും ആയ റോറിക്ക് ചെയ്യുന്നത്. "സംസ്കാരം എന്നത് നമ്മുടെ ദൈനംദിന ജീവിതത്തിൻെറ അവിഭേദ്യമായ ഒരു ഘടകമായി തീരണം. സംസ്കാരത്തിൻെറ ചിറകുകളുടെ സ്പർശം തന്നെ ഏററവും ആശ്വാസപ്രദവും ആനന്ദസന്ദായകവുമാണ്. സംസ്കാരം മനുഷ്യനെ ആത്മീയമായ ലോകത്തിലേക്ക് നയിക്കുന്നു. സംസ്കാരത്തിൻെറ വിളനിലമായ ഭൂമിയിൽ സർവ്വേശ്വരൻെറ ചൈതന്യം ദൃശ്യമാകുന്നു. സൌന്ദര്യം, വിജ്ഞാനം, സംസ്കാരം, എന്നിവയാണ് വിശ്വസാഹോദര്യത്തെ സൃഷ്ടിക്കുന്നത്" എന്നത്രേ മഹാചിന്തകനും കൎമ്മയോഗിയും ആയ റോറിക്ക് ഉൽഘോഷിക്കുന്നത്.

അഭ്യസ്തവിദ്യരുടെ ഇടയിൽ ആദരവും അഭിനന്ദനവും സമാൎജ്ജിച്ച റോറിക്ക് പാക്ററ് (Roerich Pact) റോറിക്ക് ബാനർ ഓഫ്പീസ് (Roerich Banner of Peace) എന്നിവ മനുഷ്യരെ

മി: കെ. പി. പത്മനാഭൻതമ്പി.

സമാധാനസമ്പൂൎണ്ണവും, സുന്ദരവും, ആയ ജീവിതം നയിക്കുന്നതിന് പ്രേരിപ്പിക്കുന്നു. ലോകത്തിലുള്ള അനേകം രാജ്യങ്ങൾ ഈ പാക്ററിനെ അംഗീകരിച്ചിട്ടുണ്ട്. "സഹായിക്കുക, യുദ്ധം ചെയ്യരുത്. ശാന്തിയെ നശിപ്പിക്കരുത്. കലഹത്തെ വളൎത്തരുത്" എന്നത്രെ ഈ മഹാപുരുഷൻ നമ്മോട് അഭ്യൎത്ഥിക്കുന്നത്. റോറിക്ക് ഒരു ദീൎഘദൎശിയാണ്. കഴിഞ്ഞ മഹായുദ്ധം സമാരംഭിക്കുന്നതിന് ഒന്നു രണ്ടു വർഷങ്ങൾക്ക് മുമ്പ് റോറിക്ക് എഴുതിയ ചിത്രങ്ങളിലെല്ലാം സംഭവിക്കുവാൻ പോകുന്ന ഏതോ ഒരു വലിയ വിപത്തിനെ സൂചിപ്പിച്ചിരുന്നു. ഇക്കൂട്ടത്തിലുള്ള (Armageddon) നന്മതിന്മകൾ തമ്മിലുള്ള സംഘട്ടനം–എന്ന ചിത്രത്തിൽ ലോകമഹായുദ്ധത്തിൻെറ ആവിർഭാവത്തെ സ്പഷ്ടമായി പ്രഖ്യാപനം ചെയ്തിട്ടുണ്ട്.

റോറിക്ക് നവീനാശയാദൎശങ്ങളുള്ള ഒരു വിദ്യാഭ്യാസവിചക്ഷണനും ആണ്. അദ്ദേഹത്തിൻെറ വിദ്യാഭ്യാസരീതിയുടെ മൌലികതത്വം "സംസ്കാരം" അത്രേ. "പ്രതിബന്ധങ്ങൾ അനുഗ്രഹിതങ്ങളാണ്. അവയെ തരണം ചെയ്ത് നാം മുന്നോട്ടു പോകുന്നു" എന്ന് ഉൽബോധനം ചെയ്യുന്നവനാണ് യഥാൎത്ഥഗുരു എന്നത്രേ റോറിക്കിൻെറ നിർവ്വചനം. റോറിക്കിൻെറ നേതൃത്വത്തിലും, രക്ഷാധികാരത്തിലും, അമേരിക്കയിലുള്ള മാസ്ററർ ഇൻസ്റ്റിററ്യൂട്ട് (Master Institute) കൊറോണമണ്ഡി (corona Mundi) കൊർ ആർഡെൻസ് (Cor Ardens) അലാടാസ് (Alatas) ഉരുസ്വതി (Urusvati). ദി മാസ്റ്റർ ഇൻസ്റ്റിററ്യൂട്ട് ഓഫ് യൂണൈറെറഡ് ആർട്ട്. (The master Institute of united (Arts എന്നീ കലാലയങ്ങളിൽ സാഹിത്യം, സംഗീതം, ചിത്രമെഴുത്ത്, ശില്പതക്ഷണം, എന്നീ ശാസ്ത്രങ്ങളിലും കലകളിലും പരിശീലനം നൽകിവരുന്നു. "ലോകം മുഴുവനും കലാലക്ഷ്മിയുടെ ആവാസരംഗമായിരിക്കണം. കാരാഗാരങ്ങൾ തന്നെയും കലാലയങ്ങളെപ്പോലെ, സമലംകൃതമാകണം. കലകൾ മനുഷ്യൻെറ ആത്മവിജ്ഞാനത്തെ വർദ്ധിപ്പിക്കും എന്നാണ്" അദ്ദേഹത്തിനാൽ സ്ഥാപിതമായ ഒരു കലാശാലയുടെ മുദ്രാവക്യങ്ങൾ. വിദ്യാഭ്യാസത്തെപ്പററി റോറിക്കിൻെറ അഭിപ്രായം ശ്രദ്ധേയമാണ്. വിദ്യാഭ്യാസം എന്നുള്ളത് സാങ്കേതികമായ കുറേ അറിവ് നൽകുക എന്നതല്ല. യഥാൎത്ഥ അദ്ധ്യാപകൻ, സംസ്കാരത്തെ ആരാ

ധിക്കുന്ന ഭക്തനാണ്. വിജ്ഞാനം എന്നതു് ആത്മീയമായും, ദേഹികമായും ഉള്ള ജീവിതത്തെ വിഗണിക്കാത്ത യാർത്ഥ്യത്തിൽ അടിയുറച്ചതാണ്.

ആദ്ധ്യാത്മിക ചൈതന്യപ്രസരം, സൌന്ദര്യാസ്വാദകശക്തമായ അന്തുകരണപ്രചോദനം, സന്മാർഗ്ഗബോധം, ആത്മവിജ്ഞാനം, വികാരപരിപൂർണ്ണത, മനോധർമ്മവൈശിഷ്ട്യം സൂക്ഷ്മനിരീക്ഷണശക്തി, സൃഷ്ടിവൈഭവം, വിചാരസ്വാതന്ത്ര്യം, എന്നിവയത്രേ പ്രതിഭാസമ്പന്നനായ റോറിക്കിന്റെ അപൂർവ്വശ്രേയസ്കരമായ കലയുടെ വിശിഷ്ടഗുണങ്ങൾ. "റോറിക്കിന്റെ കല മഹത്തായതാണ്. അതിന്റെ സ്വാതന്ത്ര്യബുദ്ധി അത്ഭുതാവഹമാണ്" എന്നാത്രേ മഹാകവി ടാഗൂർ അഭിപ്രായപ്പെട്ടിട്ടുള്ളതു്. റോറിക്കിന്റെ ഒരു ചിത്രം കാണുക എന്നുള്ളതു് ഒരു ഒരു പുതിയ ലോകം വീക്ഷിക്കുന്നതിനു തുല്യമാണ്. നവീനവും മാമൂൽ ധ്വംസകവും, ഹൃദയാവർജ്ജകവും ആയ ഒരു കലാപഥത്തിന്റെ സ്ഥാപനമാണ് റോറിക്ക്. "കല മനുഷ്യന്റെ ഹൃദയമാണ്. വിജ്ഞാനം മനുഷ്യന്റെ തലച്ചോറുമാണ്. ഹൃദയം മുഖേനയും ബുദ്ധിശക്തികൊണ്ടും മാത്രമേ മനുഷ്യന് ഐക്യതയെ പ്രാപിക്കാനും സഹോദരബുദ്ധിയോടുകൂടി വർത്തിക്കാനും സാധിക്കുകയുള്ളു" എന്നാത്രേ റോറിക്കിന്റെ അഭിമതം.



നിക്കോളാസ് റോറിക്ക്.

അദ്ദേഹത്തിന്റെ വികാരോത്തേജകങ്ങളായ ചിത്രങ്ങൾ ഭാരതവർഷത്തിന്റെ ബാഹ്യസൌന്ദര്യത്തേയും ആന്തരചൈതന്യത്തേയും ഒന്നുപോലെ പ്രദർശിപ്പിക്കുന്നവയാണ്. ഭാരതത്തിന്റെ ആർഷതേജസ്സിനെ മറ്റൊരു ചിത്രകാരനും ഇത്ര സമഗ്രമായും, തീവ്രമായും വർണ്ണത്തിലും വരയിലും പകർത്തിയിട്ടില്ല. ഉജ്ജ്വലമായ വികാരത്താൽ ദീപ്തിമത്താണ് "റോറിക്ക് ചിത്രങ്ങൾ." അല്പനേരം ഇദ്ദേഹത്തിന്റെ ഏതെങ്കിലും ഒരു ചിത്രം നാം സൂക്ഷിച്ചുനോക്കുന്നപക്ഷം അതിതീവ്രമായ വികാരത്തിന്റെ മഹനീയ സന്നിധാനത്തിലാണ് നാം സ്ഥിതിചെയ്യുന്നതെന്നുള്ള ബോധം നമ്മിൽ ഉളവാകും. റോറിക്കിന്റെ കല തത്വപ്രതിബിംബനപരവും വിജ്ഞാനഭൂയിഷ്ഠവുമാണ്. അദ്ദേഹം പ്രകൃതിയിലുള്ള വസ്തുക്കൾക്കും രൂപങ്ങൾക്കും അവാച്യവും ഗൂഢവുമായ ഒരു ബന്ധമുണ്ടെന്ന് വിശ്വസിക്കുകയും അവയിലുള്ള അജ്ഞാതമായ മഹാശക്തിയെ സൂചനാരൂപത്തിൽ, ഗൂഢാർത്ഥപുഷ്ടിയോടുകൂടി തന്റെ ചിത്രങ്ങളിൽ പ്രകാശിപ്പിക്കുകയും ചെയ്യുന്നു. അതിനാൽ റോറിക്കിന്റെ കല വിജ്ഞാനപ്രദവും വ്യംഗ്യാർത്ഥപ്രധാനവുമാണ്. ഭാവനാശക്തി, സംസ്കാരം എന്നിവയാൽ അനുഗൃഹീതരായ ഒരു ന്യൂനപക്ഷജനതയ്ക്കു മാത്രമേ അദ്ദേഹത്തിന്റെ ചിത്രങ്ങളെ പരിപൂർണ്ണമായി ആസ്വദിക്കാൻ കഴികയുള്ളു. അവഗാഹചിന്തകന്മാരെ ആനന്ദപ്പുഴയിൽ ആറാടിക്കുന്നവയാണ് അവ. മനുഷ്യഗോചരമല്ലാത്ത ഒരു ദിവ്യലോകത്തെ അവ സൃഷ്ടിക്കുന്നു. സഹൃദയന്മാരുടെ സത്വരശ്രദ്ധയെ പ്രപഞ്ചത്തിന്റെ ഗൂഢതയിലേക്കു അവ ആകർഷിക്കുന്നു. ജീവാത്മാവിന്റെ അത്യഗാധതയെ നമുക്ക് മനസ്സിലാക്കിത്തരാൻ അവ പര്യാപ്തങ്ങളാണ്. അതിസ്വതന്ത്രമായ ചിന്താഗതിയുടെ പ്രകാശപ്രവാഹമാണ് റോറിക്കിന്റെ കല. അതിന്റെ അഭിനവത്വം രമണീയമാണ്. അരക്ഷണത്തിനുള്ളിൽ പ്രേക്ഷകന്റെ കണ്ണും കരളും തന്റെ ആലേഖ്യങ്ങളിൽ കേന്ദ്രീകരിപ്പിക്കുന്നതിനുള്ള അത്ഭുതശക്തി അദ്ദേഹത്തിനുണ്ട്. മനുഷ്യജീവിതത്തെ നിയന്ത്രിക്കത്തക്ക പ്രാഭവമുള്ള അദൃശ്യവും അപരിമേയവും ആയ മഹാശക്തികളുടെ ഹൃദയസ്പൃക്കായ വിശിഷ്ടപ്രകടനങ്ങളാണ് റോറിക്കിന്റെ സംസ്കാരോദ്ദീപകങ്ങളും ഗൂഢാർത്ഥസമൃദ്ധങ്ങളും ആയ ചിത്രങ്ങൾ. "കല മനുഷ്യസമുദായത്തെ ഐക്യതയിലേക്കു നയിക്കും. എല്ലാ പരിശുദ്ധകവാടങ്ങളേയും കല തുറപ്പിക്കും. സൌന്ദര്യത്തെ സൃഷ്ടിക്കുകയാണ് ഉത്തമകലയുടെ കർമ്മം. സൌന്ദര്യത്തിൽ കൂടി നാം വിജയം പ്രാപിക്കുന്നു. സൌന്ദര്യം മുഖേന നാം ദൈവത്തെ പ്രാർത്ഥിക്കുകയും ദർശിക്കുകയും ചെയ്യുന്നു." എന്നാത്രേ ഈ തത്വ

ജ്ഞാനിയായ കലാകാമുകൻ ഉൽഘോഷിക്കുന്നതു്. ബ്രഹ്മചൈതന്യത്തിൻെറ പരമശോഭയെ സമ്പൂർണ്ണമായി ആസ്വദിച്ച്, ചിത്രകലയിൽക്കൂടി പരമസുഷമ വിതരുന്ന ധന്യനാണ് റോറിക്ക്.

അതിവിശിഷ്ടവും, അഭിനവവും, ആകർഷകവുമായ ഒരു കലാസാമ്രാജ്യത്തെ ഭൂമിയിൽ സ്ഥാപിക്കുകയാണ് ഈ മഹാപുരുഷൻ സാധിച്ചിട്ടുള്ളതു്. പ്രകൃതിയുടെ ചിത്രീകരണത്തിൽ റോറിക്ക് സുപ്രസിദ്ധ ചിത്രകാരനായ ടർണറി (Turner) നെ തന്നെയും അതിശയിക്കുന്നു. ഭൂമിയുടെയും ആകാശത്തിൻെറയും ആന്തരചൈതന്യത്തെ പ്രദർശിപ്പിക്കാൻ ഇദ്ദേഹത്തിനുള്ള പ്രാഗത്ഭ്യം അന്യാദൃശ്യമാണ്. "ആത്മീയചൈതന്യപ്രസരത്താൽ അനുഗൃഹീതമാണ് ഹിമാലയത്തിലെ സമീരണൻ" എന്നത്രേ ഈ മഹാകവി അഭിപ്രായപ്പെടുന്നതു്. ആർഷധർമ്മം ആദ്യമായി ആവിർഭവിച്ച പഞ്ചനദത്തിൽ-ഭാരതത്തിൻെറ ഹൃദയമായ പഞ്ചാബിൽ-ഉള്ള കുലു (Kulu) താഴ്വരയിൽ ഒരു ആശ്രമത്തിലാണ് ഈ ഗുരുദേവൻ നിവസിക്കുന്നതു്. പ്രകൃതിവിഭവങ്ങൾക്ക് രമണീയങ്ങളായ ഭാവങ്ങളെ പ്രദാനം ചെയ്യുന്ന ധാതാവാണ്, നിക്കോളാസ് റോറിക്ക്.

"ഞാൻ ഭാരതത്തെ സ്നേഹിക്കുന്നു, ബഹുമാനിക്കുന്നു. ഹിമാലയത്തെ വർണ്ണത്തിലും, വരയിലും പ്രകാശിപ്പിക്കുന്നതിനുള്ള മഹാഭാഗ്യം എനിക്കു സിദ്ധിച്ചിട്ടുണ്ടു്" എന്നാണ് റോറിക്ക് അഭിമാനപൂർവ്വം പറയുന്നതു്. ഒരവസരത്തിൽ റോറിക്കിനോട് ഒരാൾ "പൌരസ്ത്യപാശ്ചാത്യദേശങ്ങൾ തമ്മിലുള്ള സാമ്യം എന്താണ്?" എന്നു ചോദിച്ചു. സുസ്മേരവദനനായി റോറിക്ക് പ്രതിവചിച്ചു. "പൌരസ്ത്യദേശങ്ങളിലും പാശ്ചാത്യരാജ്യങ്ങളിലും ഉള്ള ഗുണമേറിയ റോസാപുഷ്പങ്ങൾ ഒന്നുപോലെ സൌരഭ്യമുള്ളവയാണ്."

ഫെയിഡിയാസ് (Pheidias) ദൈവികലാവണ്യത്തേയും ഗിയാട്ടോ (Giotto) ആത്മചൈതന്യത്തേയും, ചിത്രീകരിക്കുന്നതിൽ അനശ്വരയശസ്സാർജ്ജിച്ച കലാകാരന്മാരാണ്. എന്നാൽ ബ്രഹ്മാണ്ഡതേജസ്സിനെ പ്രദർശിപ്പിക്കുന്നതിലത്രെ റോറിക്കിൻെറ ബുദ്ധിവൈഭവം. ഒരു നവയുഗത്തിൻെറ പ്രവാചകനും, വ്യാഖ്യാതാവുമാണ് റോറിക്ക്. അദ്ദേഹത്തിൻെറ കലശാസ്ത്രത്തേയും മതത്തേയും സംയോജിപ്പിക്കുന്നു. ഫെയിഡിയാസ്, എസ്സ്ക്കിലസ്സിനോടും (Aeschylus), ഗിയാട്ടോ ഡാൻറിയോടും (Dante) റോറിക്ക് ഗീഥേ (Goethe) യോടും സാദൃശ്യം വഹിക്കുന്നു. ഗീഥേ, കാവ്യങ്ങൾ മുഖേന സംസ്ക്കാരത്തെ വർദ്ധനമാക്കുന്നു. ഐക്യതആണ് റോറാക്കിൻെറ കലയുടെ മൌലികതത്വം. അദ്ദേഹം ആത്മാവിലും വപുസ്സിലും ഉള്ള ഐക്യതയെ ദർശിക്കുന്നു. ലിയാണോ ഡി. വിൻസി (Leono de Vinci) റെംബ്രാൻറ് (Rembrandt) ഡ്യൂറർ (Durer) ബ്ളേക്ക് (Blake), എന്നീ വിശ്വവിശ്രുതന്മാരായ കലാകാരന്മാരുടെ ഗണനാപ്രസംഗത്തിൽ മാത്രമേ റോറിക്കിനെ ഉൾപ്പെടുത്താൻ പാടുള്ളു. ശാസ്ത്രീയലോകത്തിൽ എയിൻസ്റ്റിനും (Einvstein) വ്യവസായലോകത്തിൽ ഫോർഡിനും (Ford) ഉള്ള സ്ഥാനമാണ് റോറിക്കിന് കലാസാമ്രാജ്യത്തിൽ ഉള്ളതു്. "ശ്രീമഹാവജ്റഭൈരവതന്ത്രം" എന്നൊരു പ്രാചീന ഹൈന്ദവഗ്രന്ഥത്തിൽ യഥാർത്ഥകലാകൃത്തിനെപ്പററി ഇപ്രകാരം ഒരു നിർവ്വചനം ഉണ്ടു്. "ചിത്രകാരൻ പരിപാവനമായ ഹൃദയമുള്ളവനായിരിക്കണം. അലസനും, കോപിഷ്ഠനും, സ്വാർത്ഥതൽപരനും, ദുരാഗ്രഹിയും ആയിരിക്കരുതു്. പ്രത്യുത, കലാകാരൻ പണ്ഡിതനും, പരിശുദ്ധനും, ഭക്തനും, ധർമ്മിഷ്ഠനും ആത്മസംയമനം ഉള്ള സഹൃദയനും ആയിരിക്കണം." കർമ്മയോഗിയായ റോറിക്കിനെ സംബന്ധിച്ചിടത്തോളം ഈ മഹൽ നിർവ്വചനം അക്ഷരം പ്രതി അന്വർത്ഥമാണ്.

റേഡിയോയുഗം.

ലോകത്തിലുണ്ടാകുവാൻ പോകുന്ന അൽഭുത പരിവർത്തനങ്ങൾ.

(സി. കെ. കെ. ഷാ)

നാം ഇന്നു ജീവിക്കുന്നതു "റേഡിയോ യുഗ"ത്തിലാണ് എന്നു പറയുന്നതിൽ ഒട്ടും തന്നെ അസാംഗത്യമില്ല. കഴിഞ്ഞ ൫൦ കൊല്ലങ്ങളിലായി വ്യവസായികമായും വ്യാപാരസംബന്ധമായും റേഡിയോയെ പരാമർശിക്കുന്ന കണ്ടുപിടുത്തങ്ങൾക്കുള്ള സ്ഥാനം മികച്ചതാണ്. പതിനേഴാം നൂററാണ്ടിനു ശേഷമാണ് റേഡിയോ സംബന്ധിച്ച പഠനം ആരംഭിച്ചതു്. വളരെ വേഗം അതു മനുഷ്യൻെറ പ്രവൎത്തനങ്ങളിലും അവൻ ജീവിക്കുന്ന പരിതസ്ഥിതികളിലും ഒരു പരിവൎത്തനം ഉളവാക്കി. അവൻെറ ആരോഗ്യത്തിനും വിശ്രമസമയത്തിലെ ഉല്ലാസത്തിനും വിജ്ഞാനലാഭത്തിനും അതു ഏററം ഉപകാരപ്രദമായിത്തീൎന്നു.

ആസ്ട്രേലിയൻ ഫിസിക്കൽ സൊസൈററി മുമ്പാകെ പ്രൊഫസർ കോവാറിസിക്ക് (Kovarizik) റേഡിയോ മൂലം പാചകം ചെയ്യാമെന്നു തെളിയിച്ചു. അദ്ദേഹം ഒരു കഷണം മാട്ടിറച്ചി എടുത്തു വെള്ളത്തിലിട്ടിട്ട് റേഡിയോ തരംഗങ്ങൾ അതിലേക്കു ഉന്നായിച്ചു. കുറച്ചു മിനിട്ടുകൾക്കകം അതു ആഹാരയോഗ്യമായിത്തീൎന്നു. വെള്ളത്തിന് ചൂടു കൂടുകയോ വ്യത്യാസപ്പെടുകയോ ചെയ്തിരുന്നില്ല. ഇപ്രകാരം അദ്ദേഹം ചായയും തിളപ്പിച്ചു.

ഇന്നു റേഡിയോ അതിൻെറ ശൈശവാവസ്ഥയിൽ സ്ഥിതിചെയ്യുന്നതേയുള്ളു. എല്ലാ ഗൃഹങ്ങളിലും റേഡിയോ സ്ഥാപിതമാകുന്ന കാലം വളരെ ആസന്നമായിരിക്കുന്നു. ഇന്നത്തെ ഗൃഹനാഥയുടെ കൃത്യങ്ങൾ റേഡിയോ ലഘൂകരിക്കുമെന്നുള്ളതിനു സംശയമില്ല. പാചകശാലയുടെ ശുചിത്വത്തിനും ആഹാരസാധനങ്ങളുടെ ശരിയായ സൂക്ഷിപ്പിനും അതു സഹായമായിരിക്കും. റേഡിയോ, കമ്പി കൂടാതെ നമ്മുടെ ഗൃഹങ്ങളെ പ്രകാശമാനമാക്കും; കച്ചേരികളിലും വ്യവസായശാലകളിലും മുറിയിലെ കാലാവസ്ഥയെ നിയന്ത്രിക്കും. അങ്ങനെയൊരു കാലം വരും.

ലോകത്തിൽ ൬൦ ശതമാനം ആളുകളും കൃഷികൊണ്ടു് ഉപജീവിക്കുന്നവരാണ്. സൂൎയ്യപ്രകാശത്താൽ ഇംഗാലാമ്ള

ത്തേയും ജലത്തേയും സസ്യങ്ങൾക്കു് ആഹാരസാധനമായി രൂപാന്തരപ്പെടുന്നതിലാണു് കൃഷിയുടെ അഭിവൃദ്ധി സ്ഥിതിചെയ്യുന്നതു്. മഴയുടെ വിരളതയാലും കിളികളുടേയും പുഴുക്കളുടേയും ഉപദ്രവങ്ങളാലും കർഷകർ വളരെ ദുരിതം അനുഭവിക്കുന്നുണ്ടു്. റേഡിയോ ഇതിനെല്ലാം ഒരു പരിഹാരം കണ്ടുപിടിച്ചിട്ടുണ്ടു്. ഹാർട്ടു് (Hart) എന്ന ശാസ്ത്രജ്ഞൻ റേഡിയോയുടെ ലഘുതരംഗങ്ങൾ (Short-waves) ബീജം മുളയ്ക്കുന്നതിനും സസ്യങ്ങളുടെ ജീവിതപുരോഗതി വർദ്ധിക്കുന്നതിനും ഉപയോഗപ്രദമായി വർത്തിക്കുന്നുണ്ടെന്നു് അഭിപ്രായപ്പെടുന്നു. കൂടാതെ റേഡിയോ തരംഗങ്ങൾ ചെടികൾക്കു നാശകരങ്ങളായ അണുക്കളെ നശിപ്പിക്കുമെന്നു് പ്രൊഫസർ ആർ. എച്ചു് ചാഡ്ഫീൽഡ് (Chadfield) സ്ഥാപിക്കുന്നു. വൈദ്യുതശക്തിയെ റേഡിയോ മുഖാന്തിരം അതിദൂരം പ്രക്ഷേപണം ചെയ്തു് നവീന ഉഴവുയന്ത്രങ്ങളേയും കൊയ്ത്തു യന്ത്രങ്ങളേയും പ്രവർത്തിപ്പിക്കുവാൻ സാധിക്കുന്നു. വെള്ളം പായിക്കുന്ന പമ്പുകളും ഇപ്രകാരം പ്രവർത്തിപ്പിക്കാവുന്നതാണു്. കാലിഫോർണിയായിൽ അഞ്ചു വലിയ തോട്ടങ്ങളിൽ റേഡിയോ ശക്തി ഉപയോഗപ്പെടുത്തിവരുന്നു.

ഇനിയും ഭാവിയിലെ ഗതാഗതത്തെപ്പററി ചിന്തിക്കാം. വാഹനങ്ങളിൽ വൈദ്യുതയന്ത്രങ്ങൾ ഘടിപ്പിച്ചിരിക്കും. റേഡിയോ സ്റ്റേഷനിലെ തരംഗവീചികളുടെ ചലനവേഗം അനുസരിച്ചു യന്ത്രം പ്രവർത്തിയ്ക്കുന്നതോടേ വണ്ടികൾക്കു് ഓടുന്നതിനുള്ള ശക്തി ലഭിച്ചുകഴിയുന്നു. സാൻറാഫെ റെയിൽവേക്കാർ ഇതു സാധ്യമാണെന്നു കാണിച്ചു കഴിഞ്ഞിരിക്കുന്നു. കാലിഫോർണിയായിൽനിന്നു പ്രക്ഷേപണം ചെയ്യപ്പെടുന്ന റേഡിയോ ശക്തികൊണ്ടു് ബോയ്സ് നഗരത്തിലെ റെയിൽ വണ്ടികൾ ഓടുന്നു. ഭാവിയിൽ ഗതാഗതനിയന്ത്രണം പോലും റേഡിയോ മുഖാന്തിരം നിർവ്വഹിക്കപ്പെടുന്നതാണു്.

രോഗനിവാരണത്തിലും റേഡിയോയിക്കു സ്ഥാനമുണ്ടു്. പ്രൊഫസർ എൽഹോപ്‌വുണ്ടു് റേഡിയോതരംഗങ്ങൾകൊണ്ടു് കവിൾ വാപ്പു് ഭേദപ്പെടുത്താമെന്നു ൧൯൩൩-ൽ കാണിക്കുകയുണ്ടായി. ഹൃദയസംബന്ധമായ പല സുഖക്കേടുകളും അപസ്മാരവും കണ്ടുപിടിക്കുന്നതിനും ഭേദപ്പെടുത്തുന്നതിനും റേഡിയോ തരംഗങ്ങൾ സഹായിക്കുന്നുണ്ടെന്നു് ഫെ്ളക്സിഷ്‌വാൻമാറോ എന്ന ജർമ്മൻ ശാസ്ത്രജ്ഞൻ പ്രസ്താവിക്കുന്നു.

ചതി, വ്യാജം, കവർച്ച മുതലായവയ്ക്കു പരിഹാരം കണ്ടെത്തുന്നതിനു റേഡിയോയിയ്ക്കുള്ള സാധ്യത അപാരമാണു്. പ്രൊഫസർ കീൻവുഡിന്റെ അപായസൂചകയന്ത്രം ഇവിടെ പ്രത്യേകം പ്രസ്താവ്യമാണു്. പ്രസ്തുതയന്ത്രത്തിൽ ഘടിപ്പിച്ചിട്ടുള്ള ഒരു കമ്പിയുടെ സമീപത്തുകൂടി ഏതെങ്കിലും കവർച്ചക്കാരൻ കടന്നുകഴിഞ്ഞാൽ അതിൽ നിന്നു് വമിക്കപ്പെടുന്ന "റേഡിയോ തലം" (Radio field) നിർമ്മാജ്ജനം ചെയ്യപ്പെടുകയും അപായമണി മുടങ്ങപ്പെടുകയും ചെയ്യും. വിഷവായുവിൽനിന്നു മനുഷ്യനെ രക്ഷിക്കാൻ റേഡിയോ മുഖാന്തിരം കഴിയുമെന്നു് പ്രൊഫസർ ആന്തണി അഭിപ്രായപ്പെടുന്നു. രക്തസമ്മർദ്ദത്തെ പരീക്ഷിച്ചു് ഒരുവൻ കുററക്കാരനാണോ അല്ലയോ എന്നു തെളിയിക്കുന്ന പോളിഗ്രാഫ് എന്ന യന്ത്രം റേഡിയോയുടെ സിദ്ധാന്തത്തിലാണു് പ്രവർത്തിക്കുന്നതു്. ൧൦൦ അടി ആഴത്തിൽ ഏതു മറവിലുള്ള വസ്തുക്കളേയും കണ്ടുപിടിക്കാൻ ഉപകരിക്കുന്ന മെററാലോ സ്കോപ്പു് എന്ന യന്ത്രം റേഡിയോയുടെ മഹാശക്തിയെ തെളിയിക്കുകയാണു് ചെയ്യുന്നതു്. അതു കണ്ടുപിടിച്ചതു് കാലിഫോർണിയായിലെ ഡാക്ടർ ഫിഷർ ആണു്.

ദൂരെയുള്ള വസ്തുക്കളെ നമ്മുടെ കൺമുമ്പാകെ പതിപ്പിക്കാൻ പര്യാപ്തമായ ടെലിവിഷൻ ആരെയാണു് അത്ഭുതാധീനരാക്കാത്തതു്. നിങ്ങൾ എത്രായിരം മൈൽ അകലെ ഇരുന്നാലും വേണമെന്നു തോന്നിയാൽ നിങ്ങളുടെ പ്രേയസിയുമായി സംസാരിക്കാം. അവരുടെ രൂപവും അംഗവിക്ഷേപങ്ങളും നിങ്ങൾക്കു കാണാം. ഇന്നത്തെ ലോകം റേഡിയോ യുഗത്തിലേക്കു പ്രവേശിക്കുന്നു. ഭാവിയിൽ റേഡിയോ നമ്മുടെ സർവ്വപ്രവൃത്തിയേയും നിയന്ത്രിക്കും

പൂമാല.

ഒന്നാന്തരം ചെറുകഥകൾ.

വില ൩ ണ.

കേരളപബ്ളിഷിംഗ് കമ്പനി.

പുളിക്കീഴ്—തിരുവല്ലാ.

ത്യാഗഭൂമി.

(കെ. എം. തേവര)

ആ വഴിവക്കിലെ മേടയിൽ സ്വച്ഛന്ദ
ജീവിതമാണു നയിപ്പതാമോഹിനി
അപ്രഭാതത്തിലഗ്ഗാനമാരാമലെ-
ച്ചുപ്രപഞ്ചത്തിൽനിന്നെത്തിച്ചുവാതലിൽ
സ്വച്ഛമാമായിരമായിരം കണ്ടങ്ങ-
ളുള്ളൊരുഗാനച്ചുരടിൽ തൊട്ടക്കവേ
പാരതന്ത്ര്യത്തിനാൽ പാരം തപിച്ചതാം
ഭാരതമാതാവിൻ ഗർഭം കുളർത്തുപോയ്!
ആത്മാഭിമാനം തുളുമ്പിനിന്നീടുമൊ-
രാത്മസല്ലാപമാണക്കൊച്ചുഗീതകം
പാതയിലേയ്ക്കുവള്ളത്സുകസ്വാന്തയായ്
സാദരം നോക്കിനാൾ കോൾമയിർകൊള്ളു
ശ്വേതമാം ഖാദിധരിച്ചനേകായിരം (വേ:
സ്വാതന്ത്ര്യോപാസകർ പോകയാണാവഴി
എന്തുശിക്ഷാക്രമ, മക്രമരാഹിത്യ-
മെന്തുമനോജ്ഞമക്കാൽവയ്പുകളുടെയും
അംബരാദ്ധ്വാവിലെ വെള്ളിമേഘത്തിനാ
ഡംബരമാണവർ മന്ദം ചരിക്കവേ.
പാറിപ്പറക്കുമശ് ശ്രീമൽപതാകകൾ
പോല വരക്കാത്മചൈതന്യം ചലിക്കവേ,
പിൻറാക്ഷണത്തിലാ "ത്യാഗ ഭൂമി"ക്കവൾ
പൈററാ സന്താനമായ് കാപ്പുകെട്ടീടിനാൾ
കാമ്യമാം മോചനം കാംക്ഷിച്ചുകാംക്ഷിച്ചു
കാലം കഴിക്കുന്ന മാതാവിനിപ്പൊഴേ
യാഗമേഷങ്ങളായ് തീരുവാൻ നമ്മൾക്കു
യോഗമുണ്ടാകുകിൽ ഭാരതമക്കൾ നാം.
ഏകലക്ഷ്യത്തിലേയ്ക്കേകമനസ്കരായ്
പോകുമാലക്ഷം സഹോദരന്മാരുടെ
ധീരമാണെങ്കിലും ശാന്തമായ് വയ്ക്കുന്ന
താരണിതൃപ്പദമോരോന്നിലൂടെയും
ഓരോരടി നമ്മൾ മുക്തിപദത്തിലേ-
യ്ക്കോടിയടുക്കുകയാണെന്നതോർക്കുവിൻ.

ആത്മപ്രകാശിനി.

വർഗ്ഗീയചിന്ത കൂടാതെ, വേദപഠനത്തിനും, ആത്മീകചിന്തയ്ക്കും പ്രായോഗിക ക്രിസ്തീയജീവിതത്തിനും ഏവരേയും സഹായിക്കുന്ന ഒരുത്തമ മാസിക. കേരളത്തിലെ പല മഹാന്മാർ ഇതിൽ ലേഖനങ്ങൾ എഴുതിവരുന്നു.

വരിസംഖ്യ മുൻകൂർ ഒന്നേകാൽ രൂപാ

മാനേജിംഗ് എഡിററർ,

പുത്തൻകാവു്—ചെങ്ങന്നൂർ.

മിസ്റ്ററിക്കിന്റെ ഭാര്യ.

ഏകാങ്കനാടകം

(കൊട്ടാരം, ഈ. കെ. നമ്പൂതിരി)

(വീട്ടിന്റെ പിൻവശത്തുള്ള വരാന്തയിൽ ഒരു കസാലയിൽ ഇരുന്ന്, കെ. എസ്സ്. ദാസ് എഴുതുന്നു. ഭാര്യ മാലതി ഭിത്തിയിൽ ചാരി നിൽക്കുന്നു.)

കെ. എസ്സ്. ദാസ്:—അമ്മൂ, നീ ഒരു ആരാമമാണ്.

മാലതി:—അല്ല, ഞാൻ ഒരു സ്ത്രീയാണ്.

കെ. എസ്:—അങ്ങിനെയല്ല തങ്കം! നീ, നിരവധി കോമളകുസുമകുഡ്മളങ്ങളുടെ ഒരു സമ്പൂർണ്ണസമാഹാരമാണ്.

മാല:—ഉം......ചുമ്മാതിരിക്കണം. ഞാൻ ഒരു കോമാളിയുടേയും തോന്നിയവാസത്തിനു നടക്കുന്നവളല്ല.

കെ. എസ്:—(ആത്മഗതം) കഷ്ടം! എന്റെ സാഹിത്യസുധ ആസ്വദിക്കാൻ തക്ക ഒരു ഹൃദയം—എന്റെ നിസർഗ്ഗസുന്ദരമായ കഥാമധു നുകരാനുള്ള സഹൃദയത്വം ഇവൾക്കില്ലാതെ പോയല്ലോ. (വെളിവായി) മാലതീ! നീ, നിത്യതയുടെ നിലാവെളിച്ചമാണ്; സത്യത്തിന്റെ സാക്ഷാൽക്കാരമാണ്; വരൂ, എന്റെ അങ്കതലത്തിൽ ഇരിക്കുക! എന്നെ ആനന്ദത്തിന്റെ അന്തരീക്ഷത്തിലേക്കു ഉയർത്തിവിടുക.

മാല:—എനിക്കിതൊന്നും കേൾക്കണ്ട, തങ്കപ്പൻ ഉണരുമ്പം "ചോറേ" എന്നു പറഞ്ഞു കരഞ്ഞു തുടങ്ങും. ഞാനെവിടുന്നു ചോറുണ്ടാക്കാനാ......നിങ്ങൾ കഞ്ഞിവെള്ളംപോലും കുടിക്കാതെ കുനിക്കുത്തിയിരുന്നെഴുതിക്കൊള്ളും—എനിക്കും കുഞ്ഞിനും അതു വയ്യ. (മൂക്കേൽ വിരൽ വച്ചുകൊണ്ട്) ഇന്നത്തെ അത്താഴത്തിനു അരിയില്ലെന്നു പറഞ്ഞപ്പം പറയുന്ന കേട്ടില്ലേ "സത്യത്തിന്റെ സാക്ഷിയാണ്, നിത്യതയുടെ നിലയാണെന്നൊക്കെ" ഈ എഴുത്തുകുത്ത് എന്നു തുടങ്ങിയോ, അന്നു മുതൽ "വീട്" എന്നൊരു വിചാരമേ ഇല്ല! ഇങ്ങനെയായാ നന്നെപ്പൊറുക്കാം.

കെ. എസ്സ്:— "ദാരിദ്ര്യത്തിന്റെ കനത്ത കതിരുകൾ നമ്മുടെ കവാടത്തിൽ മാത്രമല്ല, കാലെടുത്തു കുത്തിയിരിക്കുന്നതു്."

മാല:—തുടങ്ങിയെല്ലോ,— സാഹിത്യം—എന്തോ പറഞ്ഞാലും സാഹിത്യം ഉം—ഇതു കേട്ടു കേട്ടു മുഷിഞ്ഞു. ദയവു ചെയ്ത് നിങ്ങളുടെ സാഹിത്യം കൊണ്ടുകളയാമോ......?

കെ. എസ്സ്:—സാഹിത്യം, അതു്, സഹൃദയാഹ്ലാദകരമാണ്. കദനസാഗരം താണ്ടുന്നതിനുള്ള കടത്തുതോണിയാണ്.

മാല:—അതേ കരത്തിനു പാറോത്തിയാരു വന്നേച്ചു പോയി. ഇനിയും അങ്ങേരു നാളെ വന്ന് വീട്ടിലുള്ള ചട്ടീം കലോം കൂടെ പെറുക്കിക്കൊണ്ടു പോമെന്നാ പറഞ്ഞതു്. നിങ്ങൾ സാഹിത്യവും കൊണ്ടിവിടിരുന്നോ.

കെ. എസ്സ്.—തങ്കം! നിന്റെ തേനോലുന്ന വാക്കുകളെല്ലാം ഹാസ്യത്തിൽ കലൻപോയോ? നിന്റെ പാലോലുന്ന പുഞ്ചിരി പാൽക്കടലിൽ മറഞ്ഞുപോയോ?

മാല:—കുടിക്കാൻ കഞ്ഞിയില്ല. കിടക്കാൻ കുടിലില്ല. ഉടുക്കാൻ തുണിയില്ല. എന്നിട്ടും ഇരിക്കുന്നതു കണ്ടില്ലേ? നിങ്ങളാപേനായും കടലാസും എടുത്തുകളഞ്ഞിട്ട്, ഒന്നുകിൽ പത്തുപറ പാട്ടക്കണ്ടം കൃഷി ചെയ്യ്. അല്ലെങ്കിൽ ഒരു കച്ചവടം തുടങ്ങ്.

കെ. എസ്സ്:—കൃഷി, കച്ചവടം ഈ രണ്ടാണ് ഇന്നത്തെ മാനവസമുദായത്തെ അഭിവൃദ്ധിയുടെ ആകാരത്തിൽ കൊണ്ടുവന്നു് താമസിപ്പിച്ചതു്. ആ രണ്ടു കവിതകളാണ് ഇന്നു മനുഷ്യനു മധു നൽകുന്നതു്. അതു് സാഹിത്യവുമായി തുലനം ചെയ്തു നോക്കുമ്പോൾ എത്ര തുച്ഛം? "തങ്കം! ആ തങ്കകളേബരം—ആ കുളിരിളം തളിർമേനി, ആ വടക്കേ, കോമളനീരാഴിക്കു ഒന്നു നിവേദിച്ചിട്ടു വരൂ! ആ നീരാഴി അലകളാകുന്ന തോഴികളെക്കൊണ്ടു്; നിന്റെ കളേബരത്തിലെ മാലിന്യത്തെ തുടച്ചുകളയൂ. അപ്പോൾ നീ, അനഘവും, അമലവും, സഫലവുമായ ഒരു തരുണിത്താമര......"

മാല:—അയ്യോ! നിങ്ങൾക്കു ഭ്രാന്താണോ? തങ്കപ്പൻ ഉണരുന്നെന്നാ തോന്നുന്നതു്. അവൻ ഇപ്പോൾ കരഞ്ഞു തുടങ്ങും.

കെ. എസ്സ്:—അവന്റെ കരച്ചിൽ എന്റെ കാതിനു സംഗീതമാണ്. കരളിനു കനകാഭിഷേകമാണ്.

മാല:—നിങ്ങൾക്കങ്ങിനെ പറയാം. കുഞ്ഞു കരഞ്ഞാൽ എനിക്കു് കേൾക്കാൻ കരുത്തില്ല. ദൈവമെ! നേരം സന്ധ്യയാകാറായി. ഇന്നിതേവരെ ഞാൻ ജലപാനം കഴിച്ചിട്ടില്ല. പഴങ്കഞ്ഞീന്നു രണ്ടു പറെറടുത്തു വച്ചിരുന്നതാണ് തങ്കപ്പനു ഉച്ചക്കു കൊടുത്തതു്. ഉണർന്നാലവനുണ്ണണം. എന്തു ചെയ്യാനാ......?

കെ. എസ്സ്:—അതേ സന്ധ്യാരാഗസിന്ദൂരസുന്ദരമായ പശ്ചിമദിഗ്നാരിയുടെ വദനാരവിന്ദം എത്ര സുകുമാരം, സുമോഹനം, ഹാ!--തങ്കം!-- അതാ ആ മേഘങ്ങൾ തമ്മിൽ കെട്ടിപ്പിടിച്ച് നിർവൃതി നേടുന്നു. ആ കപോലങ്ങൾ തമ്മിൽ ചുംബിക്കുന്നു......എത്ര മനോഹരമായ കാഴ്ച! ആരുടെ ഹൃദയമാണ് ഈ പ്രകൃതിരാമണീയകത്തിൽ മുങ്ങിമയങ്ങിപ്പോകാത്തതു്?.!!

മാല:—എനിക്കിതൊന്നും കേക്കണ്ട. നിങ്ങൾ അവിടിരുന്ന് ഭ്രാന്തു പിടിച്ചു! ഹാ! ഇന്ന് അത്താഴം അങ്ങിനെ തന്നെ......അവിടെത്തന്നെ ഇരുന്നോണ്ടാ മതി! ഈശ്വരാ എന്റെ 'വിധി' ഇങ്ങനെ യായല്ലോ...... (ഗൗരവസ്വരത്തിൽ) ഒന്നും അന്വേഷിച്ചുതരാൻ വയ്യായെങ്കിൽ പിന്നെ എന്തിനാ എന്നെ കെട്ടിവലിച്ചോണ്ടുവന്നെ..."? അതും പോരാ കൊച്ചും ഒന്നാ......" ഇനിയെങ്കിലും എന്നെ വീട്ടിൽ കൊണ്ടു വിട്ടേച്ചാ മതി!

കെ. എസ്സ്:--"പ്രിയേ! മാലതീ! ഞാൻ "വിധിയുടെ വിധി" എന്നു പറഞ്ഞു് ഭാഷാപോഷിണിയിൽ എഴുതിയിരുന്ന ഒരു സുന്ദരമായ ചെറുകഥ കണ്ടോ? അതിൽ ഇന്നത്തെ ലോകത്തെ ശരിയായി ചിത്രീകരിച്ചിട്ടുണ്ടായിരുന്നു."

മാല:—ഞാൻ നിങ്ങടെ ചെറുകഥേം, കണ്ടില്ല; പിറുക്കഥേം കണ്ടില്ല. എനിക്കിതൊന്നും കേൾക്കണ്ടാ. എങ്കിലും നോയിക്കോണം അത്താഴത്തിനു അരിയില്ലെന്നു പറഞ്ഞിട്ട്, അക്കാര്യത്തെക്കുറിച്ച് മിണ്ടാനേ ഭാവമില്ല ചുമ്മാതെ പട്ടിണിയിരുന്നോണ്ടാ മതി.......

(അയാൾ പിന്നെയും ഇരുന്നെഴുതുന്നു. മാലതി ദേഷ്യപ്പെട്ടുപോകുന്നു.)

(കർട്ടൻ)

രംഗം ൨.

(അടുക്കളമുറി. ഉമ്മരപ്പടിയിൽ താടിക്കു കയ്യുംകുത്തി മാലതി ഇരിക്കുന്നു. തങ്കപ്പൻ കുണ്ണുതിരുമ്മികൊണ്ടു് പ്രവേശിക്കുന്നു)

തങ്കപ്പൻ:—"മ്മാ! ചോയ്. മ്മാ! ചോയ്. ഉമ്മീമ്മിൻ ചോയ്. മ്മാ! ചോയ്".

മാലതി:—കുഞ്ഞിനിപ്പം അമ്മ ചോറുതരാം. കുഞ്ഞു് അപ്പുറത്തു് അച്ഛൻറടുക്കൽ ചെന്നിരിക്കു്. ഇപ്പം ചോറുതരും.

തങ്ക:—അമ്മേ! വയറുവെക്കുന്നു. ചോയ്. ഉമ്മീമ്മിൻ. അച്ച തല്ലും. ചോയ്.

മാല:—ഇല്ല കുഞ്ഞേ! അച്ഛൻ തല്ലത്തില്ല. അങ്ങോട്ടുചെല്ലു്. (തങ്കപ്പൻ പോകുന്നു. അടുത്തുള്ള വീട്ടിലെ മാധവൻ പ്രവേശിക്കുന്നു—പ്രായം ൨൨ വയസ്സ്. ഖദർ മുണ്ടും, ഷർട്ടും, ഷാളും)

മാധവൻ:—ഉണ്ടോ? മിസ്റ്റർ, മിസ്റ്റിക്കു് ഇവിടെ?

മാലതി:—ഉണ്ടു്. എന്താ?

മാധ:—എനിക്കും ഒരു സാഹിത്യകാരനായാൽ കൊള്ളാമെന്നുണ്ടു്. അതിന്റെ പണികളെല്ലാം ഒന്നു പഠിക്കണ്ണൊത്തട്ടെ, ചേച്ചി, അദ്ദേഹം ഇത്രവലിയ എഴുത്തുകാരനായതെങ്ങിനെ എന്നറിയാമോ?

മാലതി:—(അല്പം ആലോചിച്ചിട്ടു്) അറിയാം നിങ്ങൾ സി. വി. രാമൻപിള്ള എന്നൊരു വലിയ മഹാനെ കേട്ടിട്ടുണ്ടോ?

മാധ:—ഓഹോ, കേട്ടിട്ടുണ്ടു്.

മാല:—അദ്ദേഹം എഴുതിക്കൊണ്ടിരുന്ന പേന ഇദ്ദേഹം വലിയവിലകൊടുത്തു വാങ്ങിച്ചു. ആ പേന വാങ്ങിച്ച ദിവസം മുതൽ എഴുത്തും തുടങ്ങി. ഇപ്പോൾ എഴുത്തു തന്നെ എഴുത്തു്.

മാധ:—ഓഹോ, അങ്ങിനെ ആണോ?

മാല:—അതെ, അതെ,

മാധ:—ആകട്ടെ അദ്ദേഹം ആ പേനാ വിൽക്കുമോ?

മാല:—(അല്പം ചിന്തിച്ചിട്ടു്) വിൽക്കുമെന്നു തോന്നുന്നില്ല. നിങ്ങൾക്കു് എഴുത്തുകാരനാകണമെങ്കിൽ അദ്ദേഹത്തിന്റെ പേനാ വാങ്ങിച്ചാമതി. ഈ പേനാതന്നെ; 'സി. വി." അദ്ദേഹത്തിനു മുമ്പുള്ള ഒരെഴുത്തുകാരനോടു വാങ്ങിച്ചതാപോലും.

മാധ:—ചേച്ചി, ആ പേനാ വാങ്ങിച്ചു തരാമോ? ഞാൻ നല്ല വിലതരാം. ചേച്ചിക്കു് ഒരു പ്രസന്റും.

മാല:—അദ്ദേഹം അതു തരുമെന്നു തോന്നുന്നില്ല. ഏതായാലും ഞാനൊന്നു ശ്രമിച്ചുനോക്കാം. നിങ്ങൾ ഇവിടെ നിൽക്കണം ഞാൻ അദ്ദേഹത്തോടു ചോദിച്ചിട്ടു വരാം.

മാധ:—എങ്ങിനെയായാലും ചേച്ചി തന്നെ അക്കാര്യം സാധിക്കണം. എന്നാൽ ചേച്ചിക്കു്, എന്റെ പ്രസന്റായി പത്തുരൂപാ കിട്ടും എനിക്കു് ഒരു എഴുത്തുകാരനാകുകയും ചെയ്യാം.

(മാലതി പുഞ്ചിരിയോടുകൂടി അവിടെനിന്നു പോകുന്നു)

(കർട്ടൻ)

രംഗം ൩

കെ. എസ്സ്. ദാസ് എഴുതിക്കൊണ്ടിരിക്കുന്നു. തങ്കപ്പൻ, കണ്ണുതിരുമ്മികൊണ്ടു പ്രവേശിക്കുന്നു.)

തങ്കപ്പൻ:—ച്ഛാ, ചോയ് ഉമ്മീമ്മിൻ, ചോയ്, അമ്മ: ചോയ്, ഇല്ല, ച്ഛാ, ചോയ്.

കെ. എസ്സ്:—പോടാ അവിടുന്നു്. എടീ, മാലതി!, ഈ കുന്തത്തിനെ അങ്ങോട്ടു വിളിക്കെടീ, ഞാൻ പറഞ്ഞിട്ടില്ലേ ഇവനെ ഇങ്ങോട്ടു്, തള്ളിവിട്ടു് എന്നെ ഉപദ്രവത്തിന്റെ ഉപരിതലത്തിലേക്കു അയക്കരുതെന്നു്."

തങ്ക:—അച്ച, ചോയ്, ഉമ്മീമ്മിൻ അമ്മ

കെ. എസ്സ്:—കുഞ്ഞിനെ വിളിയെടീ, അങ്ങോട്ടു്; പൂവിന്റെ പരിമളം കളയുന്ന കരുക്കൾ, മന്ദമാരുതൻ മാലിന്യം കലത്തുന്ന മലർമൊഴി.

(മാലതി പ്രവേശിക്കുന്നു. കുട്ടി, അങ്ങോട്ടുതിരിഞ്ഞു.)

തങ്ക:—ച്ഛാ പിച്ചി, അമ്മേ! ചോയ്. (മാലതി കുഞ്ഞിനെ എടുത്തുകൊണ്ടു് അയാളുടെ സമീപത്തു ചെന്നുനിന്നു)

മാലതി:—പിന്നേ, ഒരു ലാക്കു വന്നിരിക്കുന്നു. നിങ്ങൾ വെറുത്തുപറയുരുതു്

കെ. എസ്സ്:—സ്വർഗ്ഗത്തിലെ കട്ടുറുമ്പേ! സാഹിത്യവുമായി ഒന്നു സല്ലപിക്കാമെന്നു വിചാരിച്ചപ്പോൾ വന്നു കയറിയിരിക്കുന്നു. നിരാശയുടെ നിമ്നഗ.

മാല:—"ഞാൻ ഒരു കാര്യം പറയാം നിങ്ങളുടെ സാഹിത്യമൊന്നും പറയാതിരിക്കാമെങ്കിൽ......"

കെ. എസ്സ്:—വേഗം വിളമ്പു, എന്താണു്, പുതിയവാർത്താവാർത്തപ്പം?

മാല:—മണിമംഗലത്തെ മാധവൻ വെളിയിൽ വന്നുനിൽക്കുന്നു. അവനോടു് ഞാൻ ചില കള്ളങ്ങൾ തട്ടിവിട്ടിട്ടുണ്ടു്. ഈ പേനാ അവനു കൊടുക്കാമെങ്കിൽ അവൻ, ൧൦൦ രൂപാ തരാമെന്നു്. അതുകൊണ്ടു്, ദൈവത്തെ വിചാരിച്ചു്; ഈ തങ്കപ്പന്റെ കരച്ചിലിനെ വിചാരിച്ചു്; അവനു കൊടുക്കു്. മാധവൻ പണമുള്ളവൻ. അവനും എഴുത്തുകാരനാകണം പോലും,

കെ. എസ്സ്:—അതിനു് എന്റെ ഈ തൂലിക എന്തുവേണം? താമരയ്ക്കു് പനിമതി പുഞ്ചിരിക്കുന്നതു കാണേണ്ടേ.

മാല:—ദയവുചെയ്തു് ആ പേനാ കൊടുത്തേച്ചു്, ചക്രം വാങ്ങിച്ചു്, ഒരു ചാക്കരിയും, മുന്നാലുമുണ്ടും, കുറെ എണ്ണയും, മററും വാങ്ങിച്ചാക്കൊള്ളാം. വേണമെങ്കിൽ നമുക്കു് വേറെ ഒരു പേനാ വാങ്ങിക്കാം.

കെ. എസ്സ്:—പ്രിയേ! നിന്റെ അഃപക്ഷാഹാരത്തേയും, ഞാൻ ഗളത്തിലണിയാം എന്നാൽ ആ മാധവമന്ദാനിലനെ വിളിച്ചാട്ടെ!

(മാധവൻ പ്രവേശിക്കുന്നു)

മാധവൻ:—ചേട്ടാ! എനിക്കും ഒരു സാഹിത്യകാരനായാൽ കൊള്ളാമെന്നുണ്ടു്. ചേട്ടൻ ആ പേനാകൊണ്ടു്, എഴുതിയിട്ടല്ലേ, പ്രസിദ്ധനായതു്. ഞാനും ഒന്നു പ്രസിദ്ധനാകട്ടെ!

കെ. എസ്സ്:—അങ്ങിനെയാണെങ്കിൽ നിങ്ങളുടെ കാമിതവും നിറവേറട്ടെ. (പേനാ കൊടുക്കുന്നു. പണം വാങ്ങിക്കുന്നു)

മാല:—ഈ പേനാകൊണ്ടെഴുതുമ്പോൾ സാഹിത്യം വന്നില്ലെങ്കിൽ നല്ലവണ്ണം അമർത്തിപ്പിടിച്ചെഴുതണം

മാധ:—അങ്ങിനെ തന്നെ.

(മാധവൻ പോകുന്നു.)

(കർട്ടൻ)

രംഗം ൪

കെ. എസ്സ്. ദാസ് കസാലയിൽ ഇരുന്നെഴുതുന്നു. മാലതി അവിടെ ഇരുന്നു കറിക്കു നറുക്കുന്നു. മാലതിക്കു വെളുത്ത മുണ്ടു്. പുള്ളിജമ്പർ.

മാധവൻ ഗൌരവത്തിൽ ഒടിഞ്ഞ നിബ്ബോടുകൂടിയ പേനായുമായി പ്രവേശിക്കുന്നു.

മാധവൻ—"എന്റെ പണം വയ്ക്കു്; അല്ലെങ്കിൽ, ഞാൻ രണ്ടിനേയും ശരിപ്പെടുത്തും......"

മാധ:—സാഹിത്യം വരുന്നില്ല; സംഗീതവും വരുന്നില്ല. എനിക്കു നിങ്ങടെ പേനയും വേണ്ട. എന്റെ പണം തന്നേച്ചാ മതി.

മാലതി:—സാഹിത്യം വന്നില്ലെങ്കിൽ അമർത്തി എഴുതണം.

മാധ:—പേനാ കൈയ്യിൽവച്ചുകൊണ്ടു് വളരെ നേരം ആലോചിച്ചു് എഴുതി. എന്നിട്ടും സാഹിത്യം വന്നില്ല. പേനാ അമർത്താഞ്ഞിട്ടാണെന്നു വിചാരിച്ചു് ഞാൻ അമർത്തി. ടിം. നിബ്ബു് രണ്ടായി ഒടിഞ്ഞുപോയി. എന്റെ രൂപാ എളുപ്പം തരണം. ഇതാ നിങ്ങളുടെ പേനാ!

മാല:—പണം അന്നേ ചിലവായിപ്പോയി. ഞങ്ങൾ പേനാ തന്നതു് ഇങ്ങിനെയല്ല. പേനാ തന്നതുപോലെ തരാമെങ്കിൽ പണം തരാം.

മാധവ.—(കോപത്തോടെ) നീയല്ലേ പറഞ്ഞതു് സാഹിത്യം വന്നില്ലെങ്കിൽ പേനാ അമർത്തണമെന്നു്. അതല്ല, ഈ പേനാ, എനിക്കു തന്നതിന്റെ ശേഷം അദ്ദേഹം കഥകളും മററും എഴുതിയല്ലൊ. അതെങ്ങിനെയാണു്.

മാല:— (കൈ ചൂണ്ടിക്കൊണ്ടു്) എടാ! മരത്തലയാ! സാഹിത്യകാരനാകാൻ സാഹിത്യകാരന്റെ പേനാ കുത്തിയൊടിച്ചതുകൊണ്ടായില്ല. വെറുതെ ഒരു സാഹിത്യകാരനാവില്ല. പേനാ, ഏതായാലും മതി, സാഹിത്യകാരനു്, താനീക്കുറുകേടും കൊണ്ടിരുന്നാൽ സാഹിത്യകാരനാകയില്ല.

മാധ:—എനിക്കു സാഹിത്യകാരനും ഒന്നും ആവണ്ടാ.

മാല:—ശരി! ഞങ്ങടെ പേനാ കൊണ്ടുവാ.

മാധ:—ഇതാ.

മാല:—അതിന്റെ മുനയെവിടെ?

മാധ:—അതങ്ങൊടിഞ്ഞു പോയി.

മാല:—ശരി തരക്കേടില്ല; നിബ്ബൊടിഞ്ഞ പേനാ ഞങ്ങൾക്കാവശ്യമില്ല. ഞങ്ങൾ തന്നതുപോലെ പേനാ തിരിച്ചുതരാമെങ്കിൽ പണം തരാം.

മാധ:—അല്ലെങ്കിൽ പണം തരികയില്ലേ?

മാല:—ഇല്ല; തീർച്ചയായും ഇല്ല.

മാധ:—ഞാൻ വാങ്ങിക്കാമോ എന്നു നോക്കട്ടെ!

മാല:—ഓ, ഹോ, നോക്കിക്കോ.

മാധ:—ഇത്തരം പണീം കൊണ്ടിരുന്നാ നന്ന പൊറുക്കാം. ഇതാ നിങ്ങടെ പേനാ.

(മാധവൻ ഗൌരവത്തോടെ പേനാ എടുത്തെറിഞ്ഞിട്ടു പോകുന്നു.)

കാർഷിക യാന്ത്രീകരണം

ഇൻഡ്യയിൽ അതിന്റെ സാദ്ധ്യതകൾ.

(എൻ. ശങ്കരൻനായർ ബി. എ. തിരുവല്ലാ)

ഒരു കർഷക രാജ്യമായ ഇൻഡ്യയിൽ ഏകദേശം ൭൦ ശതമാനം ആളുകൾ കൃഷിയെ ആശ്രയിച്ചു ജീവിക്കുന്നു. കർഷകരുടെ സംഖ്യ വളരെ കൂടിയിരിക്കുന്നതിനാൽ ഓരോ കർഷകന്റേയും ഉടമസ്ഥതയിലിരിക്കുന്ന ഭൂമി ഏററവും പരിമിതമായിരിക്കുന്നു. കാലയാപനത്തിനു മററുമാർഗ്ഗങ്ങൾ കുറവായിരിക്കുന്നതിനാൽ ആളുകൾ കൂടുതൽ കൂടുതൽ കർഷകരായിത്തീരുന്നു. യൂറോപ്യന്മാർ ഇൻഡ്യയിൽ വരുന്നതിനു മുമ്പു് ഇൻഡ്യ കൈത്തൊഴിലുകൾക്കു് പ്രസിദ്ധമായിരുന്നു. ഓരോ കർഷകനും പ്രധാനമായി കൃഷിയേയും, അതിനു പുറമെ, മററു കൈത്തൊഴിലുകളേയും ആശ്രയിച്ചിരുന്നു. അതിനാൽ അവൎക്കു കൂടുതൽ ആദായമാർഗ്ഗങ്ങൾ ഉണ്ടായിരുന്നു. എന്നാൽ മററു രാജ്യക്കാർ ഇൻഡ്യയിൽ വരുകയും, വിലകുറഞ്ഞ വിദേശിസാമാനങ്ങൾ ഇവിടെക്കൊണ്ടുവന്നു വിൽക്കുകയും ചെയ്തതോടുകൂടി ഇവിടുത്തെ കുടിൽ വ്യവസായങ്ങളും കൈത്തൊഴിലുകളും നശിച്ചു തുടങ്ങി. ഇൻഡ്യ വ്യവസായീകരണത്തിനു് ആരംഭിച്ചിട്ടുമാത്രമേയുള്ളു. മററുരാജ്യക്കാർ ഇൻഡ്യയെ ഒരു കർഷകരാജ്യമായിട്ടാണു കരുതുന്നതു്. അതിനാൽ ഇൻഡ്യയിലെ ഏററവും പ്രധാനമായ പ്രശ്നം കൃഷിയെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള മാർഗ്ഗത്തെപ്പററിയുള്ളതാണു്.

ഇൻഡ്യയിലെ കൃഷിയെ യാന്ത്രീകരണം കൊണ്ടു് അഭിവൃദ്ധിപ്പെടുത്താമെന്നു് ഒരു അഭിപ്രായമുണ്ടു്. അതിന്റെ സാദ്ധ്യതയേയും ആശാസ്യതയേയും പററി ചിന്തിക്കാം. യാന്ത്രീകരണം എന്നതു് യന്ത്രസഹായത്തോടുകൂടി കൃഷി നടത്തുക എന്നുള്ളതിനെ ഉദ്ദേശിച്ചാണു്. നിലം ഉഴുക, വിത്തു വിതയ്ക്കുക, കളപറിക്കുക, കൊയ്യുക മുതലായവയെല്ലാം നടത്തുന്നതിനു യന്ത്രങ്ങൾ കണ്ടുപിടിക്കപ്പെട്ടിട്ടുണ്ടു്. യൂറോപ്യൻ രാജ്യങ്ങളിൽ ഇവ ധാരാളമായി നടപ്പിൽ വന്നിട്ടുണ്ടു്. എന്നാൽ ഇൻഡ്യയിൽ ഇതു് ഇതുവരെ നടപ്പിൽ വന്നിട്ടില്ല.

കൃഷിക്കു യന്ത്രങ്ങൾ ഉപയോഗിക്കണമെങ്കിൽ അതിനു സഹായകങ്ങളായ സാഹചര്യങ്ങൾ ഉണ്ടായിരിക്കേണ്ടതാണു്. യന്ത്രങ്ങൾ ഉപയോഗിക്കണമെങ്കിൽ, വ്യവസായങ്ങളിൽ എന്നതുപോലെ തന്നെ കൃഷിയിലും അതു വലിയ തോതിലായിരിക്കേണ്ടതു് അത്യന്താപേക്ഷിതമാണു്. അധികമായി സാമാനങ്ങൾ ഉണ്ടാക്കാത്ത ഒരു വ്യവസായശാലയിൽ വില കൂടിയ യന്ത്രങ്ങൾ ഉപയോഗിക്കുന്നതു് ബുദ്ധിശൂന്യവും നഷ്ടഹേതുകവുമാണു്. ഇതുപോലെ, കൃഷിക്കും യന്ത്രങ്ങൾ ഉപയോഗിക്കണമെങ്കിൽ, കൃഷി വലിയ തോതിലായിരിക്കണം. ഇംഗ്ലണ്ടിൽ കൃഷിനടത്തുന്നതു് വലിയ ജന്മിമാരാണു്. ഇവിടുത്തെപ്പോലെ ഓരോ കർഷകന്റേയും അധീനതയിലുള്ള ഭൂമി ഒന്നോ രണ്ടോ ഏക്കറല്ല. അവിടെ ഭൂമി കുറച്ചുപേൎക്കു മാത്രമേയുള്ളു. അതിനാൽ അവിടുത്തെ കൃഷി വൻതോതിലുള്ളതാണു്. ഇപ്രകാരമാണെങ്കിൽ യന്ത്രങ്ങൾ ഉപയോഗിക്കുന്നതു് കൂടുതൽ ലാഭവും സൌകര്യപ്രദവുമാണു്.

എന്നാൽ ഇൻഡ്യയിൽ ഓരോ കർഷകനുമുള്ളതായ കൃഷിസ്ഥലം വളരെ ചെറിയതാകുന്നു. സാധാരണയായി രണ്ടു മൂന്നു് ഏക്കറിൽ കൂടാറില്ല. ഒരു കുടുംബത്തിനു് ഒരുവിധം സുഖമായി കഴിയുന്നതിനുവേണ്ട ആദായം കിട്ടത്തക്ക വിധത്തിലുള്ള ഭൂമി വളരെ ചുരുക്കം ആളുകൾക്കു മാത്രമെയുള്ളു.

ഭൂമി ചെറിയ ചെറിയ ഭാഗങ്ങളായി ഭാഗിക്കപ്പെടുകയും, ഒരാൾക്കുള്ള ഭൂമി തന്നെയും പല സ്ഥലങ്ങളിലായി കിടക്കുകയും ചെയ്യുന്നു. ഇതിനു കാരണങ്ങൾ അനവധിയുണ്ടു്. ജനസംഖ്യയുടെ വർദ്ധനവു്, വ്യവസായാഭിവൃദ്ധിയില്ലായ്മ, ഒരോ വ്യക്തിയുടെയും സ്വാർത്ഥപ്രതിപത്തി, ജീവനത്തിനു മററു മാർഗ്ഗങ്ങളുടെ കുറവു് മുതലായവയാണു് അവയിൽ ചിലതു്.

ഒരേ ആളിന്റെ വസ്തുക്കൾ തന്നെ പല സ്ഥലങ്ങളിലായി ചിന്നിച്ചിതറി കിടക്കുന്നതു് കൃഷിയുടെ അഭിവൃദ്ധിക്കു് ഏററവും ഹാനികരമാണു്. പിംപ്ള സൌദഗാർ (Pimplasoudagar) എന്ന സ്ഥലത്തു് ൧൫൦ പേരുടെ ഭൂമി ൭൫൯ ഭാഗങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നു. അതിൽ ൪൩൩ ഭാഗങ്ങൾ ഒരേക്കറിൽ കുറവും, ൧൧൨ ഭാഗങ്ങൾ കാൽ ഏക്കറിൽ കുറവും വിസ്തീർണ്ണമുള്ളവയാണു്. കൊങ്കണദേശത്തിലും ഗുജറാത്തിലും ഒരേക്കർ ഉള്ള ഭൂമി ൨൫ ഭാഗങ്ങളായി ഭാഗിക്കപ്പെട്ടിരിക്കുന്നതിനു് ഉദാഹരണങ്ങൾ ഉണ്ടു്. അതിനാൽ ഓരോരുത്തൎക്കും ആകെയുള്ള ഭൂമി വളരെ കുറവെന്നു മാത്രമല്ല, അവ പല ഭാഗങ്ങളിലായി കിടക്കുന്നവയുമാണു്. ഇതിന്റെ ഫലമായി സമയവ്യയവും ദ്രവ്യനഷ്ടവും സംഭവിക്കുന്നു.

ഇതിൽ നിന്നു് ഇൻഡ്യയിൽ ഓരോ കർഷകനും വളരെ ചുരുങ്ങിയ തോതിൽ മാത്രമെ കൃഷി നടത്തുന്നുള്ളുവെന്നു നമുക്കു മനസ്സിലാക്കാം. ചെറിയ കൃഷിക്കാൎക്കു് വില കൂടിയതായ യന്ത്രങ്ങൾ വാങ്ങിക്കുന്നതിനു നിവൃത്തിയില്ല. അഥവാ, യന്ത്രങ്ങൾ കൂലിക്കു കിട്ടുമെന്നിരുന്നാൽ തന്നെയും, ഇൻഡ്യയിലെ ഇപ്പോഴത്തെ രീതിക്കു് അവ ഉപയോഗശൂന്യങ്ങളാകുന്നു. എന്തുകൊണ്ടെന്നാൽ, മുമ്പു പറഞ്ഞതുപോലെ കൃഷി സ്ഥലങ്ങൾ അനേകം ചെറിയ വിഭാഗങ്ങളായി വരമ്പുകൾ കൊണ്ടും ചാലുകൾ കൊണ്ടും വിഭജിക്കപ്പെട്ടിരിക്കുന്നു. ഒരു വിഭാഗത്തിൽ നിന്നു് യന്ത്രങ്ങൾ മററു വിഭാഗത്തിലേക്കു കൊണ്ടുപോകുന്നതിനു് വരമ്പുകൾ, ചാലുകൾ മുതലായവ പ്രതിബന്ധമായി നിൽക്കുന്നു. ഇതുകൂടാതെ, ഇവിടെയുള്ള മിക്ക കർഷകൎക്കും പുതിയ യന്ത്രങ്ങളോടും പുതിയ രീതികളോടും സ്വതേ ഒരു വെറുപ്പുണ്ടു്. അവർ പഴയ രീതികളെയും പഴയ ഉപകരണങ്ങളെയും മാത്രം ഇഷ്ടപ്പെടുന്നു. ഇങ്ങിനെ പല വിഷമതകളുമുള്ളതിനാൽ ഇൻഡ്യയിൽ കൃഷി യന്ത്രസഹായത്തോടുകൂടി നടത്തുന്നതു് സുസാദ്ധ്യമല്ലാ എന്നു മനസ്സിലാക്കാം.

യാന്ത്രീകരണം ഇൻഡ്യയിൽ എത്രത്തോളം ആശാസ്യമാണെന്നു് ആലോചിക്കാം. കൃഷിയുടെ തോതു കൂടുംതോറും ജോലി, ഭൂമി, യന്ത്രം, പണം എന്നിവയിൽ കൂടുതൽ ലാഭവും ഉണ്ടാകുന്നു. കർഷകർ തമ്മിൽ യോജിച്ചു് കണ്ടങ്ങളിലെ വരമ്പുകളും ചാലുകളും എല്ലാം കളഞ്ഞു് ഭൂമി ഒരേ നിരപ്പിലാക്കുകയും യന്ത്രങ്ങൾ വരുത്തി കൃഷി തുടങ്ങുകയും ആണെങ്കിൽ പഴയ കാർഷികോപകരണങ്ങൾ, പഴയ കാർഷികരീതികൾ എന്നിവയിൽ നിന്നും ഉണ്ടാകുന്ന നഷ്ടം പരിഹരിക്കുവാൻ സാധിക്കും. ശരിയായും വേണ്ടതുപോലെയും ഉപയോഗിക്കുന്നപക്ഷം യന്ത്രങ്ങൾ പഴയ കാർഷികോപകരണങ്ങളേക്കാൾ നല്ലതും കൂടുതൽ ലാഭമുള്ളതുമാണു് എന്നതിനു സംശയമില്ല. അനേകം കലപ്പകളുടേയും കാളകളുടേയും സഹായത്തോടുകൂടി അനേകം ആളുകൾ ചെയ്തുതീൎക്കുന്ന ജോലി ഒന്നു രണ്ടാളുകൾ ഒരു യന്ത്രത്തിന്റെ സഹായത്തോടുകൂടി വളരെ കുറച്ചു സമയം കൊണ്ടു് ചെയ്തുതീൎക്കുന്നു അതിന്റെ ചിലവു വളരെ കുറവെന്നുതന്നെയല്ല, ജോലി വളരെ ഭംഗിയായി ചെയ്യപ്പെടുകയും ചെയ്യുന്നു. അതിനാൽ യന്ത്രസഹായത്തോടുകൂടിയുള്ള കൃഷി ഏററവും ആദായകരമാണു്. വളരെ പണവും സമയവും ലാഭിക്കുവാൻ സാധിക്കുന്നു. കൃഷി വളരെ നന്നാകയും അഭിവൃദ്ധിപ്പെടുകയും ചെയ്യുന്നു. ഇക്കാരണങ്ങളാൽ കൃഷിയുടെ യാന്ത്രീകരണം ഏററവും ആവശ്യവും ആശാസ്യകരവും ആകുന്നു.

എന്നാൽ, മറെറാരു വശത്തുകൂടി നോക്കുകയാണെങ്കിൽ യാന്ത്രീകരണം അനാശാസ്യമാണെന്നു മനസ്സിലാകും. ഇൻഡ്യാക്കാരിൽ ഏറിയഭാഗവും കൃഷിയെ അഭയംപ്രാപിച്ചാണു് ജീവിക്കുന്നതു്. യാന്ത്രീകരണം കൊണ്ടു് സംഭവിക്കുന്നതു് മനുഷ്യർ ചെയ്തുകൊണ്ടിരിക്കുന്ന ജോലി യന്ത്രങ്ങൾ ചെയ്യുന്നു എന്നുള്ളതാണു്. അങ്ങിനെയാകുമ്പോൾ അനവധി ആളുകൾക്കു് തൊഴിലില്ലാതെയാകുന്നു. ഇൻഡ്യയിൽ വ്യവസായങ്ങൾ കുറവാകയാൽ, ഈ തൊഴിലില്ലാതെ വരുന്നവൎക്കു തൊഴിലുണ്ടാക്കിക്കൊടുക്കുവാൻ സാധിക്കയില്ല. അതിനാൽ യാന്ത്രീകരണം തൊഴിലില്ലായ്മയെ വർദ്ധിപ്പിക്കയും, അക്കാരണത്താൽ രാഷ്ട്രീയവും സാമ്പത്തികവുമായ അഭിവൃദ്ധിക്കു പ്രതിബന്ധമായിത്തീരുകയും ചെയ്യുന്നു.

അതിനാൽ, കൃഷിയുടെ യാന്ത്രീകരണം മൂലമുണ്ടാകുന്ന തൊഴിലില്ലായ്മയെ ഏതെങ്കിലും വിധത്തിൽ പരിഹരിക്കുവാൻ സാധിക്കുമെങ്കിൽ യാന്ത്രീകരണം ആശാസ്യകരമാണു്. എന്നാൽ ഇൻഡ്യയുടെ ഇപ്പോഴത്തെ നിലയ്ക്കു് അതു സാദ്ധ്യമാണെന്നു തോന്നുന്നില്ല. അല്ലെങ്കിൽ, ഇവിടെ വ്യവസായങ്ങൾ വളരെ വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. ഇക്കാരണങ്ങളാൽ കൃഷിയുടെ യാന്ത്രീകരണം ഇൻഡ്യയിൽ വിദൂരഭാവിയിൽ സംഭവിച്ചേക്കാം എന്നു് ആശിക്കുന്നതിനു മാത്രമേ മാൎഗ്ഗമുള്ളൂ.

ഹംസോദയരസായനം.

അസ്ഥിസ്രാവം, പൂയമേഹം, (conorrhea) എന്ന പേരുകളാൽ അറിയപ്പെടുന്ന ഗുഹ്യരോഗങ്ങൾ എത്ര പഴക്കമുള്ളതാണെങ്കിലും നിശ്ശേഷം നശിപ്പിച്ചു്, നഷ്ടപ്പെട്ട ആരോഗ്യത്തെ വീണ്ടെടുക്കുവാൻ പഥ്യാപത്ഥ്യവും, പാരമ്പര്യമായി ലഭിച്ചിട്ടുള്ള ഉപദേശപ്രകാരം അനേക ദിവ്യമൂലികൾ ചേൎത്തു് തയ്യാർ ചെയ്തിട്ടുള്ളതും; അത്ഭുതഫലപ്രദവുമായ ഏകസിദ്ധൌഷധം. മുപ്പതുദിവസത്തേക്കുള്ള മരുന്നിനു് മൂന്നുരൂപാ മാത്രം. വി. പി. ചെലവു പുറമേ.

Dr. പി. നീലകണ്ഠപ്പിള്ള, വൈദ്യകലാനിധി,
ശ്രീധന്വന്തരിവിലാസം സൎക്കാർ ആയുൎവേദവൈദ്യശാല
(പലയക്കുന്നേൽ) ചിറക്കടവു്, പൊൻകുന്നം A O.
കാഞ്ഞിരപ്പള്ളി. P O.

ചെറുകഥ.

കണ്ണുനീരിന്റെ മറവിൽ.

(പി. സി. കോരുത്)

കരഞ്ഞുതുടുത്ത കൺപോളകളോടും, പാറിപ്പറന്ന കാർകുന്തളത്തോടും, അശ്രുക്കൾ അലിഞ്ഞു ചേർന്ന കവിൾത്തടങ്ങളോടും കൂടി, കേവലം ഭ്രാന്തിയെപ്പോലെ തന്റെ മുൻപിൽ വന്നുനിന്ന സരളയെ, കണ്ണുനീരിന്റെ മറവിൽക്കൂടി വിപിനചന്ദ്രൻ കണ്ടു. ആ യുവാവിന്റെ ഹൃദയത്തിൽനിന്നു പുറത്തു പാഞ്ഞ ഒരു ദീർഘനിശ്വാസം ലോകത്തിന്റെ കണ്ണുകളിൽ ഇരുൾപായിക്കുവാൻ ശക്തമായിരുന്നു.

"പ്രാണനായകാ"— അതിദയനീയമായ സ്വരത്തിൽ അവൾ യാചിച്ചു:—"സമുദായനീതിയുടെ മുൻപിൽ ഞാൻ നിമിത്തം അങ്ങേയ്ക്കു കളങ്കം പററിക്കൂടാ. ഞാൻ മരിക്കാം. വിഷപാനം മൂലം ഞാൻ ആത്മഹത്യ ചെയ്തുകളയാം. അങ്ങ് അതിനനുവദിക്കണം."

പതറിയ, പതിഞ്ഞ, സ്വരത്തിൽ വിപിനചന്ദ്രൻ മറുപടി പറഞ്ഞു:—"അതെ, തങ്കം, സമുദായനീതിയുടെ മുൻപിൽ ഞാൻ മുട്ടുമടക്കുക തന്നെ വേണം. എന്നാൽ എന്റെ സ...ര...ളെ (ദൃഢപ്രേമനിധിയായ ആ യുവഭർത്താവു നിരുദ്ധകണ്ഠനായി) സ...ര...ളെ, നിന്റെ വിരഹം ഞാൻ എങ്ങനെ സഹിക്കും." നിന്നെക്കൂടാതെ ഞാൻ എങ്ങനെ ജീവിക്കും? ഞാൻ മരിക്കാം. നമുക്കൊരുമിച്ചു മരിച്ചു കളയാം. അടുത്ത ജന്മത്തിലെങ്കിലും നമുക്കു ഭാഗ്യസമ്പൂർണ്ണമായ ദാമ്പത്യജീവിതം നയിക്കാം."

തരളചിത്തയായ സരള തടഞ്ഞുപറഞ്ഞു:—"എന്റെ ജീവിതസർവ്വസ്വമെ, അങ്ങു മരിക്കുകയോ? അതിന്റെ ആവശ്യമില്ല. അതിനു ഞാൻ സമ്മതിക്കുകയുമില്ല. ഞാൻ പോകാം. മുടിഞ്ഞ സമുദായത്തിന്റെ തുറുകണ്ണിനു മുൻപിൽനിന്നു് ഞാൻ പറന്നു പൊയ്ക്കളയാം."

"അയ്യോ!" സഹിക്കാൻപാടില്ലാത്ത കദനഭാരത്തോട് വിപിനൻ വാവിട്ടു കരഞ്ഞു:—"എന്റെ ഹൃദയമെ, എന്റെ ജീവശ്വാസമെ, ഭവതി ലോകത്തിന്റെ ഏതു ഭാഗത്തു മറയും? അജ്ഞാതമായ ഏതു കോണിൽ ഒളിക്കും?"

സരള, ഭർത്തൃപാദങ്ങളിൽ കെട്ടിപ്പിടിച്ചു നിലവിളിച്ചു:—"എന്റെ ആത്മചൈതന്യമെ, അങ്ങു കരയരുത്. ഈ കണ്ണുനീരു കാണുവാൻ എനിക്കു ശക്തിയില്ല. ഞാൻ എന്റെ മാതൃസന്നിധിയിലേക്കു പോകാം. അങ്ങ് ഒരു ബ്രാഹ്മണകന്യകയെ യഥാവിധി വിവാഹം ചെയ്യണം. ഈ കുടുംബം അങ്ങനെ നിലനിറുത്തണമെ.—എന്റെ അവസാന അപേക്ഷയാണിതു്.........ഇതു തള്ളിക്കളയരുതേ."

മി: പി. സി. കോരുത്.

വിപിനൻ ചെവി പൊത്തി. ദുർവ്വഹമായ ഭാരം ശിരസ്സിൽ താങ്ങിയ പട്ടിണിപ്പാവത്തേപ്പോലെ അയാൾ, മെത്തയിലേക്കു ചരിഞ്ഞുവീണു.

II

സരോജിനിയും അവരുടെ ഭർത്താവും, കൂടി ഹേമലതയ്ക്കു് ഒരു വരനെയുണ്ടാക്കുന്ന കാര്യത്തെപ്പററി വളരെ രഹസ്യമായി ആലോചിക്കുകയാണ്. സരോജിനി പറഞ്ഞു. "എന്തൊരു ധിക്കാരമാണ് വിപിനൻ കാണിച്ചതു്. ജാതിയിൽ താണ, ജന്മശുദ്ധിയില്ലാത്ത, ആ പെണ്ണിനെ വിവാഹം കഴിക്കുവാൻ അവനു തോന്നിയല്ലോ.

"അതെ, നമ്മോട് ആലോചിക്കാതെ അവൻ സരളയെ വിവാഹം ചെയ്തതു് ഒട്ടും നന്നായില്ല. അന്നതു രഹസ്യമായിരുന്നു. ഇന്നിതാ സമുദായം ആകെപ്പാടെ ക്ഷോഭിച്ചിരിക്കുന്നു: അവനെയും നമ്മെയും ജാതിയിൽനിന്നു ബഹിഷ്കരിക്കുവാനാണ് പുരോഹിതന്മാരുടെ ശ്രമം. ഹാ! ഭ്രഷ്ട്, ഭ്രഷ്ട്!! എന്തൊരു ഭയങ്കരമായ ആപത്തു്."—വിശേശ്വരന്റെ കണ്ണുകൾ കോപം കൊണ്ടു് ചുവന്നു.

സരോജിനി—"ഏതായാലും അവൾ ഇവിടം വിട്ടു പൊയ്ക്കൊള്ളാമെന്നു സമ്മതിച്ചതു് വലിയ ആശ്വാസമാണ്. വിപിനൻ ന്യായമായി വിവാഹം ചെയ്യേണ്ടിയിരുന്നതു നമ്മുടെ ഹേമയെയായിരുന്നു. അവൻ ദേശസഞ്ചാരം ചെയ്യേണ്ട യാതൊരാവശ്യവുമുണ്ടായിരുന്നില്ല. അച്ഛനും അമ്മയും മരിച്ചെന്നു വിചാരിച്ച് വല്ലവരും നാടുവിട്ടുപോകാറുണ്ടോ?"

വിശേ—കുന്നുകൂടിക്കിടക്കുന്ന ധനം എങ്ങനെയും ചെലവാക്കേണ്ടേ?

കുന്നുകൂടിക്കിടക്കുന്ന പണമെന്നു കേട്ടപ്പോൾ സരോജിനി വായ് പൊളിച്ചുപോയി. തന്റെ മകളുടെ ഭാവി കനകോജ്ജ്വലമാണെന്ന് അവൾ കണ്ടു. "ഹേമ! അന്വർത്ഥമായ നാമധേയം! സ്വർണ്ണം എന്നർത്ഥമുള്ള ആ പേരു് അവൾക്കിടുവാൻ നമ്മെ തോന്നിച്ച ഈശ്വരൻ, അവളുടെ ഭാഗ്യത്തെ മുൻകൂട്ടിക്കണ്ടിരിക്കുന്നു"—സരോജിനി ഭർത്താവിന്റെ സമീപത്തേക്കു കുറച്ചുകൂടി നീങ്ങിയിരുന്നു:—"പിന്നെ, വിപിനനെ പുനർവിവാഹത്തിനു നിർബന്ധിക്കുവാൻ ഇനി താമസിച്ചുകൂടാ!"

വിശേ—നീ ധൃതികൂട്ടാതെ. എല്ലാം ഒരാഴ്ചക്കകം ശരിയാക്കാം.

സരോജിനിയുടെ കണ്ണുകൾ പ്രകാശിച്ചു. വിശേശ്വരന്റെ വരണ്ട ചുണ്ടുകളിൽ പുഞ്ചിരി പൊടിഞ്ഞു.

III

"എന്റെ അച്ഛാ!"

"ഛീ! നാശമെ, നീ ഇങ്ങു വന്നോ?"

വളർത്തച്ഛന്റെ ദയാശൂന്യമായ വാക്കുകൾ നിർഭാഗ്യവതിയായ സരളയുടെ കണ്ണുകളിൽ ചുട്ടുപഴുപ്പിച്ച ക്രൂരനാരാചം

പോലെ തറച്ചു. അഗതിയായ, അനാഥയായ, അവൾ ഇത്രമാത്രം ചോദിച്ചു:—

“പ്രിയപ്പെട്ട അഛാ, എന്റെ അമ്മ എവിടെപ്പോയി?”

വൃദ്ധനായ ആ യാഥാസ്ഥിതിക പ്രഭു അരിശംകൊണ്ടലറി:—“ചെന്നു തെരക്കു്, അവൾ, കുലത്തിനു് അവമാനം വരുത്തിയ ആ രാക്ഷസി, നിന്റെ പുറകെ തന്നെ പുറപ്പെട്ടുപോയിരുന്നു; അമ്മയും മകളും! ഫോ, എവിടെയെങ്കിലും ഫോ”

സരള കാതുകൾ പൊത്തി. ഇത്ര ഭാഗ്യഹീനയായ തന്നെ വിധി എന്തിനു ഭൂമിയിലേക്കു തള്ളിവിട്ടു എന്നു നിരാശാഭരിതയായ അവൾ തന്നോടുതന്നെ ചോദിച്ചു. മറുകരകാണാത്ത മഹാസമുദ്രത്തിന്റെ തീരത്തു് നീന്തി അക്കരെപറ്റുവാൻ തയ്യാറാകുന്ന ബുദ്ധിശൂന്യനായ ബാലനെപ്പോലെ, തന്റെ ഭൂതകാലചരിത്രമാരായുവാൻ അവൾ നിഷ്ഫലമായി ശ്രമിച്ചു. നിരാശയുടെ നിഴലിൽ, ആദിയുമന്തവുമില്ലാത്ത ചിന്താതരംഗങ്ങളുടെ നിർദ്ദയമായ താഡനമേറ്റു് അവൾ, പല്ലിളിച്ചു പരിഹസിക്കുന്ന വിധിയെ മനംചുട്ടു ശപിച്ചു. താൻ ഒരു അപകൃഷ്ടകുടുംബത്തിലെ അംഗമാണെന്നുള്ള വിവരം തനിക്കറിയാമായിരുന്നുവെങ്കിൽ, നിരപരാധിയായ ഒരാത്മാവിനെ—തന്റെ പ്രേമസമ്പന്നനായ ഭർത്താവിനെ— വിരഹാഗ്നിച്ചൂളയിലിട്ടു നീറ്റുവാനിടയാക്കുമായിരുന്നില്ലല്ലോ. ആ മന്ദഭാഗ്യയായ യുവതി, തന്നാത്താൻ തലയ്ക്കടിച്ചു കരഞ്ഞു.

IV

“കുഞ്ഞേ”—ദയാമധുരശീതളമായ സ്വരം!

തന്റെ മുൻപിൽ നിന്നു സ്നേഹപുരസ്സരം വിളിക്കുന്ന കരുണാസ്വരൂപനായ സാക്ഷാൽ സച്ചിദാനന്ദനെക്കാണുവാൻ സരള, തലയുയർത്തി നോക്കി. ഹാ! പട്ടിണികൊണ്ടു തളർന്ന ശരീരം, നിരാശാഘാതം നിമിത്തം തകർന്ന ഹൃദയം—എഴുനേൽക്കുവാൻ അശക്തയായ അവൾ ബാബുദ്വിജേന്ദ്രലാലിന്റെ പാദങ്ങളിൽ വാടിയ വല്ലിപോലെ വീണുപോയി. വൃദ്ധൻ അവളെ പണിപ്പെട്ടുയർത്തി “മകളേ”—വാത്സല്യമധുനിർഭരമായ ആ സംബോധന അവൾ കേട്ടില്ല. അവൾ ബോധരഹിതയായിത്തീർന്നിരുന്നു.

ദ്വിജേന്ദ്രലാൽ, വടിയൂന്നി, മുട്ടുകൾമടക്കി, നിലത്തിരുന്നു്, ലോകപരിത്യക്തയായ ആ കുമാരിയെ മടിയിൽ കിടത്തി. അദ്ദേഹത്തിന്റെ കണ്ണുകളിൽ നിന്നു അശ്രുക്കൾ ധാരധാരയായി അവളുടെ മുഖത്തു വീണു. സരള കണ്ണുതുറന്നു. എന്തോ അസ്പഷ്ടസ്വരം അവളുടെ അധരങ്ങളിൽ തങ്ങിനിന്നു. ദ്വിജേന്ദ്രലാലിനു കാര്യം മനസ്സിലായി. അദ്ദേഹം അവളെ താങ്ങിയെഴുനേല്പിച്ചു്, അടുത്തുള്ള കൈത്തോട്ടിൽ നിന്നും രണ്ടു കൈവെള്ളം കൊണ്ടുവന്നു് അവൾക്കു കൊടുത്തു. നാവു നനഞ്ഞപ്പോൾ സരള വാവിട്ടു കരഞ്ഞുപോയി.

“മകളേ”

“അഛാ”

രണ്ടുപേരും നിലവിളിച്ചു. ദ്വിജേന്ദ്രലാൽ അവളുടെ കണ്ണുനീർ തുടച്ചുകൊണ്ടു് പറഞ്ഞു:—സരളേ, നീ കരയാതെ. ഇന്നുമുതൽ നീ എന്റെ മകളാണു്. നിന്റെ വളർത്തഛൻ ഹരിദാസ്, നിന്നെ അനാഥയായി പെരുവഴിയിലേക്കു തള്ളിക്കളഞ്ഞതു ഞാനറിഞ്ഞു. പോരൂ, കുഞ്ഞേ എന്റെ വീടു്, നിന്റെ വീടായിരിക്കും വരൂ.”

“സ്വാമിൻ......?” അവൾ പറയുവാൻ ഭാവിച്ചതെന്താണെന്നു് വൃദ്ധൻ ഗ്രഹിച്ചു. അദ്ദേഹം മറുപടി പറഞ്ഞു:—“അക്കാര്യം മിണ്ടാതെ. സമുദായം—നശിച്ച സമുദായം—അതെ സമുദായനീതിയുടെ തലയിൽ ചവിട്ടുവാനാണു് എന്റെ ഭാവം”

V

വിരഹവിധുരനായ വിപിനചന്ദ്രൻ വീടുവിട്ടു പോകുവാൻ തന്നെ നിശ്ചയിച്ചു. ഈ വിവരമറിഞ്ഞപ്പോൾ സരോജിനി അത്ഭുതസ്തബ്ധയായി. വിശ്വേശ്വരൻ സംഭ്രാന്തനായി. പരിത്യക്തയായ പത്നിയെ അന്വേഷിക്കുവാൻ തക്ക തന്റേടം അയാൾക്കില്ലെന്നു് അവർക്കറിയാമായിരുന്നു. എന്നാൽ ഹേമയെ വിവാഹം ചെയ്തശേഷം ദേശസഞ്ചാരം ചെയ്യുകയല്ലേ നല്ലതെന്നും, അങ്ങനെയായാൽ വല്ല പെണ്ണുങ്ങളുടേയും ചാട്ടവാക്കുകളിൽ കുടുങ്ങി, വീണ്ടും ആപത്തിൽ ചാടുവാൻ ഇടയാകുകയില്ലല്ലോ എന്നും സരോജിനി ഉപദേശം പറഞ്ഞു. വിപിനൻ അതൊന്നും കേൾക്കുവാൻ തയ്യാറായിരുന്നില്ല. ചുണ്ണാമ്പുചൂളയുടെ പുകക്കുഴലിൽ അകപ്പെട്ടുപോയ പുഴുവിനെപ്പോലെ, അയാളുടെ ഹൃദയം ദുസ്സഹവേദനയനുഭവിക്കുകയായിരുന്നു. സമുദായനീതിയുടെ, വഴങ്ങാത്ത മാമൂലിന്റെ, ഘോരദംഷ്ട്രങ്ങൾക്കു പരിപാവനമായ പ്രേമബന്ധത്തെ തകർക്കുവാൻ ശക്തിയുണ്ടാകുകയോ? സംസ്കാരസമ്പന്നനായ, അഭ്യസ്തവിദ്യനായ ഒരു യുവാവു് ഇതെങ്ങിനെ സഹിക്കും? വിവാഹദിനം മുതൽ ഏററവും വിശ്വസ്തതയോടും, നിസ്തുലപ്രേമത്തോടും നിഷ്കളങ്ക ഭക്തിയോടും തന്നെ സേവിച്ചു, നയിച്ചു, ഉപദേശിച്ചു, സരള—ഹാ! വിപിനന്റെ ഹൃദയത്തിൽ വികാരങ്ങൾ വിപ്ലവമുണ്ടാക്കി. നിരപരാധിനിയായ ഒരു കുമാരിയെ നിരാധാരയാക്കിയ തന്റെ മഹാരാക്ഷസീയ കൃത്യത്തെപ്പററി അയാൾ ചിന്തിച്ചു. പശ്ചാത്താപതാഡിതനായ അയാൾ ബുദ്ധിമോശം മൂലം പറിച്ചെറിഞ്ഞ ഹൃദയം വീണ്ടെടുക്കുവാനായി എങ്ങോട്ടെന്നില്ലാതെ ഇറങ്ങിപ്പോയി.

VI

രംഗം പാടെമാറിയിരുന്നു. ഡാക്ടർ നെററി ചുളിച്ചു കൊണ്ടു് നിരാശാജനകമായ ചില വാക്കുകൾ ഉച്ചരിച്ചു. തനിക്കുള്ള സർവ്വസ്വവും രോഗിണിക്കു വേണ്ടി ചെലവാക്കുവാൻ തയ്യാറാണെന്നു ദ്വിജേന്ദ്രലാൽ, ഡാക്ടരെ അറിയിച്ചു. ജീവകാരുണ്യം മൂർത്തീകരിച്ച ആ ഭിഷഗ്വരൻ വീണ്ടും രോഗിണിയുടെ നാഡി പരിശോധിച്ചു. ആശയുടെ ഒരു ചെറിയ പ്രകാശം അദ്ദേഹത്തിന്റെ കണ്ണുകളിൽ വീശി. ബാബുദ്വിജേന്ദ്രലാലിന്റെ നയനങ്ങൾ സർവ്വേശ്വരന്റെ സന്നിധിയിലേക്കുയർന്നു.

രോഗിണി പിറുപിറുത്തു:—“നാഥാ എന്റെ ജീവചൈതന്യമേ, ഞാൻ പോകാം. ലോകത്തിന്റെ തുറുകണ്ണിന്റെ മുൻപിൽ നിന്നു് ഞാൻ പറന്നുപൊയ്ക്കളയാം. അയ്യോ! ഈ കണ്ണുനീരു കാണുവാൻ എനിക്കു ശക്തിയില്ല.”

ദ്വിജേന്ദ്രലാൽ ചോദിച്ചു:—“കുഞ്ഞേ, എന്റെ മകൾ എന്താണു പറയുന്നതു്?”

“അഛാ! എന്നെ അദ്ദേഹം വിളിക്കുന്നു.”

“ആരു്?”

“അഛാ! അദ്ദേഹം”

“ആരു്?”

“ഞാൻ പേരുപറയണമോ? അദ്ദേഹം”

ദ്വിജേന്ദ്രലാൽ പൊട്ടിക്കരഞ്ഞു. ഡാക്ടരുടെ കണ്ണിൽ പൊടിഞ്ഞ അശ്രുകണങ്ങൾ കൈലേസിന്റെ വിരിഞ്ഞമാറിൽ ലയിച്ചു.

കുറേനേരം മൗനമായിക്കിടന്ന ശേഷം സരള ചോദിച്ചു:—

ശാസ്താംകോട്ട.

ആ പേരിൽ ഒളിഞ്ഞുകിടക്കുന്ന ചില ചരിത്രാംശങ്ങൾ.

(കിളിമാനൂർ എൻ. കേശവൻ)

തിരുവിതാംകൂറിലെ ഏററവും വലിയ ശുദ്ധജലതടാകമേതെന്നു ചോദിച്ചാൽ മൂന്നാംക്ലാസ്സ് വിദ്യാർത്ഥികൾ ഉത്തരം പറയും —"ശാസ്താംകോട്ടക്കായൽ" എന്ന്. ഈ പേരിനോടനുബന്ധിച്ച് ചില രസകരങ്ങളും വിജ്ഞാനദങ്ങളും ആയ ചരിത്രസ്മരണകൾ ഒളിഞ്ഞു നിൽക്കുന്നുണ്ട്.

വളരെയധികം പ്രാചീനതയുമുള്ള ഒരു ദേവാലയം ശാസ്താംകോട്ടയിലുണ്ട്. ഹൈന്ദവസംസ്കാരവും പ്രാബല്യവും ഇത് ഉച്ചൈസ്തരം ഉൽഘോഷിക്കുന്നു. ദേവാലയത്തിൽനിന്നും ശാസ്താംകോട്ടകായലിൽ ഇറങ്ങുവാൻ ഒരു നൂറുകൽപ്പടികൾ ഉണ്ട്. ഇതിൻെറ ഇരുപാർശ്വങ്ങളും വൻമരങ്ങളാൽ നിറയപ്പെട്ടിരിക്കുന്നു. കുരങ്ങുകളുടെ സങ്കേതമാണിവിടം. ഒരു വണിഗ്വരൻ തൻെറ പണസഞ്ചി കായൽക്കരെ സൂക്ഷിച്ചശേഷം സ്നാനത്തിനൊരുങ്ങി. വിക്രിയാക്രാന്തനായ ഒരു വാനരൻ പണസഞ്ചിയിൽ കണ്ണയയ്ക്കുന്നകാര്യം ഉടമസ്ഥൻ അറിഞ്ഞില്ല. കച്ചവടക്കാരൻ ജലത്തിൽ മുങ്ങിയെഴുന്നേററുനോക്കി; പണസഞ്ചി കാണ്മാനില്ല. ഒരു മുഷ്കനായ മർക്കടൻ സഞ്ചിയുമായി വെമ്പിനടക്കുന്നതു കാണായി. അയാൾ പിന്തുടർന്നു. കുരങ്ങു മരത്തിൻെറ ഏററവും ഉയർന്ന ശാഖയിൽ ആസനസ്ഥനായി. വണിഗ്വരൻ ചുവട്ടിലും. വാനരൻ മന്ദം മന്ദം പണസഞ്ചിയുടെ കെട്ടഴിച്ച് ഉറുപ്പിക നിലത്തെറിഞ്ഞു തുടങ്ങി. ഈ കഥ ഇപ്പോഴും പലരും പറഞ്ഞു കേൾപ്പാനുണ്ട്.

"പോരുവഴി" എന്ന സുപ്രസിദ്ധമായ ഒരു സ്ഥലമുണ്ട്. തിരുവിതാംകൂർ ചരിത്രത്തിൽ പ്രാധാന്യമർഹിക്കുന്ന നിരവധി സംഭവ പരമ്പരകൾക്കു നികേതനമാണീദേശം. മാർത്താണ്ഡവർമ്മ മഹാരാജാവ് തദ്ദേശീയരായ പട്ടാണികളുടെ സഹായസഹകരണങ്ങളോടുകൂടി ദേശിംഗനാട്ടു രാജാവിനെ പരാജയപ്പെടുത്തിയത് ഇവിടെവച്ചായിരുന്നു. പട്ടാണികൾ ധീരധീരം പോരാടിയതുകൊണ്ട് വിജയലക്ഷ്മി മാർത്താണ്ഡവർമ്മമഹാരാജാവിനെ വരിച്ചുവത്രെ. പടനിലമെന്നു വിളിച്ചുവരുന്ന ഒരു മൈതാനമിപ്പോഴും ഇവിടെ കാണാം. ഇവിടെയാണ് കായംകുളം നൃപൻെറയും ദേശിംഗനാട്ടരചൻെറയും "പടകുടീരങ്ങൾ" [illegible]ായത്. ഇവിടെയാണ് [illegible] ജയാപജയപരീക്ഷകൾ [illegible] നടത്തിപ്പോന്നത്. ദേശാഭി[illegible]ളായ മുസ്ലീം പട്ടാണികൾ അങ്കത്തിൽ പങ്കെടുത്തിരുന്നതായി ചരിത്രരേഖകൾ ഉണ്ട്. കായംകുളം രാജാവ് വിജയശ്രീലാളിതനായി കിളിമാനൂർവരെ വന്നിരുന്നതായി ചരിത്രം ഘോഷിക്കുന്നു.

പടനിലത്തിൽ നിന്ന് അനതിദൂരത്തിൽ കടമ്പനാട്, ശൂരനാട് എന്നീ സ്ഥലങ്ങൾ സ്ഥിതിചെയ്യുന്നു. കടമ്പൻ, ശൂരൻ ഈ ദേശാധിപന്മാർ പരസ്പരം കലഹിച്ചുകൊണ്ടിരുന്നു. ഇവർ വളരെക്കാലം കളരിപ്പയററഭ്യസിച്ചിരുന്നവരത്രെ. തിരുവിതാംകൂർ സൈന്യങ്ങൾ പലപ്പോഴും ഇവിടെ പാർത്തിരുന്നതായി കാണുന്നതിൽനിന്ന് ഇവരുടെ സഹായഹസ്തം തിരുവിതാംകൂർകാർക്ക് ലഭ്യമായെന്ന് അഭ്യൂഹിക്കുന്നതിൽ അബദ്ധമില്ലല്ലോ.

ഇവിടെനിന്നും അഞ്ചാറുമൈൽ കിഴക്കുമാറിയാണ് മണ്ണടിക്ഷേത്രം സ്ഥിതിചെയ്യുന്നത്. സ്വദേശസ്നേഹിയും, സ്വാതന്ത്ര്യേച്ഛുവും, രണനിപുണനുമായ വേലുത്തമ്പിദളവാ ശൂരൻെറയും കടമ്പൻെറയും പിൻഗാമികളുടെ സഹായം ലഭിക്കുവാനാണ് മണ്ണടിയിൽ എത്തിയത്. മണ്ണടിയിൽ പ്രസിദ്ധനായ ഒരു മാന്ത്രികനുണ്ടായിരുന്നു. അദ്ദേഹം ശത്രുസംഹാരഹോമം കഴിച്ചാൽ ജീവരക്ഷ കിട്ടുമെന്നു അനന്തപുരത്തുവച്ച് ഒരാൾ വേലുത്തമ്പിയെ ഉപദേശിച്ചു. അതിൻപ്രകാരം ഒരു വൻപിച്ച തുക സമ്മാനം നൽകി ഇഷ്ടസിദ്ധി വരുത്താൻ അദ്ദേഹം മണ്ണടിയിൽഎത്തി. അദ്ദേഹം വരുന്ന വിവരം മാന്ത്രികൻ നേരത്തേ അറിഞ്ഞിരുന്നു. തമ്പിയെ സഹായിക്കുന്നത് രാജകോപത്തിനിട വരുത്തുമെന്ന് മന്ത്രവാദി ധരിച്ചുയാൽ അതിൽനിന്നു രക്ഷനേടാൻ വൈരം ഭക്ഷിച്ച് അയാൾ മൃതിവരിച്ചു.

വൃദ്ധശീർഷം പോലുള്ള ചില മൊട്ടക്കുന്നുകൾ അവിടവിടെ കാണാം. അനന്തസർപ്പം പോലെ വളഞ്ഞു പുളഞ്ഞ് ശാസ്താംകോട്ട ശുദ്ധജലതടാകം സ്ഥിതിചെയ്യുന്ന ഇതിൻെറ ഇരുകരകളും ഉന്നതങ്ങളും ശിലാതലങ്ങളുമാണ്. ഇത്ര ഹൃദയാകർഷമായ ഉദയാസ്തമയങ്ങൾ കന്യാകുമാരിയിലല്ലാതെ മറെറങ്ങും കണ്ടിട്ടില്ല.

വേനൽക്കാലം ഇവിടം കൂടുതൽ വാസയോഗ്യമാണ്. വർക്കല ശിവഗിരിയോളം വാസയോഗ്യമായ സ്ഥലമാണ് ശാസ്താംകോട്ട.

"അഹരാ! കുഞ്ഞെവിടെ?" പ്രസവിച്ചിട്ടു രണ്ടാഴ്ചയിൽ കൂടുതൽ പ്രായമായിട്ടില്ലാത്ത ചോരക്കുഞ്ഞിനെ അദ്ദേഹം എടുത്തു രോഗിണിയുടെ അടുക്കലേക്കു കൊണ്ടുവന്നു. അതു കൈകാലുകൾ കുടഞ്ഞുചിരിക്കുന്നു. അമ്മ കുഞ്ഞിനെ നോക്കി. അവളുടെ കണ്ണുകൾ നിറഞ്ഞു.

"അതാ, അദ്ദേഹം, വരുന്നു."

"മിണ്ടാതെ കിടക്കു മകളെ. എൻെറ മകൾക്കു ഉടനെ സുഖമാകും. ഡാക്ടർ നല്ലമരുന്നാണു തന്നതു്," ദ്വിജേന്ദ്രലാൽ കരഞ്ഞുകൊണ്ടു സമാശ്വസിപ്പിച്ചു.

"അച്ഛാ, അദ്ദേഹം അതാവരുന്നു.!!

അതു ഭ്രാന്തു പുലമ്പൽ അല്ലായിരുന്നു. പ്രാകൃതവേഷത്തോടുകൂടി ബദ്ധപ്പെട്ട് ഓടി വന്നുകയറിയ ബ്രഹ്മതേജസ്കനായ ഒരു യുവാവ് രോഗിണിയുടെ കാൽക്കൽ വീണു:—

"എൻെറ സരളെ, എൻെറ മഹാപരാധം ക്ഷമിക്കണേ. ഈ നിഷ്ഠുരനായ രാക്ഷസനു മാപ്പു തരണമെ."—അയാൾ ബോധശൂന്യനായി ആ ശുഷ്കിച്ച, മാറിടത്തിലേക്കു വീണു. ആരെ ഉദ്ദേശിച്ച് അയാൾ നിലവിളിച്ചുവോ, അവൾ അതു കേട്ടില്ല. ഒരു പുഞ്ചിരിമാത്രം ആ വരണ്ട ചുണ്ടുകളിൽ പ്രതിഫലിച്ചിരുന്നു. ബോധരഹിതനായിക്കിടന്നിരുന്ന സ്വപിതാവിൻെറ പൊടിപുരണ്ട മുടിയിൽ, ആ ഇളം ശിശുവിൻെറ പിഞ്ചുവിരലുകൾ ചലിക്കുന്നതു കാണുവാനെന്നു തോന്നുമാറ്, ഡാക്ടർ ജനലഴികളിൽ പിടിച്ചുകൊണ്ടു് അവിടെ നിന്നിരുന്നു.

ആയുർവേദൗഷധയോഗം.

അവ ആകെ എത്രയുണ്ടു്?

(എസ്. കെ. വാര്യർ, ഉല്ലല)

II

രസങ്ങൾ, ഉപരസങ്ങൾ ഇവയുടെ ശുദ്ധിയുടെ ഉദ്ദേശം, അവയ്ക്കു വിധിക്കപ്പെട്ടിരിക്കുന്ന പ്രത്യേക വിധികളുടെ ആവശ്യം ഇവയെല്ലാം ഇന്നത്തെ വൈദ്യലോകം അന്യന്മാരെ സംശയത്തിനിടം കൊടുക്കാത്തവിധം മനസ്സിലാക്കേണ്ടിയിരിക്കുന്നു. രസയോഗങ്ങളിൽ വിധിക്കപ്പെട്ടിരിക്കുന്ന ഔഷധങ്ങളെല്ലാം ഏതേതു ഉദ്ദേശത്തോടുകൂടി ചേർക്കപ്പെട്ടിരിക്കുന്നു; ആവശ്യം എന്തു് എന്നെല്ലാം വെളിവാക്കേണ്ടിയിരിക്കുന്നു. കുറുന്തോട്ടി കഷായവും കൽക്കവുമായി എണ്ണയോ നെയ്യോ കാച്ചുന്നതെന്തിനു്, രണ്ടിലൊന്നു പോരയോ, പോരാത്തതെന്തുകൊണ്ടു് എന്നെല്ലാം വെളിവാക്കേണ്ടതാണു്. ചുരുക്കത്തിൽ നിഘണ്ടുഭാഗത്തിൽ മരുന്നുകളുടെ ഗുണം നാം മനസ്സിലാക്കുന്നിടത്തു് ഓരോ ഔഷധത്തിലും ഇന്നിന്ന ഘടകങ്ങൾ ഇത്ര ഇത്ര അടങ്ങിയിരിക്കുന്നു എന്നും ശരീരാന്തർഭാഗത്തിൽ ഇന്നിന്ന അവയവങ്ങളിന്മേലാണു് അവയ്ക്കു പ്രവർത്തനശക്തിയുള്ളതെന്നും നമുക്കു വ്യക്തമായി അറിയാവുന്ന ഒരു നിഘണ്ടുനിർമ്മാണരീതിയെ അവലംബിക്കേണ്ടിയിരിക്കുന്നു. അതുപോലെ തന്നെ യോഗങ്ങളെ ശരിയായി അപഗ്രഥിക്കാൻ മനസ്സിലാവാതെ, തിരുത്തു്, കുട്ടിച്ചേർക്കൽ, ഇവ ശരിയാവാൻ പ്രയാസമായിരിക്കുന്നു. അതിനാൽ യോഗങ്ങൾ പഠിപ്പിക്കപ്പെടുന്നതും അവയുടെ അപഗ്രഥനവും മനസ്സിലാക്കിക്കൊടുക്കുന്ന ഒരു രൂപത്തിലാവാതെ കാലസ്ഥിതിക്കു മതിയാവാതെ വരുന്നു.

ഇതുപോലെതന്നെ യോഗങ്ങളുടെ ഉപയോഗത്തെ സംബന്ധിച്ചും പല സംഗതികളിലും പല രഹസ്യങ്ങളും വെളിപ്പെടേണ്ടിയിരിക്കുന്നു. ജ്വരരോഗത്തിൽ ഉപയോഗിക്കുന്ന തൊണ്ണൂറിനുമേൽ കഷായയോഗങ്ങളും നൂററിമുപ്പതിനുമേൽ ഗുളികയോഗങ്ങളും (രസപ്രയോഗമുൾപ്പെടെ) സാമാന്യമായി കാണപ്പെടുന്നു. എന്നാൽ ഇവയിൽ എത്രയോ ചെറിയ ഒരംശംമാത്രം ഇന്നു ഉപയോഗത്തിൽ ഇരിക്കുന്നു. ഓരോ പാരമ്പര്യമനുസരിച്ചു ഉപയോഗിക്കപ്പെടുന്ന ഔഷധയോഗങ്ങൾക്കു വ്യത്യാസമുണ്ടെന്നു വരാം. എങ്കിലും എല്ലാത്തിനെയും വിമർശിച്ചു അതാതു രോഗങ്ങളുടെ ഉചിതമായ ഉപയോഗസ്ഥാനത്തെ വെളിപ്പെടുത്തി മനസ്സിലാക്കിക്കൊടുക്കാവുന്നവർ ചുരുക്കം. അപ്രകാരം ഒരു അദ്ധ്യയനസമ്പ്രദായം നടന്നുവരുന്നുമില്ല. ഏതാണ്ടു പതിനാലായിരം പ്രസിദ്ധീകൃതങ്ങളായ യോഗങ്ങളെ ഇതെഴുതുന്നയാൾ പര്യടനം ചെയ്തിട്ടുണ്ടു്. മുപ്പത്തീരായിരത്തിനുമേൽ താൻ വായിച്ചിട്ടുള്ളതായി ഒരിക്കൽ ബംഗാളിലെ ഒരു വൈദ്യൻ പ്രസ്താവിച്ചതായി ഓർമ്മ തോന്നുന്നു. എന്നാൽ നിത്യോപയോഗത്തിൽ അവയിൽ എത്രയോ ചെറിയ ഒരംശം മാത്രമാണു് പ്രയോജനപ്പെടുക. അപ്രസിദ്ധീകൃതങ്ങളും പ്രാദേശികങ്ങളുമായ യോഗങ്ങൾ ഇതിനു പുറമെയാണു്. അതുകൊണ്ടു് ഔഷധയോഗങ്ങൾ പലതും ഇന്നു ഗ്രന്ഥവിസ്തൃതിക്കു മാത്രം പ്രയോജനപ്പെട്ടുവരുന്നുവെന്നു പറയേണ്ടിയിരിക്കുന്നു. എത്രവലിയ ഔഷധശാലക്കാരുടെ ഔഷധപ്പട്ടിക പരിശോധിച്ചാലും എത്രയോ ചുരുക്കം ഔഷധങ്ങൾ മാത്രമാണു് വില്പനക്കു ഒരുക്കിയിട്ടുള്ളതായി കാണപ്പെടുക.

ആയുർവേദവൈദ്യന്മാരുടെ ഇടയിൽ ചികിത്സക്കു ഐകരൂപ്യം വരുത്തേണ്ടതാണെന്നു പ്രബലമായ ഒരു അഭിപ്രായം കാണുന്നുണ്ടു്. അതില്ലാത്തതു് ഒരു ന്യൂനതയായും ചില സ്ഥാനങ്ങളിൽ വ്യാഖ്യാനിക്കപ്പെടുന്നു. എന്നാൽ ഈ ഐകരൂപ്യക്കുറവു ഒരു ന്യൂനതയാണൊ ആയുർവേദത്തിന്റെ വൈശിഷ്ട്യമാണൊ എന്നു തീർച്ചപ്പെടുത്തുവാൻ കാലം വളരെ വേണം. പാശ്ചാത്യവൈദ്യശാസ്ത്രം ഒരു തൊഴിൽ എന്ന നിലയിൽ അഭിവൃദ്ധിപ്പെട്ടുവന്നിട്ടുള്ളതാണു്. എന്നാൽ ഇന്ത്യയിലെ ആയുർവേദം ഒരു സേവനം എന്ന നിലയിലാണു് വളർന്നുവന്നിട്ടുള്ളതു്.

പരാജയം

(ഹരിപ്പാട്ടു്, എം. കെ. രാഘവൻനായർ)

അന്തരാത്മാവിൻ സഹജാതമാമമൃതോക്തി-
ചിന്തയാൽസന്തപ്തമെൻ ചിത്തത്തിൽ മുഖരിച്ചു.
"വ്യാമോഹമണിത്തേരിൽ വിശപസഞ്ചാരം ചെയ്യാൻ-
വ്യോമസീമനിമേടതീർക്കുവാ,നൊരുങ്ങേണ്ടാ!
കണ്ണുനീർതുളുമ്പീടും മാനസചഷകമേ!
നിന്നഭിലാഷംവെറുംബാലിശമപഹാസ്യം!!
പൊഞ്ചിറകണിഞ്ഞെറെപ്പുഞ്ചിരിക്കൊള്ളിക്കുന്ന
സഞ്ചിതാനന്ദാമൃതമുതിരും കിനാവുകൾ-
അഞ്ചാറുനിമിഷങ്ങൾക്കപ്പുറമിരുളിന്റെ
പിഞ്ചുതോഴരായ് വെറും മിഥ്യയായ് ലയിക്കുന്നു.
പുഞ്ചിരിപ്പൂതൂമയാൽ പാരിനെക്കുളർപ്പിച്ചു
പഞ്ചമിച്ചന്ദ്രനഞ്ചിതാഭനായ് ചരിക്കവേ,-
വിണ്ടലമഹാബ്ധിതൻ മദ്ധ്യമായ് പരാജയ-
ക്കുണ്ടിലേയ്ക്കധഃപ്പതിച്ചപ്പോഴേമറിയുന്നു.
പാരിനെത്തകർക്കുവാൻ കല്ലോല വിലാസിയാം
വാരിധിതീരത്തിലേയ്ക്കലറിക്കുതിച്ചുടൻ
ഭീകരകരാഘാതഘോഷണംപൊഴിക്കവേ-
ഭീരുവായ്പരാജയപ്പെട്ടുടൻ പിൻവാങ്ങുന്നു.
മഞ്ജുളുള്ളികൾ സൂര്യകാന്തിധാരയിൽ മുങ്ങി
മഞ്ജുളവൈഡൂര്യമായ് മാറിടും മുഹൂർത്തത്തിൽ
വിസ്മൃതിയിങ്കൽ, ശുദ്ധശൂന്യതാപരിധിയിൽ
നിസ്തുലരതാഭയും നിത്യമായ് ലയിക്കുന്നു.
കാമുകമധുപനുമധുതുകീട്ടുടൻ
രാമണീയകസൂനസുന്ദരിലസിക്കവേ-
കാലവാതത്തിൻകരതാഡനവശഗയായ്
ജീവയാത്രയിൽത്തളർന്നപ്പോഴേ വീണിടുന്നു
വ്യോമസീമനികമനീയതകലർത്തിയ-
വാർമഴവില്ലിൻസുകുമാരമാംസുഷമയും
കണ്ണിനുപുണ്യാമൃതമായ്, അന്യനിമിഷത്തിൽ
ശൂന്യകോടിയിൽ ലയിച്ചീടുന്നു-ക്ഷണികമായ്.
മോഹമാം നേതാവിന്റെ പാദധൂളികകൊണ്ടു
ശോകപങ്കിലമാക്കിജീവനം കെടുത്താലാ.
മഞ്ചാടിമനോജ്ഞമാംമാണിക്യമായിടുമോ-
പഞ്ചമരാഗാലാപഗായകനാമോ-കാകൻ?"
മാറൊലികൊണ്ടുമന്താരിലാത്മാവിൻകനി-
വുറെറാരീമധുരമാം ഗീരുകൾ നിരന്തരം
കണ്ണുനീരുറവുകൾനീർച്ചാലുകൊണ്ടെൻശുഷ്ക്ക
ഗണ്ഡവൈവർണ്ണ്യം പോക്കാനുദ്യമിച്ചരക്ഷണം.
ഉൽക്കടപരാജയതപ്തമെൻനിശ്വാസത്തിൽ
ഗദ്ഗദം കലർന്നു വ്യക്തമായ്ക്കേട്ടമേന്മേൽ
ഭഗ്നതമറയ്ക്കുവാൻ, മായ്ക്കുവാൻ മന്ദസ്മേര-
ഭാവനായ് കണ്ണീർധാരസത്വരം തുടച്ചു ഞാൻ.
'ഇല്ല, ഞാൻ മേലിൽ കരകില്ല'യെന്നുറച്ചുടൻ
കാല്യകാലത്തിൻ കമനീയതകാണ്മാൻ കാത്തു.

അത്ഭുതദ്വീപിലെ

ഐന്ദ്രജാലികൻ.

സംഭ്രമജനകമായ ഒരു നോവൽ.

വില ൧ ണ മാത്രം.

മാനേജർ, കേരളപബ്ലിഷിംഗ് കമ്പനി

പുളിക്കീഴ്—തിരുവല്ലാ.

ക്രൂനണ്ടാകുന്നതിന കാരണം.

ഉദരരോഗനിവാരണത്തിന് ഒററമൂലി.

(ഡാക്ടർ ഏക്രായിഡ്)

ഇന്ത്യയിലെ പല ഭാഗങ്ങളിലും ശരീരപോഷണസംബന്ധമായ അന്വേഷണങ്ങൾ നടത്തിയിട്ടുണ്ടു്. കാഷ്മീർ, ആസ്സാം, തിരുവിതാംകൂർ മുതലായ പ്രദേശങ്ങളിൽ ഓരോ ജനവിഭാഗത്തിൻെറയും ഭക്ഷണപദാൎത്ഥങ്ങളെ വെവ്വേറെ പരിശോധിച്ചിട്ടുണ്ടു്. ഇന്ത്യയിൽ നടത്തിക്കഴിഞ്ഞ മിക്ക അന്വേഷണങ്ങളിൽനിന്നും തെളിഞ്ഞിരിക്കുന്നതു്, മിക്ക ഇന്ത്യാക്കാരുടേയും ആഹാരത്തിൽ പല ആവശ്യാംശങ്ങളും കുറവാണെന്നുള്ളതാണു്.

പോഷകാംശങ്ങൾ കുറഞ്ഞ ഭക്ഷണം മൂലമായി പല രോഗങ്ങളും ഉണ്ടാവുന്നതാണു്. ഒന്നാമതായി അതു ശരീരത്തെ സാമാന്യേന ബലഹീനമാക്കുകയും വളൎച്ചയെ ക്രമഹീനമാക്കുകയും ചെയ്യുന്നു. രണ്ടാമതു്, പോഷണക്കുറവു് മൂലം പ്രത്യേകംരോഗങ്ങളുണ്ടാവാം. ഇവയിൽബെറിബെറി എന്നരോഗം ഇന്ത്യയിലെ പല ഭാഗങ്ങളിലുമുണ്ടു. രണ്ടു ജീവകാംശങ്ങളുടെ കുറവുമൂലമാണു് ഈ രോഗമുണ്ടാവുന്നതു്. വെളുപ്പിച്ച നെല്ലരി, മുഖ്യമായി മറെറാരു ഉപദേശവും കൂടാതെ കഴിക്കുന്നവരുടെ ഇടയിലാണു് അതിന്നു് അധികം പ്രചാരം. മദ്രാസ് സംസ്ഥാനത്തിലെ വടക്കുകിഴക്കൻ ജില്ലകളിൽ ഈ രോഗം സൎവ്വസാധാരണമായിരുന്നു. പോഷണക്കുറവുമൂലമുള്ള മററു ചില രോഗങ്ങൾ ഉത്തരേന്ത്യയിൽ പല ദിക്കിലും കാണുന്ന അസ്ഥിബലക്കുറവു് മൂലമുള്ള ചില രോഗങ്ങളാണു്. അരക്കെട്ടിലെ അസ്ഥികൾക്കു് ബാധിക്കുന്ന ഒരു കേടുമൂലമാണു് (Osteomalacia) ഉണ്ടാകുന്നതു്. ഈ രോഗം മൂലം മുതുകുവളഞ്ഞു എത്രയോ സ്ത്രീകൾ വിഷമിക്കുന്നതു പലേടങ്ങളിലും കാണുന്ന ദയനീയമായ ഒരു കാഴ്ചയാണു്. ഈ രോഗം പലപ്പോഴും പ്രസവബന്ധമുണ്ടാകുന്നതായും കണ്ടിട്ടുണ്ടു്.

പോഷണക്കുറവുമൂലമായി പലതരം ക്ഷീണവും ഗൎഭിണികളെ ബാധിക്കുന്നതായി കണ്ടിട്ടുണ്ടു്. പാലും പച്ചക്കറിയും വേണ്ടത്ര കഴിക്കാത്തവരുടെ ഇടയിൽ വായപ്പുണ്ണു ഉണ്ടാകുന്നതാണു്.

ഇത്തരം പല രോഗങ്ങളും എന്തുതരം ഭക്ഷണക്രമം മൂലമാണു് ഉണ്ടാകുന്നതെന്നും, എന്തു ഭക്ഷണക്രമമാണു് അവയ്ക്കു പരിഹാരമെന്നും ധാരാളമായി അറിയുവാൻ ഇപ്പോൾ സാധിച്ചിട്ടുണ്ടു. എന്നാൽ ആ അറിവിനെ ശരിയായി ഉപയോഗിക്കുന്നതിനുള്ള പ്രധാന പ്രതിബന്ധം ജനങ്ങളുടെ കടുത്ത ദാരിദ്ര്യമാണു്. പരീക്ഷണത്തിനായി നല്ല ഭക്ഷണവും സുഖസൌകൎയ്യങ്ങളും നൽകി കൂന്നൂരിൽ വളൎത്തിയിരുന്ന ജന്തുക്കൾക്കു മിക്കവാറും യാതൊരു രോഗവും ബാധിച്ചിട്ടില്ല. ക്ഷാമകാലങ്ങളിൽ ഓരോ രോഗവും മൂലമുള്ള മരണത്തുക വളരെ വമ്പിച്ചതാണെന്നുള്ളതും പ്രത്യേകം ശ്രദ്ധാൎഹമാണു്. ഒരു ക്ഷാമവൎഷമായ ൧൮൯൭-ൽ വിഷൂചിക, പനി, ഉദരരോഗങ്ങൾ മുതലായവകൊണ്ടു് അതിനുമുമ്പുള്ള ൧൦ കൊല്ലമായി ശരാശരി സംഭവിച്ചിരുന്നതിനേക്കാൾ ഇരട്ടി മരണമുണ്ടായിട്ടുണ്ടു്.

ഇന്ത്യയിലെ മരണഹേതുകങ്ങളായ രോഗങ്ങളിൽവെച്ചു് ഉദരരോഗങ്ങൾക്കു അധികം പ്രാധാന്യം കാണുന്നു. ക്ഷാമകാലങ്ങളിൽ ഇത്തരം രോഗങ്ങൾക്കു കൂടുതൽ പ്രചുരപ്രചാരമുണ്ടെന്നുള്ളതു്, അവയുടെ പ്രധാനകാരണം ഭക്ഷണത്തിൻെറ പോഷണക്കുറവാണെന്നാണു് തെളിയിക്കുന്നതു്.

ഇന്ത്യയിൽ പല പ്രദേശങ്ങളിലും ഒരു വലിയ ജനവിഭാഗത്തിന്നു ഭക്ഷിക്കുവാൻ വേണ്ടത്ര പദാൎത്ഥങ്ങൾ ലഭിക്കുന്നില്ല. അവിടങ്ങളിൽ സാധാരണ ആഹാരപദാൎത്ഥങ്ങളെ സംബന്ധിച്ചുള്ള കൃഷിയെ വിപുലമാക്കാൻ ശ്രമിക്കണം. മതിയാകുവോളം സാധാരണ ഭക്ഷണമുണ്ടായ ശേഷമെ ഉൽകൃഷ്ട ഭക്ഷണത്തെക്കുറിച്ചു നിഷ്ക്കൎഷിക്കുവാൻ നിൎവാഹമുള്ളു. ഇന്ത്യയിലെ മിക്കവാറും എല്ലാം പ്രദേശങ്ങളിലു[illegible]ാൽ കൂടുതൽ ഉണ്ടാക്കാനും ഉപയോഗിക്കാനും തുടങ്ങണം. പച്ചക്കറിയുടേയും പഴങ്ങളുടേയും കാൎയ്യവു[illegible]ള്ളുപോലെയാണു്.

നെല്ലരി ഭക്ഷണക്കാരായ തെക്കെ ഇന്ത്യക്കാരുടെ ഇടയിൽ വീടുകളിൽ കൈകൊണ്ടു നെല്ലു കുത്തുന്ന സമ്പ്രദായം അതിവേഗത്തിൽ നശിക്കുകയും മില്ലുകളിൽ കുത്തി വളരെയധികം വെളുപ്പിക്കുന്ന അരിയുടെ ഉപയോഗം അതോടൊപ്പം പ്രചരിക്കുകയും ചെയ്യുകയാണുന്നു. ഇതു ശരീരപോഷണത്തെ സംബന്ധിച്ചിടത്തോളം ഒരാപൽഘട്ടത്തെയാണു സൂചിപ്പിക്കുന്നതു?, വെളുപ്പിച്ച ഉണക്കലരി ഉണ്ണുന്നതു വെളുപ്പിച്ച പുഴുക്കലരി ഉണ്ണുന്നതിനേക്കാൾ ദോഷകരമാണു്.

കൈക്കുത്തരിയുടെ പ്രചാരം ഒരിക്കൽ നശിച്ചുകഴിഞ്ഞാൽ പിന്നെ അതു ഉദ്ധരിക്കുവാൻ പ്രയാസമാണു്. ആളുകളെ ബസ്സിൽ കയററുന്നതിനു പകരം നടക്കാൻ പ്രേരിപ്പിക്കുന്നതുപോലെ ആയിരിക്കും അതു.

ഗ്രാമീണർ തങ്ങളുടെ നെല്ലു് മില്ലിൽ കുത്തിയ്ക്കുവാൻ തുടങ്ങിയതിൻെറ കാരണം കൈക്കുത്തു്-വളരെ പ്രയാസമേറിയ ഒരു തൊഴിലാവുകയാലാണു്. അദ്ധ്വാനത്തെ ലഘൂകരിക്കുവാൻ യന്ത്രം ഉപയോഗിക്കുന്നതു നന്നായിരിക്കുമെന്നും അവർ കരുതുന്നു. അതിനുവേണ്ടിയാണല്ലോ യന്ത്രങ്ങൾ ഉണ്ടായതു്. കൈക്കുത്തു നശിച്ചു കഴിഞ്ഞിട്ടില്ലാത്ത പ്രദേശങ്ങളിൽ മില്ലുകളുടെ പ്രചാരത്തെ തടഞ്ഞു പഴയ സമ്പ്രദായം നിലനിറുത്താവുന്നതാണു്. എന്നാൽ മില്ലുകൾ ഒരിക്കൽ വന്നുകഴിഞ്ഞാൽ പിന്നെ എത്ര പ്രേരണകൊണ്ടും പ്രചാരവേലകൊണ്ടും അവയെ ഉപയോഗിയ്ക്കുന്നതിൽ നിന്നു ജനങ്ങളെ തടഞ്ഞു നിൎത്തുവാൻ വിഷമമാണു്.

അതുകൊണ്ടു് ആ പ്രശ്നത്തെ വേറെ വിധത്തിൽ നേരിടണം. അതായതു മില്ലുകളെത്തന്നെ അരി വെളുപ്പിക്കാതിരിക്കുവാൻ നിൎബന്ധിക്കാവുന്നതാണു്. ഇന്നു് അരിയുടെ മുള തവിടു് എന്നീ ഭാഗങ്ങളിലുള്ള പ്രധാനപ്പെട്ട പല പോഷകാംശങ്ങളും നഷ്ടപ്പെടുകയാണു് ചെയ്യുന്നതു്. ഈ നഷ്ടത്തെ തടഞ്ഞു ഒരു വലിയ ജനവിഭാഗത്തിൻെറ ആരോഗ്യം സംരക്ഷിക്കുന്ന കാൎയ്യത്തിൽ അപ്രതിരോധ്യമായ യാതൊരു പ്രതിബന്ധവുമില്ല. ഈ

പുണ്യശ്ലോകനായ ധർമ്മരാജാവ്

"കിരീടപതി മന്നേസുൽത്താൻ മഹാരാജരാമരാജബഹദൂർഷംഷെർജംഗ്"

(വിദ്വാൻ വി. ആർ. പരമേശ്വരൻപിള്ള ബി. ഒ. എൽ.)

തിരുവിതാംകൂർ ചരിത്രം വായിക്കുന്ന ഏതൊരുവന്റെ ഹൃദയത്തെയും ഭക്തിഭരിതമാക്കിത്തീർക്കുന്ന വിശിഷ്ടാപദാനങ്ങൾ കൊണ്ടലംകൃതമായ മഹാനുഭാവനാണ് കാർത്തികതിരുനാൾ രാമവർമ്മ മഹാരാജാവ്. കിളിമാനൂർ കേരളവർമ്മ വലിയ കോയിത്തമ്പുരാന്റെയും റാണി പാർവ്വതീഭായിയുടെയും പുത്രനായി കൊല്ലവർഷം ൮൯൯ കർക്കടകം അഞ്ചാംതീയതി തിരുവവതാരം ചെയ്ത ഈ നൃപകുലതിലകൻ കൊല്ലം ൯൩൩-ാമാണ്ടു മിഥുനമാസം ൨൨-ാംനു മുതൽ ൯൭൩ മിഥുനം ൬-ാംനു വരെ വഞ്ചിനാടിനെ എത്രയും ശ്രേയസ്കരമാകുംവണ്ണം ഭരിച്ചു. ആധുനികതിരുവിതാംകൂറിന്റെ സ്ഥാപകൻ മാർത്താണ്ഡവർമ്മ തിരുമേനിയുടെ സാക്ഷാൽ ഭാഗിനേയനായ ഈ സമരവിദഗ്ദ്ധൻ സകല കലകളിലും പ്രവീണനായിരുന്നു. സംസ്കൃതം, പേർഷ്യൻ, ഹിന്തുസ്ഥാനി, മലയാളം എന്നീ ഭാഷകളിൽ അവിടുന്നു അപരിമിതവൈദുഷ്യം നേടി. പിൽക്കാലത്തു പീഡ്റോഡിവേഗസ് എന്ന പോർട്ടുഗീസുകാരനിൽനിന്നും പോർട്ടുഗീസും ഇംഗ്ലീഷും പഠിച്ചു. ഡച്ചുഭാഷയിൽ പ്രായോഗികപരിശീലനം സമ്പാദിക്കയുണ്ടായി. സാഹിത്യത്തിലെന്നപോലെ സംഗീതം, നൃത്തം ആദിയായവയിലും അസാധാരണപാടവം പ്രദർശിപ്പിച്ചിരുന്നു. സ്വമാതുലനെ എല്ലാ യുദ്ധങ്ങളിലും സഹായിച്ചു. അമ്പലപ്പുഴ കീഴടക്കിയപ്പോൾ തിരുമനസ്സിലെ നിർദ്ദേശപ്രകാരം അവിടെ നിന്നു കൊണ്ടുപോന്ന താളിയോലഗ്രന്ഥങ്ങളിൽ ചിലവ ഇന്നും തിരുവനന്തപുരം രാജകീയഗ്രന്ഥമന്ദിരത്തിൽ കാണ്മാനുണ്ട്.

സംഭവബഹുലമായ തിരുമനസ്സിലെ ഭരണകാലം പലതുകൊണ്ടും പ്രാധാന്യം വഹിക്കുന്നു. സാമൂതിരിയെ കൊച്ചിയിൽനിന്നും ഓടിച്ചു സന്ധിചെയ്യിച്ചു. കുന്നത്തുനാട്, ആലങ്ങാട്, പറവൂർ, ചേർത്തല എന്നീ ദേശങ്ങൾ തിരുവിതാംകൂറിനോടു ചേർത്തു. സഹ്യപർവ്വതത്തിനപ്പുറമുണ്ടായിരുന്ന സ്ഥലങ്ങൾക്കു പകരം ചെങ്കോട്ടയും കന്യാകുമാരിയും സ്ഥിരമായി സമ്പാദിച്ചു. ഇംഗ്ലീഷ് ഈസ്റ്റിൻഡ്യാക്കമ്പനിക്കാരുമായി ബന്ധം ദൃഢപ്പെടുത്തി. മഹാഭക്തനായിരുന്ന തിരുമേനി ഷോഡശ മഹാദാനങ്ങൾ ചെയ്തു. കൊച്ചിയിൽനിന്നു നേടിയ താലൂക്കുകളെ മാതുലപാദങ്ങളെപ്പിൻതുടർന്ന് ൯൪൧ മിഥുനം ൨൩-ാംനു ശ്രീപത്മനാഭനു സമർപ്പിച്ചു. ൯൪൭-ൽ രാമനാട്ടരാജാവിൽനിന്നു രാമേശ്വരം ക്ഷേത്രത്തിൽ ചില കർമ്മങ്ങൾ നടത്തിക്കാനായി കാക്കൂർ എസ്റ്റേററു വിലയ്ക്കുവാങ്ങി. ൯൭൬ ഇടവം ൩൦-ാംനു മാതാവ് ചരമം പ്രാപിച്ചതു സംബന്ധിച്ചു കർമ്മാനുഷ്ഠാനത്തിനായി ൯൫൯ വൃശ്ചികത്തിൽ രാമേശ്വരത്തേക്കു എഴുന്നെള്ളി. ൯൬൪-ൽ ആലുവായിൽവച്ചു ഒരു വലിയ യാഗം ചെയ്തു. കേരളത്തിന്റെ മററു ഭാഗങ്ങളെപ്പോലെ ഹൈദരാലിക്കോ ടിപ്പുവിനോ തിരുവിതാംകൂറിനെ കീഴടക്കാൻ കഴിഞ്ഞില്ല. ടിപ്പു തീയും വാളുമായി മലബാറിൽ കടന്നപ്പോൾ താഴ്ന്നവനെന്നോ ഉയർന്നവനെന്നോ ഭേദം കൂടാതെ നിരവധി ഹിന്ദുക്കൾ വഞ്ചീശനെ അഭയം പ്രാപിച്ചു. കാരുണ്യവാരിധിയായ പൊന്നുതമ്പുരാൻ എല്ലാവർക്കും അഭയമരുളി. ഒടുവിൽ അതു് ടിപ്പുവിന്റെ തിരുവിതാംകൂർ ആക്രമണത്തിനുള്ള കാരണങ്ങളിൽ ഒന്നായിത്തീർന്നു. മഹാപരാക്രമിയായ സുൽത്താൻ തോററോടി.

രാജാകേശവദാസ്, അയ്യപ്പൻ മാർത്താണ്ഡപ്പിള്ള, യൂസ്റേറഷിയസ് ഡിലനായി ആദിയായ വിശ്വവിഖ്യാതന്മാർ അദ്ദേഹത്തിന്റെ ഉദ്യോഗസ്ഥന്മാരായിരുന്നു. ഈ രാജർഷി അദ്ദേഹത്തിന്റെ ക്രിസ്ത്യാനിപ്രജകളോടു പ്രദർശിപ്പിച്ചുവന്ന ദയാപാരമ്യവും സൗജന്യവും അറിഞ്ഞു സന്തുഷ്ടനായ പോപ്പു ക്ലമൻറു പതിനാലാമൻ ൧൭൭൪ ജൂലൈ ൨-ാം നു ഒരു ശുഭാശംസാസന്ദേശം അയച്ചു. ൧൭൯൦ അക്ടോബർ ൧൦-ാംനു ദില്ലീസമ്രാട്ടിന്റെ പ്രതിനിധിയെന്നനിലയിൽ നൈസാം "കിരീടപതി മന്നേസുൽത്താൻ മഹാരാജരാമരാജബഹദൂർഷംഷെർജംഗ്" എന്നീ ബിരുദങ്ങൾ നൽകി തിരുമനസ്സിലെ വാഴ്ത്തി. വിസ്തൃതവും നിസ്തുലവുമായ അവിടത്തെ ദാനധർമ്മങ്ങൾ ധർമ്മരാജാവ് എന്ന പ്രശസ്തിക്കിടവരുത്തി. സമകാലീനരായ അസംഖ്യം മഹാന്മാർ തിരുമനസ്സിലെ ഔന്നത്യാതിശയത്തെ രേഖപ്പെടുത്തിയിട്ടുണ്ട്.

കൊച്ചിയിൽ ഡച്ചുഗവർണ്ണരായിരുന്ന അഡ്റിയൻ മോയൻസ് തിരുമേനിയെ അത്യധികം ശ്ലാഘിച്ചിരിക്കുന്നു. ൧൭൯൨-ൽ മലബാറിലെ കുഴപ്പങ്ങൾ മാററുന്നതിന് ഇംഗ്ലീഷുകാർ തിരുമനസ്സിലെ സാഹചര്യമപേക്ഷിച്ചതു അവർക്കു അവിടത്തെ നേർക്കുണ്ടായിരുന്ന നിസ്സീമമായ ഭക്ത്യാദരങ്ങൾ മൂലമാണ്. ഒരുത്തമ ഭരണാധിപനായിരുന്ന അവിടുന്നു തികഞ്ഞ കലാപരിപോഷകനുമായിരുന്നു. ഭാരതത്തിലെങ്ങുമുള്ള കലാകോവിദന്മാർ അവിടത്തെ പാദതാമരസങ്ങളെത്തേടി അഹമഹമികയാ വന്നുകൊണ്ടിരുന്നു. സുപ്രസിദ്ധ വിദ്വാന്മാരായ കുഞ്ചൻനമ്പ്യാർ, പുതിയിക്കൽതമ്പാൻ, മണ്ഡപപ്പള്ളി ഇട്ടി

പ്രശ്നം ഇന്ത്യക്കു പ്രത്യേകമുള്ള ഒന്നല്ല മലയ, ജാവ മുതലായ മററു കിഴക്കൻ രാജ്യങ്ങളിൽ ഇതിന്റെ ആപത്തു് ഇന്ത്യയിലേക്കാൾ അധികമാണ്.

ഇന്ത്യയിലെ പല ഭാഗങ്ങളിലുമുള്ള ഏററവും വിലകുറഞ്ഞ പാൽ വിഭവം, ഇറക്കുമതി ചെയ്യപ്പെടുന്ന വെണ്ണ നീക്കിയ പാൽപൊടിയാകുന്നു. ഇപ്രകാരമുള്ള പൊടി അരൗൺസ്‌വീതം പോഷണം പോരാത്ത കുട്ടികൾക്കു നൽകിയതിൽ അത്ഭുതാവഹമായ ഫലം കണ്ടിട്ടുണ്ട്. ഈ ഭക്ഷണത്തിനു വിദ്യാർത്ഥിയൊന്നുക്കു് പ്രതിമാസം ൧൨ അണയാണു ചിലവു വന്നതു്. ഇന്ത്യയിലെ വിദ്യാഭ്യാസച്ചെലവിന്റെ തോതു നോക്കിയാൽ ഇതു വമ്പിച്ച ഒരു ഭാരമായിരിക്കും.

പാലിനു പുറമെ വിദ്യാർത്ഥികൾക്കു നൽകാവുന്ന വേറെയും പോഷണ പദാർത്ഥങ്ങളുണ്ട്. വെളുപ്പിച്ച മില്ലരിമാത്രം ഭക്ഷിക്കുന്ന കുട്ടികൾക്കു പച്ചിലക്കറിയും പയറും കൊടുക്കുന്നതു നന്നായിരിക്കും.

ചെറുകഥ.

ലുബ്ധന്റെ "അയ്യായിരം."

(എൻ. ഐ. തോമ്മസ് ബി. ഏ.)

കുര്യച്ചൻ ഒരു മലയാളം സ്കൂളിലെ ഒന്നാം വാദ്ധ്യാരാണ്. ശമ്പളം വളരെ കുറവാണെങ്കിലും അഞ്ചിരട്ടി ശമ്പളമുള്ളവരേക്കാൾ, കൂടുതൽ സമ്പാദിച്ചിരുന്നു. ൩൨,൦൦൦ രൂപാ സമ്പാദ്യമായി ബാങ്കിൽ ഉണ്ടു്. പതിനാറുകൊല്ലത്തെ സമ്പാദ്യമായിരുന്നു അതു്. ഒരദ്ധ്യാപകനായി പന്ത്രണ്ടു രൂപാ ശമ്പളത്തിലാണ് ഉദ്യോഗത്തിൽ പ്രവേശിച്ചതു്. ഒടുവിൽ സ്വദേശത്തുനിന്നു പതിനഞ്ചു മൈൽ അകലെയുള്ള ഒരു കുഗ്രാമത്തിലേക്കു് അദ്ദേഹത്തിനു് സ്ഥലമാററം കിട്ടി. 'വരവിൽ കുറച്ചുമാത്രം ചെലവാക്കുന്നവനേ സമ്പാദിക്കുവാൻ സാധിക്കൂ' എന്നു് അദ്ദേഹത്തിനു് നല്ലതിൻവണ്ണം അറിയാമായിരുന്നു. പത്തുരൂപശമ്പളമുള്ള ഒരാൾ താഴെപറയുന്ന കണക്കനുസരിച്ചേ പണം ചെലവാക്കാവൂ എന്നായിരുന്നു നമ്മുടെ ലുബ്ധന്റെ നിയമം.

വാടക ൧ രൂ. ആഹാരം ൩൨ രൂ. വസ്ത്രം, എണ്ണ, അലക്കു് ആദിയായവയ്ക്കു ൧ രൂ. ആകെ ചെലവു് പ്രതിമാസം ൫ രൂ. മാസം നീക്കിയിരുപ്പ് ൫ രൂ. പ്രതിവർഷം നീക്കിയിരുപ്പ് ൬൦ രൂ. ശമ്പളം "നാല്പതു്" ആയിട്ടും കുര്യച്ചന്റെ ചെലവ് ഇതുതന്നെ. പോസ്റ്റാഫീസ് സേവിംഗ്സ് ബാങ്കിൽ ഒന്നാംതീയതി ൩൫ രൂപയും അടയും. പ്രതിവർഷം ൪൨൦ രൂപാ അങ്ങിനെ അങ്ങുകൂട്ടും.

അദ്ദേഹത്തിന് ദുശീലങ്ങളൊന്നുമില്ല, പക്ഷേ അപൂർവ്വം ചില അവസരങ്ങളിൽ ഒന്നു മുറുക്കും. സ്കൂളിലേക്കിറങ്ങിയാൽ സാവധാനത്തിൽ നടക്കും. മററു സ്കൂളിലേക്കു പോകുന്ന ചില അദ്ധ്യാപകന്മാരെ വഴിയിൽവച്ച് കണ്ടെന്നു വരും. എന്താ വാസുപിള്ളേ! പുതിയ സർക്കുലർ കണ്ടോ? നല്ല ശിക്ഷയായി; പോക്കററുനിറയേ എന്തോ കിടക്കുന്നല്ലോ? മുറുക്കാനാണെങ്കിൽ രണ്ടുകഷണം പാക്ക് ഇങ്ങെടുത്താട്ടേ" ഇങ്ങനെ അടുത്തുകൂടും. ഇപ്രകാരം ഒരു വർഗീസിനേയും, ഒരു ശങ്കരൻനായരേയും കൂടി കാണുമ്പോൾ മുറുക്കൊന്നു പൊടിപൊടിച്ചു നടക്കും.

പുതിയ സ്കൂളിലും ജോലി നോക്കിത്തുടങ്ങി. ആദ്യത്തെദിവസം രാവിലെ കാൽചക്രത്തിനു വെറും കാപ്പിവെള്ളം വാങ്ങിക്കുടിച്ചു. ഉച്ചയ്ക്കു് ഒന്നരചക്രംകൊടുത്തു സൂത്രത്തിൽ സ്കൂളിന്റെ അടുത്തുള്ള ശങ്കുവിന്റെ ഹോട്ടലിൽനിന്നു അമൃതേത്തും നടത്തി. അന്നുരാത്രി സ്വല്പം വെള്ളം കുടിച്ചാൽ മതി എന്നു തീർച്ചപ്പെടുത്തി. പിറേറദിവസമെങ്കിലും സ്ഥിരമായി ആഹാരം ലഭിക്കുവാൻ ഒരു സ്ഥലം കണ്ടുപിടിയ്ക്കണം. രാവിലെ പലയിടങ്ങളിലും തിരഞ്ഞു. ഒടുവിൽ സ്കൂളിന്റെ അടുത്തുതന്നെ സാമാന്യം ഭേദപ്പെട്ട ഒരു ഭവനത്തിൽ വിരുന്നുകാരെ സ്വീകരിക്കുമെന്നറിഞ്ഞു അവിടെ കയറി. അദ്ദേഹം അവിടെ ചെന്നപ്പോൾ ഗൃഹനായിക പുറത്തു നിൽക്കുകയാണ്. കുസലെന്യേ അവർ കുശലപ്രശ്നം തുടങ്ങി. "നിങ്ങളെ മനസ്സിലായില്ലല്ലോ. എവിടെയുള്ളതാ?"

"ഞാൻ കിടങ്ങാമററത്തുള്ളതാണ്. ഇവിടെനിന്നു പതിനഞ്ചുമൈൽ കിഴക്കാണ്. ഇവിടെ സ്കൂളിലേക്കു് സ്ഥലം മാററമാണ്."

"ശരി; ഇപ്പോഴ് മനസ്സിലായി, എടി; ഏലിയാമ്മേ. ഒന്നു മുറുക്കാൻ കൊണ്ടുവന്നു സാറിനു കൊടുക്കെടി, സാറിനു സൗകര്യമെന്നു തോന്നുന്നപക്ഷം ഇവിടെ കൂടി ആകുന്നതിൽ ഞങ്ങൾക്കു വിരോധമില്ല."

കുര്യച്ചൻ:—എന്താ ഒരു മാസത്തെ ചാർജ്ജ്, ആഹാരത്തിനു തരേണ്ടതു്.

ഗൃഹനായിക:—ഞങ്ങൾ അങ്ങനെ ക്ലിപ്തമായിട്ടൊന്നു പറവാനാണ്.

കു:—രാവിലെ ആഹാരമെന്താണ്.

ഗൃഹനാ:—കഞ്ഞി.

കു:—എനിക്കു് കഞ്ഞി വലിയ ഇഷ്ടമൊന്നുമില്ല. കഞ്ഞിക്കുമാത്രം ഒരു മാസം എന്താകും.

ഗൃഹനാ:—ഓ! അതിനെന്താവാനാണ്. ഒരു രൂപാ വരും. അങ്ങിനെ ഒരു കണക്കു് പറയാനുണ്ടോ?

കു:—ശരി. എന്നാൽ അങ്ങിനെതന്നെ ആവട്ടെ. രാവിലെ കഞ്ഞി. ഉച്ചയ്ക്കു ഞാൻ ഇങ്ങോട്ടു വരികയില്ല. കുറെ ദൂരെ ഒരു കടയിൽ കണക്കെഴുതുവാൻ പോകണം. തൽക്കാലം ഒരു മരുന്നു സേവിക്കുന്നതുകൊണ്ടു് വൈകുന്നേരം ഒന്നും കഴിക്കരുതെന്നാണ് വൈദ്യന്റെ ഉപദേശം. അതിനൊരു കാര്യം ചെയ്യാം. വൈകുന്നേരവും സ്വല്പം കഞ്ഞി കുടിച്ചു കളയാം.

ഗൃഹനാ:—സാറിന്റെ ഇഷ്ടം പോലെ ആകാം.

കു:—വേറൊരു കാര്യം. വെള്ളിയാഴ്ച വൈകിട്ടു് സ്കൂൾ വിട്ടാലുടൻ വീട്ടിൽ പോകണം. തിങ്കളാഴ്ച രാവിലേയേ മടങ്ങുകയുള്ളു. ആ ദിവസങ്ങളിലെ ചക്രം ഞാൻ തരികയില്ല.

ഗൃ: നാ:—എല്ലാം സാറിന്റെ ഇഷ്ടം.

തത്സമയം നവയൗവനയുക്തയായ ഏലിയാമ്മ നാണിച്ചു കുണുങ്ങി മുറുക്കാനും കൊണ്ടവിടെയെത്തി. കുര്യച്ചൻ അവളെ നോക്കി ഒന്നു ഞെട്ടി.—തന്റെ മൂവായിരത്തെപ്പററി ഒന്നോർത്തു. "അയ്യോ! ഇവിടെ വരേണ്ടിയില്ലായിരുന്നു. പക്ഷേ ദിവസം രണ്ടു ചക്രം. ആഴ്ചയിൽ ഒൻപതു ചക്രമേയാകയുള്ളു. എന്റെ രൂപാ ബാങ്കിലല്ലേ. ഇതിനെ ഒന്നു തിരിഞ്ഞു നോക്കാതിരുന്നാൽ പോരേ!" എന്നിങ്ങനെയു

രാമാനുജമേനോൻ, ദേവരാജശാസ്ത്രി, സദാശിവദീക്ഷിതർ, കല്യാണസുബ്രഹ്മണ്യൻ ആദിയായവർ തിരുമനസ്സിലെ മഹത്തായ പ്രോത്സാഹനമനുഭവിച്ച സദസ്യന്മാരായിരുന്നു. സാഹിത്യത്തിന്റെ നിർഭാഗ്യപരിപാകത്താൽ മുപ്പത്തിരണ്ടാമത്തെ തിരുവയസ്സിൽ ദിവംഗതനായ മഹാപണ്ഡിതർ അശ്വതിതിരുനാൾ രാമവർമ്മ, അവിടുത്തെ ഭാഗിനേയി പുത്രനായിരുന്നു. കേരളീയ വനിതാമണികൾക്ക് അഭിമാനസ്തംഭമായ സ്വാമൃതിരി കോവിലകത്തെ മനോരമത്തമ്പുരാട്ടി, തിരുമനസ്സിലെ ഔദാര്യമാസ്വദിച്ചവരാണ്. ചരിത്രപ്രസിദ്ധരായ ശ്രീഹർഷവർദ്ധനൻ, ഭോജരാജാവ്, കൃഷ്ണദേവരായർ, രഘുനാഥനായികൾ, എന്നിവർക്കു സദൃശനായിരുന്നു പുണ്യചരിതനായ ധർമ്മരാജാവ് എന്നുപറയുന്നതിൽ തെല്ലും അതിശയോക്തിയില്ല.

SAHRUDAYA PUBLIC LIBRARY K. JACOB

ള്ള വിചാരം കുര്യച്ചന്റെ മനസ്സിൽ ഒരു മിന്നൽപിണർപോലെ പാഞ്ഞുപോയി.

സാറ് ഇങ്ങനെ ഏലിയാമ്മയുടെ വസതിയിൽ രണ്ടു നേരം കഞ്ഞിയും കുടിച്ചുകൊണ്ടു് താമസം തുടങ്ങി.

ഉച്ചക്കു് പാവം കുര്യച്ചനു് ആഹാരം ഒന്നുമില്ല. കണക്കെഴുത്തെന്നൊക്കെ പറഞ്ഞതു് പച്ചക്കള്ളം. കൂടുതൽ വിശക്കുന്ന അന്നു് കാൽ ചക്രത്തിനു് പഴം വാങ്ങിത്തിന്നും. സ്ക്കൂൾ വിട്ടാൽ നടക്കാൻ പോകും. വൈകുന്നേരം വന്നാലുടൻ കുളിയും കഴിഞ്ഞു് കഞ്ഞികുടിയായി. വെള്ളിയാഴ്ച വൈകുന്നേരം മുഷിഞ്ഞ വസ്ത്രങ്ങൾ ഒരു ഭാണ്ഡമാക്കി വീട്ടിലേക്കുള്ള പുറപ്പാടാണു്. തിങ്കളാഴ്ച രാവിലെ പതിനഞ്ചു മൈൽ നടന്നു്, പുതിയ ആഴ്ചയിൽ ഉപയോഗിക്കുവാനുള്ള വസ്ത്രങ്ങളും മററും അലക്കി തിരിയെ എത്തും.

ദീർഘമായ വർഷങ്ങൾ ഇങ്ങനെ നാലുകഴിഞ്ഞു. രൂപ രണ്ടായിരം പിന്നെയും ബാങ്കിലായി. ഇതിനിടയിൽ വിട്ടതിവീട്ടിലെ ഏലിയാമ്മ കുര്യച്ചന്റെ ഭാര്യയായിത്തീർന്നിരുന്നു. എന്നാൽ കുര്യച്ചനു് തന്റെ "അയ്യായിര"ത്തിനോടല്ലാതെ മററാരോടും സ്നേഹമില്ല.

കുര്യച്ചൻ ഒരോമൽ സന്താനത്തിന്റെ "അപ്പച്ച"നായിത്തീർന്നു. കുട്ടിയോടു് കൂടുതൽ വാത്സല്യം തോന്നുമ്പോൾ, അവനു് ഒരു പൊന്നരിഞ്ഞാൺ തീർത്തു കൊടുക്കണം രണ്ടു പട്ടുടുപ്പു തൈപ്പിച്ചു കൊടുക്കണം എന്നൊക്കെ അയാൾ വിചാരിക്കും. ഉത്തരക്ഷണത്തിൽ അയ്യോ എന്റെ "അയ്യായിരം അയ്യായിരം" എന്നുരുവിടും.

കുര്യച്ചനു് വീണ്ടും ഒരു സ്ഥലംമാററം. എട്ടു മൈൽ ദൂരെ; നാലുമൈൽ അപ്പുറം ഒരു ചെറിയ പട്ടണമുണ്ടു്. അവിടം വരെ ബസ്സുണ്ടു്. അവിടെ ചെന്നാൽ പിന്നെയും നാലുമൈൽ ദൂരത്തുള്ള സ്ക്കൂളിലേക്കു് ബസ്സുണ്ടു്. ഇങ്ങനെ മൂന്നും മൂന്നും ആറുചക്രം കൊടുത്താൽ പുതിയ സ്ക്കൂളിൽ നടക്കാതെ എത്താം. പക്ഷേ ആറുചക്രം; അയ്യോ! വേണ്ടാ നടക്കുക തന്നെ എന്നു തീർച്ചപ്പെടുത്തി. നടന്നു തന്നെ പുതിയ സ്ഥലത്തേക്കു് പോകു തുടങ്ങി. സ്ക്കൂളിനും വീടിനും മദ്ധ്യേ ഒരു ചെറിയ പട്ടണമുണ്ടെന്നു് നേരത്തേ പറഞ്ഞിരുന്നല്ലോ. ഗൃഹത്തിനും ഈ പട്ടണത്തിനും മദ്ധ്യേവച്ചു് ആരെയെങ്കിലും കണ്ടാൽ സാറിനു വലിയ വിഷമമാണു്. ഒരിക്കൽ ഒരാൾ ഇദ്ദേഹത്തെ കണ്ടു. അയ്യോ. സാറു നടക്കുകയാണോ? എട്ടു മൈൽ ദിവസവും നടക്കുന്നതു് വലിയ ക്ലേശമല്ലേ.

കുര്യ:—അങ്ങിനെയല്ല പട്ടണത്തിൽ ചെന്നിട്ടു് അവിടെ നിന്നു വണ്ടിയിൽ പോകും. പകുതി നടക്കുകയും പകുതി വണ്ടിയിൽ പോകുകയുമാണു് പതിവു്." ഇങ്ങനെ പറഞ്ഞു അവിടെനിന്നും രക്ഷപെട്ടു. പട്ടണത്തിൽ പ്രവേശിച്ചു് പിന്നെയും വടക്കോട്ടു് കാൽ വണ്ടിയിൽ തന്നെ യാത്രതുടങ്ങി. നമ്മുടെ പഴയ ശങ്കരൻ നായർ കണ്ടു. "കഷ്ടം എന്റെ സാറേ! ഇങ്ങനെ സമ്പാദിക്കുന്നതെന്തിനാണു്. എട്ടുമൈൽ നടന്നു ക്ഷീണിച്ചാൽ എന്തു് പഠിപ്പിക്കുവാനാണു്.

"അതല്ല; സാർ; പട്ടണം വരെ മോട്ടറിൽവന്നു. ഇനി സ്വല്പം നടക്കരുതോ? പകുതിവഴി വണ്ടിയിലും പകുതി നടന്നും അങ്ങിനെയാണു് ഇപ്പോഴത്തെ പതിവു്. ഞാൻ നടക്കട്ടെ".

സ്ക്കൂളിനടുത്തു് ഒരു തേങ്ങാവെട്ടു സ്ഥലമുണ്ടു്. അവിടെ ചെന്നു് കൈപിടിച്ചുകൊടുക്കും. ഇഷ്ടംപോലെ തേങ്ങാവെള്ളം കുടിക്കും. പിന്നെ ക്ലാസിലേക്കു പോകും.

കുറെ നാളത്തേക്കു നടപ്പൊന്നു നിറുത്തിവച്ചിട്ടു് സ്ക്കൂളിന്റെ അടുത്തുതന്നെ താമസിക്കാം എന്നു തീർച്ചപ്പെടുത്തി. പക്ഷേ പണ്ടത്തേപ്പോലെ രണ്ടു നേരം കഞ്ഞിക്കു് രണ്ടുചക്രത്തിനു് ആരെങ്കിലും താമസിപ്പിക്കുമോ.? എന്നാൽ ഇവിടെയും ഭാഗ്യം സാറിനെ വരിച്ചു. പുതിയ വിട്ടതിവീട്ടിൽ, പഠിക്കുന്ന രണ്ടു പെൺകുട്ടികളുണ്ടു്. അവക്കു് റ്യൂഷൻ കൊടുക്കുന്നതിനും പുറമേ മൂന്നരരൂപ ചാർജ്ജു നൽകുന്നപക്ഷം തൃപ്തിപ്പെട്ടുകൊള്ളാമെന്നു അവർ സമ്മതിച്ചു.

ആ തിങ്കളാഴ്ച രാവിലെ ഏലിയാമ്മ എണീററു് കഞ്ഞിവച്ചു. രണ്ടപ്പുമാങ്ങാ എടുത്തു് അരിഞ്ഞിട്ടു് കഞ്ഞി വിളമ്പി ഭർത്താവിനുകൊടുത്തു. ആത്മനാഥാന്തികേ അരുമസന്താനത്തെ മാറോടണച്ചുകൊണ്ടു് അവൾ ചെന്നുനിന്നു.

ഏലി:—പിന്നെ, ഇവനൊരു ഉടുപ്പു തൈയ്പിച്ചു കൊണ്ടുവരണം.

കു:—എടീ! നീ ഇത്ര പൊട്ടിയാണോ. ഈ ഉഷ്ണമേഖലയിൽ വസിക്കുന്ന നാം ഒരിക്കലും കുട്ടികളെ ഉടുപ്പിടുവിക്കരുതു്

ഏ:—കൊച്ചിനു് പാൽ വാങ്ങണം എനിക്കു് എണ്ണയില്ല. നിങ്ങളു് അടുത്ത വെള്ളിയാഴ്ചയേ വരികയുള്ളു.

സാറിതു മൂളിക്കേട്ടു. വേഗം കഞ്ഞികുടി കഴിഞ്ഞു. പെട്ടിതുറന്നു് കഴിഞ്ഞ ഒന്നരക്കൊല്ലമായി താൻ സൂക്ഷിച്ചുവച്ചിരുന്ന ഒരു എടുക്കാത്തപണം എടുത്തു "മുടിഞ്ഞുപോകട്ടെ" എന്നു മനസാ വിചാരിച്ചു ഏലിയാമ്മയുടെ കൈയ്യിൽ വച്ചുകൊടുത്തു.

ഏലിയാമ്മക്കു ദേഷ്യം വന്നു. അവൾ അതു വലിച്ചെറിഞ്ഞു. നിങ്ങളുടെ പൂത്തപണത്തിന്റെ കൂടെ ഇതും വച്ചുകൊള്ളുക".

കുര്യ:—എടീ നീ എന്നെ നശിപ്പിക്കുവാൻ തുടങ്ങുകയാണോ? ഇതാ ഈ പണം കൂടി എടുത്തുകൊണ്ടു് സന്തോഷമായിരിക്കു.

ഭാര്യയെ തൃപ്തിപ്പെടുത്തി സാർ യാത്രയായി. അവിടെ ചെന്നു പുതിയ വിട്ടതിയിൽ താമസമായി. ഇപ്പോൾ രണ്ടു നേരം ചോറും ഒരുനേരം കഞ്ഞിയുമാണെന്നു ഒരു വ്യത്യാസം മാത്രം. ഇതിനിടയിൽ അടുത്തുള്ള ഒരു പുരാതന നായർത്തറവാട്ടിലെ റ്യൂഷനും കരസ്ഥമാക്കി. രണ്ടു പെൺകുട്ടികളെ പഠിപ്പിക്കുന്നതിനു് വൈകുന്നേരം രണ്ടുമണിക്കൂർ ബുദ്ധിമുട്ടും. പാറുക്കുട്ടിയാണു ആ കുടുംബത്തിലെ നായികയും കാരണവരും, ഏകാധിപതിയും എല്ലാം. ഈ വിധത്തിൽ പാർക്കുളങ്ങര തറവാട്ടിലെ ഹിററ്ലർ ആയിരുന്നു പാറുക്കുട്ടിയമ്മ. എന്തു സൌന്ദര്യം, എന്തു് ശ്രീ. ആ ലാവണ്യധാമം ചിലപ്പോൾ കുശലപ്രശ്നങ്ങൾ നടത്താറുണ്ടായിരുന്നു. "എന്താ സാറിന്റെ താമസമൊക്കെ സുഖമാണോ?" "അതേ" എന്നു സാർ ചിരിച്ചുകൊണ്ടു് മറുപടി പറയും.

മാസാവസാന ദിവസമായി. സാറിന്റെ ശമ്പളം പത്തുരൂപയും പാറുക്കുട്ടിയമ്മയുടെ ഓമൽകരങ്ങളിൽ നിന്നുകിട്ടി. ഒരു പുതിയ നോട്ടു്! സാർ സന്തോഷത്തോടേ വീട്ടിലേക്കു പോയി. ഒരു ദിവസം സായാഹ്നത്തിൽ ട്യൂഷൻ നടത്തിക്കൊണ്ടിരിക്കുന്ന അവസരത്തിലാണു് പാറുക്കുട്ടിയമ്മയുടെ മധുരസ്വരം കുര്യച്ചന്റെ ചെവിയിലെത്തിയതു്.

കാര്യസ്ഥൻ:—കൊച്ചമ്മാ പത്താം തീയതി രൂപാ അയ്യായിരം ഉണ്ടാവണം. പണമടച്ചില്ലെങ്കിൽ വലിയ കുഴപ്പമാണു്.

പാ. കു:—അതിനെന്താ? പണം തരാമെന്നു • നാളികേരക്കാരൻ മാപ്പിള സമ്മതിച്ചിട്ടില്ലേ?

കാര്യ:—നമ്മുടെ ട്യൂഷൻ മാസ്റ്റർ സാമാന്യം ഭേദപ്പെട്ട കൂട്ടത്തിലാണു്. ക

റെ പണം കൈയ്യിലുണ്ടെന്നാണ് കേൾക്കുന്നതു്. നമുക്ക് അദ്ദേഹത്തിന്റെ പക്കൽ നിന്നും കുറെ പണം വാങ്ങിക്കൂടെ?

പാറു:—വേണ്ട വേണ്ട. അവനവന്റെ നിലയിൽ നിന്നു താണു പ്രവൎത്തിച്ചാൽ അത്ര പന്തിയാകയില്ല. നിങ്ങൾ എന്തിനിത്ര ധൃതികൂട്ടുന്നു. സമയത്തിനു് പണം കിട്ടിയില്ലെങ്കിൽ തറവാട്ടു വകയായി ഇവിടെ ഇരുപ്പുള്ള പണ്ടങ്ങളിൽ വല്ലതും കുറച്ചു പണയംവച്ചു കാര്യം സാധിക്കണം ഇതാണോ ഇത്ര ആനക്കാര്യം.

ഇത്രയും സംസാരം കുര്യച്ചൻ കേട്ടു. അയ്യായിരമെന്നു കേട്ടപ്പോൾ വയററിൽ ഒരു തീ വീണെങ്കിലും ന്യായമായ ഈടു് കിട്ടിയാൽ ഒരു പലിശയ്ക്കു് പണം കൊടുക്കാമെന്നു തോന്നി. ടൃഷൻ കഴിഞ്ഞു. പാറുക്കുട്ടിയമ്മയേ ഒന്നു കാണുവാൻ സാർ ഉള്ളിലേക്കു കടന്നു. സന്ധ്യാവന്ദനത്തിനുള്ള ഒരുക്കമൊണവിടെ കുളികഴിഞ്ഞു പാദാഗ്രം വരെ നീണ്ടുകിടക്കുന്ന കേശഭാരത്തെത്തലോടി ആ ഓമനവിഗ്രഹം നിലകൊള്ളുന്നു. സാറിനെ കണ്ടമാത്രയിൽ അവൾ ഒരു വശത്തേക്കു മാറി: "അവിടെ ഇരുന്നാട്ടെ എന്താ ഇന്നു വിശേഷിച്ചു്"

കുര്യ:—ഇവിടെ കുറെ പണം വേണമെന്നു കേട്ടു. ശരിയായ ഈടിന്മേൽ ഒരു പണപ്പലിശയ്ക്കു് ആവശ്യമുള്ള രൂപ തരുന്നതിനു് ഞാൻ സന്നദ്ധനാണു്.

പാറു:—ശരിതന്നെ. എനിക്കു് കുറെ പണത്തിനുള്ള അവശ്യമുണ്ടു്. പക്ഷേ അതു പല വഴികളിൽനിന്നു ഞാൻ പ്രതീക്ഷിക്കുന്നുണ്ടു്. തേങ്ങാക്കാരൻ ഒൻപതാം തീയതി തന്നെ അയ്യായിരം രൂപ ഇവിടെ ഏല്പിക്കാമെന്നു് ഏററിട്ടുണ്ടു്. അതു സാധിക്കാത്തപക്ഷം ഇവിടെയുള്ള പൊൻപണ്ടങ്ങൾ ബാങ്കിൽവച്ചു് ആവശ്യത്തിനു് പണം എടുക്കണമെന്നു വിചാരിച്ചിരിക്കുകയാണു്. സാറിന്റെ നന്മനസ്സിനു് വളരെ നമസ്ക്കാരം.

ഇത്രയും പറഞ്ഞു അറ തുറന്നു പാറുക്കുട്ടിയമ്മ പൊൻപണ്ടങ്ങൾ ഒന്നൊന്നായി എടുത്തു് സാറിന്റെ മുൻപിൽ കൂട്ടി. അലാവുദീന്റെ മാന്ത്രികലോകത്തിലോ, ആലിബാവായുടെ അത്ഭുത അറയിലോ എന്നു് സാർ സംശയിച്ചുപോയി. ലാവണ്യസാരസർവ്വസ്വമായ പാറുക്കുട്ടി ഒരു വശത്തു്. തന്റെ ജീവിതസ്വപ്നമായ ധനം മറുവശത്തു്. സാർ അങ്ങിനെ ഇരുന്നു് പരമാനന്ദനിവൃതിയനുഭവിച്ചു. അടുത്ത നിമിഷത്തിൽ അദ്ദേഹം എണീററു. പാറുക്കുട്ടിയമ്മ വീണ്ടും പറഞ്ഞു. "സാർ ഒരു സഹായം ചെയ്യണം ൫൦൦൦ രൂപ ഒൻപതാം തീയതി ഇവിടെ എത്തിച്ചു തരണം. പത്താംതീയതി സമയത്തിനു പണം കിട്ടിയില്ലെങ്കിൽ വിഷമിക്കണമല്ലോ. തേങ്ങാക്കാരൻ സമയത്തിനു പണം ഇവിടെ എത്തിച്ചാൽ ഉടൻതന്നെ പണം തിരിച്ചു കൊണ്ടുപോകാം. അല്ലെങ്കിൽ കാര്യസ്ഥൻ വശം പണം അവിടെ എത്തിച്ചുതരാം. ഒരു കാര്യം ഞാൻ ചെയ്യാം. ഉറപ്പിനു് ഒരു പ്രോമിസറിനോട്ടു് എഴുതിത്തരാം. ഒരു ദിവസത്തേക്കാണെങ്കിലും സംഗതികൾ ന്യായമായിരിക്കണമല്ലോ.

കുര്യ:—വേണ്ടാ, അതിന്റെ ഒന്നും ആവശ്യമില്ല. പണം നാളെ വൈകുന്നേരം ഞാനിവിടെ എത്തിച്ചുതരാം.

കരാർ അനുസരിച്ചു് രൂപ ൫൦൦൦ ബാങ്കിൽ നിന്നെടുത്തു് അയാൾ പാറുക്കുട്ടിയമ്മയേ ഏൾപ്പിച്ചു. കാര്യസ്ഥനായ നാരായണൻനായർ സാക്ഷിയായി ഒരു പ്രോമസറിനോട്ടു് പാറുക്കുട്ടിയമ്മയിൽ നിന്നു കുര്യച്ചനു ലഭിച്ചു. അന്നു സാറിനു് "കുശാലായി" ഒരു കാപ്പി അവിടെ നിന്നു കിട്ടി. യാത്രാവസരത്തിൽ ഒരു കടാക്ഷവും.

അടുത്ത ദിവസവും പതിവുപോലെ ടൃഷനു ചെന്നു. പലേ പ്രതീക്ഷകളും മനസ്സിലുണ്ടായിരുന്നു. വരാന്തയിലുള്ള കസേരയിലിരുന്നു. സാധാരണ കേൾക്കാറുള്ള മാധുര്യസ്വരങ്ങളോ കഴിഞ്ഞ ദിവസത്തെ ചടുലവീക്ഷണങ്ങളോ ഒന്നും അനുഭവപ്പെട്ടില്ല. കുട്ടികളെയും കാണ്മാനില്ല. സാർ തെല്ലു് സംഭ്രമിച്ചു. അപ്പോൾ ഒരു വേലക്കാരൻ വന്നു് ഒരെഴുത്തു് സാറിനെ ഏൽപ്പിച്ചു.

"ആയുഷ്മൻ! പണം മനുഷ്യനുണ്ടാക്കുന്നതാണു്. മനുഷ്യരെ പണം ഉണ്ടാക്കുന്നില്ല. കുറെക്കൂടി നിങ്ങൾ സുഖമായി ജീവിക്കുവാൻ തുടങ്ങുമെന്നുവിശ്വസിക്കുന്നു. ഞങ്ങൾ രണ്ടുമൂന്നു മാസമായി പാൎക്കുളങ്ങരെ വീട്ടിൽ താമസംതുടങ്ങിയിട്ടു്. വാടകയ്ക്കാണു് താമസിച്ചിരുന്നതു് പൂച്ചുപണ്ടങ്ങൾ കണ്ടാൽ മനസ്സിലാക്കാൻ പഠിക്കണം. ഞാനൽപ്പെടെ അങ്ങയുടെ മുൻപിൽ ഉണ്ടായിരുന്നതെല്ലാം വെറും പൂച്ചുസാധനങ്ങളായിരുന്നു. അടുത്തകൊല്ലം തൃശ്ശൂർപൂരത്തിനു വരുകയാണെങ്കിൽ കാണാം. എന്നു് നിങ്ങളുടെ വിനീതവിധേയ പാറുക്കുട്ടി."

....

പ്രേമതാരം.

(എം. കെ. പത്മനാഭൻ ബി. ഏ.)

ശാന്തകല്ലോലസ്വരം മുഖവശീതത്തിൽചേ-
ത്തന്തരാത്മാവിൽ ഗൂഢമന്ത്രങ്ങളാലപിക്കും
മാരുതനവ്യക്തമായ് വീൎപ്പുകൾ വിട്ടിടുമ്പോൾ
വാരിധിതീരംപാരമിരുളിൽ മയങ്ങുമ്പോൾ
രാജതകരങ്ങളാലെന്നുള്ളം കുളുപ്പിച്ചു
രാജിച്ചുനിൽക്കുന്നേകതാരകം തെളിവോടെ.
വാൎദ്ധകവൈവൎണ്യത്തിൽ മങ്ങിയനഭസ്ഥികൾ
ശ്രദ്ധദിവ്യാഭയേലുന്നെൻ പ്രേമതാരമേ നീ.
ശാസനരൂപത്തിൽ നീ ഗാഢമായ്വീക്ഷിക്കുമ്പോൾ
ഭാസ്വാസരിൽപതിയാകുലമായിടുന്നു.
അംബരാവനിമദ്ധ്യത്തുന്നതസ്ഥാനംനേടി
ലംബമാനയായ് ചിന്താതാന്തയായ്നില്പുന്ന നീ
മാമകഹൃദന്തത്തിൽ മംഗളരശ്മിതൂകി-
യാമോദമേകാനേക കടാക്ഷമയയ്ക്കണേ.
മാമകജീവിതത്തിൽ മാധുര്യം പുരട്ടുവാൻ
തൂമധുവൊഴുക്കണേ നീലവിൺതൂമല്ലികേ.
കണ്ണീരിൽകുളിക്കാത്ത കൗതുകം കാണാതെയീ
മണ്ണിലേതാനും വൎഷമാടലും യത്നങ്ങളും
കൊണ്ടഹോകഴിച്ചിട്ടു ജീവിച്ചെന്നോൎത്തുപോയാ (ൽ
കണ്ടില്ല പരമാൎത്ഥം ആ വാസംഭൂസ്ഥാവഹം
കഴിഞ്ഞകാലംപാരംകാമ്യമായ് തോന്നീടിലും
കഴിവില്ലതുസത്യജീവിതമെന്നെണ്ണുവാൻ
വാസ്തവജീവിതത്തെ വാങ്മനഃകായങ്ങളാൽ
നിസ്തുലംസമീപിക്കാനജ്ഞനാം ഞാനശക്തൻ.
കീൎത്തിമാൻചിത്രകാരൻ, ഗായകശ്രേഷ്ഠൻ, കാവ്യ
കൎത്താവുമെന്തറിഞ്ഞു, സൎവ്വവുമപൂൎണ്ണംതാൻ.
പൂൎണ്ണതയാമാശിച്ചാഞ്ഞു പിടിക്കാൻ യത്നിക്കവേ
നിൎണ്ണയം നാം നിൽക്കുന്നശാഖയുമടൎന്നുപോം.
പൊന്നൊളിസ്വപ്നങ്ങളെനോക്കിനിന്നെല്ലാ-
യ്പോഴും
മന്ദമായ്ഹസിക്കുന്ന പട്ടടപാരിലെല്ലാം.
മാമകമയാമോഹക്കുടക്കീഴിലെ ലോകം
ഭൗമികനിഴലേററ നാരകക്കുഴിതന്നെ
കൊട്ടുംകാററടിക്കുമ്പോൾ ദൃഢൽമഞ്ഞോട്ടംപോലെ
കുടുത്ത മായാലോകം കണ്ണിൽനിന്നകന്നാകിൽ
അന്നേരം തെളിഞ്ഞീടുമലോക പ്രശാന്തിയിൽ
നിന്നെഞാനൎത്തുടൻവീടാമെൻപ്രേമനക്ഷത്രമേ.

ഭാരതീയ

☞ കഥകൾ. ☜

മി: പി. സി. കോരുതു് എഴുതിയിട്ടുള്ളവയും രസകരങ്ങളായ ൨൫ ചെറുകഥകളുടെ ക്രോഡീകരണം. വില ൧ രൂ. കുറച്ചു പ്രതികൾ മാത്രം. ഉടൻ ആവശ്യപ്പെടുക.

മാനേജർ.

കേരളപബ്ളിഷിംഗ് കമ്പനി.

പുളിക്കീഴ്—തിരുവല്ലാ.

രണ്ടു ചിത്രങ്ങൾ.

(ഉപഗുപ്തൻ)

—ഭാഷാപോഷിണിക്കു പ്രത്യേകം—

ഇന്നാൾ സിനിമാ കൂടാരത്തിൽ വച്ച് അത്ഭുതപൂർവ്വം സഹൃദയരുടെ ഹാസ്യസിരകളെ ഉത്തേജിപ്പിക്കത്തക്കതുമായ ഒരു കാഴ്ചകണ്ടു. സഹൃദയർ എന്ന പദം ഇവിടെ കരുതിക്കൂട്ടിയാണ് പ്രയോഗിച്ചിട്ടുള്ളത്. മുൻനിരയിൽ കിടക്കുന്ന ഒന്നാംക്ലാസ്സ് ചാരുകസേരയിൽ പതിനൊന്നു രൂപാ ശമ്പളക്കാരൻ ഒരു പോലീസ് കാൺസ്റ്റബിൾ അലക്കിത്തേച്ച നീളൻ ഡ്രാക്കാമസ്സിൻ ചട്ടമ്പിക്കുപ്പായവും ഒരു മലാഖാ കെയിനുമായി അങ്ങനെ ചാരിക്കിടന്നു സിഗററുവലിച്ചും, ഇടത്തും വലത്തുമായി വിദൂരത്തിലിരിക്കുന്ന അംഗനാമണികളേ, അവരും ഇതരരും അറിയാതെ, മങ്ങിയ വെളിച്ചത്തിൽ കടാക്ഷിച്ചും, പരമാനന്ദനിർവൃതിയടയുന്നു. അയാളുടെ പുറകിലുള്ള രണ്ടുനിര കസേരകൾക്കും പിന്നിലായി ഒരു സാധാരണ ചാരുബെഞ്ചിൽ, മുന്നൂററിയമ്പതു രൂപാ പ്രതിമാസം ശമ്പളം വാങ്ങുന്ന ഒരു ന്യായാധിപതി, വാരയ്ക്കു നാലണയുള്ള പേൻസിഷേർട്ടും മുക്കാൽ രൂപയുടെ കറുത്തപുള്ളിയിലക്കരയിൽ മുഷിഞ്ഞ കോട്ടാറൻ നേര്യതുമായി ബാർബർഷോപ്പിൻ മുടിവെട്ടിക്കുവാനെന്നമാതിരി, അങ്ങനെ അററൻഷനായി ഇരിക്കുന്നു. ഇടം വലം നോട്ടമില്ലാതെ വെൺ തിരശീലയിൽ തെളിഞ്ഞു മറയുന്ന ചിത്രങ്ങളുടെ ക്ഷണഭംഗുരതയിൽ തത്വതന്തുക്കളെ ഘടിപ്പിച്ച് അദ്ദേഹം ചിന്താമഗ്നനായിരിക്കയെണോ എന്നു പറയുവാൻ നിവൃത്തിയില്ല.

കഥാനായകനെ വഞ്ചിച്ചു കൊലചെയ്യുന്ന രംഗം നിരീക്ഷിച്ച്, ആ ഭയങ്കരകൃത്യംചെയ്ത ഘാതകന് എന്തുശിക്ഷയാണു നിയമമനുവദിക്കുന്നതെന്നറിയുവാൻ അദ്ദേഹത്തിൻെറ ശ്രദ്ധയും ബുദ്ധിയും ഒരുവേള കോടതിയിലെ ഗ്രന്ഥവരിയിലേക്കു പോയിരിക്കുകയായിരിക്കാം. ഏതായാലും ആ രണ്ടു് ഉദ്യോഗസ്ഥന്മാരും രണ്ടുതരം മനോഭാവത്തോടെ അങ്ങനെയിരുന്നു സിനിമാ കാണുകയാണ്. അന്നുരാവിലെ ൧൧ മണി മുതൽ വൈകിട്ട് അഞ്ചുമണി വരെ, മൂർച്ഛയില്ലാത്ത ഒരു പിത്തളപ്പിടിവാളുമായി, ആ മഹാനുഭാവൻെറ കോടതിവാതിൽക്കൽ പഞ്ചപുച്ഛമടക്കിനിന്ന ആ അതിവിനീതദാസൻ അതേ മഹാധന്യനായ ന്യായാധിപൻെറ മുൻപിൽ ഇപ്പോൾ ലങ്കാരാവണനായി തെളിഞ്ഞിരിക്കുന്നു. ജസ്റ്റി അവർകൾ എട്ടുചക്രം കടിച്ചുഴിച്ചു കൊടുത്തു് ഒരു ടിക്കററു വാങ്ങിയിട്ടു് ഇരിക്കാൻ കിട്ടിതയോ, ആ തുകയുടെ അന്തസ്സ് അനുവദിക്കുന്നിടത്തോളം മാത്രമുള്ള ഒരു ബെഞ്ചിൻെറ മൂല! യാതൊരു തുകയും കൊടുക്കാതെ വാതിൽക്കൽ ടിക്കററുപരിശോധിക്കുവാൻ നിൽക്കുന്ന ദ്വാരപാലകന്മാരുടെ ഭക്ത്യാദരപ്രകടനങ്ങളെ മന്ദസ്മിതത്തോടെ സ്വീകരിച്ച് ഒരു ചെറിയ മൂളിപ്പാട്ടിൻെറ ചരണങ്ങളെ ധ്വനിപ്പിച്ച്, കടന്നുവന്ന കോൺസ്റ്റബിൾ അങ്ങുന്ന്, ഒന്നാം നിരയിൽ, കോമ്പ്ളിമെൻററി ടിക്കററുകാരായ പത്രാധിപന്മാരുടെയും നഗരപിതാക്കന്മാരുടെയുംമററും കൂട്ടത്തിൽ തനിക്കു ജന്മസിദ്ധമായ അപരിഷ്കൃത ഔന്നത്യഭാവത്തോടെ, ഒന്നാംക്ലാസ് കസേരയിൽ, വന്ന് അങ്ങനെ തെളിഞ്ഞിരിക്കുന്നു! പാവപ്പെട്ട ജഡ്ജിയെവിടെ, മഹാധന്യനായ പോലീസ്കാരനെവിടെ? ഉദ്യോഗസ്ഥലോകത്തിലെ പരിപാവന ധർമ്മോപാസകനെവിടെ? ധർമ്മവും കർമ്മവും തിരിച്ചറിവാൻ ശക്തിയില്ലാത്ത സാധുജനമർമ്മോപാസകനെവിടെ? നമ്മുടെ ചുററും കാണുന്ന രണ്ടുചിത്രങ്ങൾ!

S. J.

COMPETITION No. 1.

'48' Rs. 350.

൧ മുതൽ ൯ വരെയുള്ള അക്കങ്ങൾകൊണ്ടു് കളങ്ങൾ പൂരിപ്പിക്കുക. വലത്തോട്ടോ, കീഴോട്ടോ, കോണായോ എങ്ങനെ കൂട്ടിയാലും ആകെതുക "൧൯" കിട്ടണം. ഒരു സംഖ്യ ഒരിക്കലേ ഉപയോഗിക്കാവൂ.

ഞങ്ങളുടെ ഓഫീസിൽ സീൽവച്ചു സൂക്ഷിച്ചിരിക്കുന്നതിനനുസരിച്ചു ശരിയായ ഉത്തരം അയക്കുന്നവർക്ക് ൩൦൦ രൂപ സമ്മാനം ലഭിക്കുന്നതാണ്. ഫീസ് ആദ്യത്തെ ഉത്തരത്തിന് ൨ ണയും പിന്നീടുള്ള ഉത്തരങ്ങൾക്ക് ൧ണ വീതവും ഉത്തരത്തോടൊന്നിച്ച് മണിയോർഡറായോ, തപാൽ സ്റ്റാമ്പായോ താഴെക്കാണുന്ന മേൽവിലാസത്തിൽ അയയ്ക്കേണ്ടതാണ്. ഉത്തരങ്ങൾ ൩൦-൧൧-൧൧൫ വരെ മാത്രമേ സ്വീകരിക്കൂ. വിജയികളുടെ പേരുവിവരത്തോടെ ശരിയായ ഉത്തരം ൬-൧൨-൧൧൫ൽ പ്രസിദ്ധപ്പെടുത്തും. മറുപടിയ്ക്കു് പ്രത്യേകം സ്റ്റാമ്പ് അയയ്ക്കണം.

മററു പല വിലയേറിയ സമ്മാനങ്ങൾ.

മേടം ൧൫-ാം-ക മുമ്പ് ഓഫീസിൽ ലഭിക്കുന്ന ആദ്യത്തെ ശരിയായ ഉത്തരത്തിന് ൨൫ രൂ പ്രത്യേകസമ്മാനം. കൂടാതെ ഏററവും കൂടുതൽ ഉത്തരങ്ങൾ അയയ്ക്കുന്ന രണ്ടുപേർക്ക് ൧൫ രൂപയും ൧൦ രൂപയും നൽകുന്നു.

N. B. ഞങ്ങൾ പരിപൂർണ്ണ ഉത്തരവാദിത്വത്തോടെ അയച്ചുതരുന്ന മുദ്രവച്ച രസീതും ടിക്കററും സൂക്ഷിച്ചുകൊള്ളണം,

ഉത്തരങ്ങൾ ഉടൻ അയക്കുവിൻ.

മാനേജർ, മോഡേൺ കാമ്പറററീഷൻസ്, ആലപ്പുഴ.

ഒരു ദിവാസ്വപ്നം.

(എം. വി. നാരായണയ്യർ ബി. ഏ.)

ഒരു വ്യാഴവട്ടക്കാലമായി പരീക്ഷയ്ക്കുള്ള ശുഷ്കവും വിരസവുമായ പാഠ്യപുസ്തകങ്ങൾ വായിച്ചു വായിച്ച് എന്റെ കണ്ണുകൾ സാഹിത്യസൌന്ദര്യാരാധനത്തിന് അപ്രഗത്ഭങ്ങളായി. പാശ്ചാത്യപരിഷ്കാരക്കണ്ണടയിൽ കൂടെ നോക്കിയപ്പോൾ ഭാരതമാതാവ് നിർദ്ധനയും അപരിഷ്കൃതയുമായിക്കാണപ്പെട്ടു. ശാസ്ത്രഗ്രന്ഥങ്ങളിൽ പാണ്ഡിത്യം സമ്പാദിക്കും തോറും, നപുംസകനെന്നു വിധിച്ച് കവിതാകാമിനി എന്നെ നിന്ദിച്ചു കളയുമെന്നു ഞാൻ ഭയപ്പെട്ടു. അതിനാൽ പരീക്ഷ കഴിഞ്ഞയുടൻ തന്നെ വാല്മീകി കാളിദാസാദി സംസ്കൃതകവികളെ ഞാനാരാധിച്ചു തുടങ്ങി. പാവനമായ ഭാരതീയ സംസ്കാരം ക്രമേണ എന്റെ ജീവരക്തത്തിൽ കലർന്നു. കണ്ണിന്റെ മൂടൽമാറി. സാക്ഷാൽ സൌന്ദര്യം-നശ്വരമായ ബാഹ്യസൌന്ദര്യമല്ല-ശാശ്വതവും ആഭ്യന്തരവുമായ ധാർമ്മികസൌന്ദര്യം എന്നെ ആകർഷിച്ചു തുടങ്ങി.

ഒരു ദിവസം ഭക്ഷണം കഴിഞ്ഞു് ഞാൻ ഒരു "മടിയൻ" കസേരയിൽ ചാരിക്കിടന്നു കൊണ്ട്, വിദൂരഭാവിയിലെ ദാമ്പത്യജീവിതത്തിന്റെ പല മോഹനരംഗങ്ങളേയും കുറിച്ചു ചിന്തിച്ചു തുടങ്ങി. അനേകം സങ്കല്പസൌധങ്ങൾ ഞാൻ ആകാശത്തിൽ കെട്ടിയുയർത്തി. അരമണിക്കൂറിനകം ഞാൻ ഗാഢനിദ്രാധീനനായി. എന്റെ ചുറ്റും ഇരുട്ടുവ്യാപിച്ചു. ചലന ചിത്രത്തെപ്പോലെ ഒരു ധൌതാംബരം എന്റെ മുമ്പിൽ ആവിർഭവിച്ചു. അട്ടഹാസം ചെയ്തലയടിക്കുന്ന സമുദ്രം, ദുഷ്ടമൃഗങ്ങൾ സ്വൈരവിഹാരം ചെയ്യുന്ന ഘോരാരണ്യങ്ങൾ, ആഡംബരപൂർണ്ണമായ നഗരങ്ങൾ, ആകാശം മുട്ടുന്ന മന്ദിരപംക്തികൾ, മനോഹരങ്ങളായ ഉദ്യാനങ്ങൾ എല്ലാം അനുക്രമം ആ സ്ക്രീനിൽ കൂടി കടന്നു പോകുന്നതായി ഞാൻ കണ്ടു. പെട്ടെന്നു കർണ്ണമധുരമായ ഒരു കോകിലഗാനം എന്റെ ശ്രദ്ധയെ ആകർഷിച്ചു. ഞാൻ നാലുപാടും നോക്കി. ആ ഗാനമാധുര്യത്തെയും അതിശയിക്കുന്ന ഒരു മഞ്ജുളാംഗി, ജടാവൽക്കലധാരിയായ പതിയോടുകൂടി വനമധ്യത്തിൽ പ്രത്യക്ഷയായി. അവൾ-പതിവ്രതാ ശിരോരത്നമായ ആ ക്ഷമാകന്യക—പർണ്ണശാല തൂത്തു വൃത്തിയാക്കി വെറും തറയിലിരുന്ന്, തന്റെ ആത്മവല്ലഭന്റെ ശിരസ്സെടുത്തു മടിയിൽ വച്ച്. മൃദുലമായ ഒരു ഗാനമാലാപിച്ച് അദ്ദേഹത്തിന്റെ ചിന്താഭാരം നീക്കുന്നു. കാടുനഗരമാക്കി, പുൽമാടം പൂമേടയാക്കി, കൽത്തറ പൂമെത്തയാക്കി ഇരുട്ടിനേ വെളിച്ചമാക്കുന്ന പ്രേമം, ഹാ! അതു ലോകസാധാരണമല്ല. ആഭ്യന്തരസൌന്ദര്യവും, ശാരീരിക സൌകുമാര്യവും ഇത്ര മധുരമായി സമ്മേളിക്കത്തക്കവണ്ണം, സീതയേ സൃഷ്ടിച്ച കവി ബ്രഹ്മാവിലും സമർത്ഥനാണെന്നു ഞാൻ തലകുലുക്കി സമ്മതിച്ചു. ദുരിതങ്ങൾ വേണ്ടുവോളം അനുഭവിച്ച്, താപാഗ്നിയിൽ ചാടിയിട്ടും ദഹിക്കാതെ ഉയർത്തെഴുന്നേറ്റിട്ടും, അപവാദഭയത്താൽ നിഷ്ഠൂരമായി കാട്ടിലേക്കെറിയപ്പെട്ടിട്ടും, അവൾ അതാ ശ്രീരാമനേ നിരപരാധിയെന്നു വിധിച്ച് ആരാധിക്കുന്നു. ദേവീ! നീ തന്നെയാണ് ഭാരതീയ സംസ്കാരത്തിന്റെ കനകരശ്മി ചിതറുന്ന ജ്യോതിസ്സ്, നയനങ്ങൾക്കും തപിക്കുന്ന ഹൃദയങ്ങൾക്കും അമൃതധാര ചൊരിയുന്ന പ്രേമാമൃതം-അസപത്നം, അസ്വസ്ഥചിത്തരായ ഏതു ഭാരതീയ യുവാവിന്റേയും സഹധർമ്മിണീപദത്തിനു മാർഗ്ഗദർശിയായ സൌന്ദര്യസാക്ഷാൽകാരം. "എന്നാൽ ആ സ്ത്രീസഹജമായ ചാപല്യം—പൊന്മാനിലുണ്ടായ ആ ഭ്രമം—രാമന്റെ ഹൃദയകുസുമത്തിൽ ഇടിത്തീവീഴിച്ച ആ ദുർമ്മോഹം ഭവതിയേ ലജ്ജിപ്പിക്കുന്നില്ലേ?" എന്നു ഞാൻ അറിയാതെ ചോദിച്ചു പോയി.

അതാ രംഗം മാറി. വനം അതുതന്നെയാണെന്നുതോന്നുന്നു. തലമുടി ജടപിടിച്ച് വസ്ത്രങ്ങൾ മലിനമായി, ജീവരക്തം മുഴുവൻ കണ്ണീരാക്കി ഒഴുക്കി; എല്ലും തൊലിയും മാത്രമുള്ള ഒരു യോഗിനി, കണ്ണുകൾ വാനിലേക്കുയർത്തി എന്തോ പ്രാർത്ഥിക്കുന്നു. നിരാഡംബരനും, ധൃനിസർഗ്ഗസുന്ദരനുമായ ഒരു രാജാവ് പരിഭ്രമിച്ചോടിയണഞ്ഞ്, വാക്കൊന്നുച്ചരിക്കാതെ, വികാരപരവശനായി, അവളുടെ പാദത്തിൽ നമസ്കരിക്കുന്നു. "അയ്യോ അരുത്. നമസ്കരിക്കുന്നോ? ഞാനാണു നമസ്കരിക്കേണ്ടത്. ഞാൻ സർവ്വവും ഗ്രഹിച്ചു കഴിഞ്ഞു. അവിടുത്തെ കുറ്റമല്ല. എന്റെ വിധിയാണ്". എന്ന മധുര സാന്ത്വനവചനങ്ങളാൽ ആ സാധ്വി രാജാവിനേ പിടിച്ചെഴുന്നേൽപിക്കുന്നു. കൊഴുത്തുരുണ്ട ഒരു ചെറിയ ബാലൻ സിംഹക്കുട്ടിയേയും തോളിൽ വച്ചുകൊണ്ട്, ഇതെല്ലാം കണ്ടു മന്ദഹസിക്കുന്നു. "ശകുന്തളേ!" എന്നു രാജാവ് സംബോധന ചെയ്തപ്പോഴാണ് എനിക്ക് ആളുകൾ മനസ്സിലായത്. ഹാ! ശകുന്തളേ! നിന്റെ മഹാമനസ്കത അമാനുഷം തന്നെ. നിന്റെ ബാല്യസൌന്ദര്യവും, നിഷ്കളങ്കപ്രേമവും ഞാനോർക്കുന്നു. എന്നാൽ നിനക്കു സാമർത്ഥ്യം പോരാ. ആലോചനാരഹിതമായി, പരിതസ്ഥിതികളറിയാതെ രാജാവിന്റെ മധുര വചസ്സുകളിൽ വിശ്വസിച്ചു. അദ്ദേഹം അടയാളമായിത്തന്ന മോതിരം വെള്ളത്തിൽ കളഞ്ഞിട്ട് വിധിയെ പഴിച്ചു തപസ്സുചെയ്തു. എങ്കിലും ആ ഹൃദയനൈർമ്മല്യം നിനക്കു സ്വർഗ്ഗകവാടം തുറന്നു തരികയും ചെയ്തു.

അതാ പുറകിലേക്കൊന്നു നോക്കുക. അതു നളദയിതയായ ദമയന്തിയാണ്. ലാവണ്യസാരാംശം. അമരാവതിയേയും അമരേന്ദ്രനേയും വെടിഞ്ഞ് നളനേവരിച്ചു. രാജ്യം നഷ്ടമായെങ്കിലും നാഥനേ അനുഗമിച്ചു കാട്ടിൽ പോയി. ഭർത്താവുപേക്ഷിച്ചിട്ടും, നിരാശയ്ക്കധീനയാകാതെ അവളതാ സുദേവനേ അയച്ച് അന്വേഷണം നടത്തുന്നു. രണ്ടാം സ്വയംവരമെന്നൊരു കൌശലം പ്രയോഗിച്ച് വേഷച്ഛന്നനായ നളനേ വരുത്തി സാമർത്ഥ്യത്തോടും, എന്നാൽ ഹൃദയശുദ്ധിയോടും കൂടി പുനസ്സമാഗമം സാധിതമാക്കുന്നു. പതിയും പത്നിയും ഒരുമിച്ച് ഹർഷാശ്രു പൊഴിക്കുന്നു. നളമഹാരാജാവേ! എന്ത്? പുറകോട്ടു മാറുന്നോ? ആ സാധ്വീമണിയേ സംശയിക്കുന്നോ? കലിവിഷത്തിന്റെ കരാളകാളിമ കണ്ടിട്ടുശേഷം ചലിക്കാത്ത ആ തനിത്തങ്കത്തിൽ ശങ്കയോ? വേഗം പരിഗ്രഹിച്ചുകൊള്ളുക. ഹൃദയക്ഷേത്രത്തിൽ പ്രതിഷ്ഠിച്ച് ആരാധിക്കുക.

പിന്നെക്കുറെ സമയത്തേക്ക് യാതൊന്നും ദൃശ്യമായില്ല. അങ്ങനെയിരിക്കെ

ഡാൻസുരംഗം പെട്ടെന്നാവിർഭവിച്ചു. മേഘശ്യാമളകളേബരനായ ശ്രീകൃഷ്ണൻ നയനമോഹനമായ വൃന്ദാവനത്തിൽനിന്നു്, രാഗമധുരമായി ഓടക്കുഴൽ വായിക്കുന്നു. നൂപുരശിഞ്ജിതങ്ങളോടും, കങ്കണക്വണിതങ്ങളോടുംകൂടി സപ്തസ്വരം ആലാപിച്ചുകൊണ്ടു്, ഒട്ടുവളരെ ഗോപസ്ത്രീകൾ ചുററും നിന്നു്, നൃത്തം ചെയ്യുന്നു. അവരിൽ ആരിലും, അത്ഭുതാവഹമായ വ്യക്തിമാഹാത്മ്യമൊന്നും ഞാൻ കണ്ടില്ല. അവരുടെ ശൃംഗാരഗാനത്തിൽ നിഴലിച്ച വിഷ്ണുഭക്തി എന്നെ ആനന്ദഭരിതനാക്കി. എങ്കിലും ഭർത്താവിനേയും ഗൃഹത്തേയും വെടിഞ്ഞു് രാസക്രീഡയ്ക്കൊരുങ്ങിയതു ഉചിതമല്ലെന്നു ആ പുരുഷോത്തമൻ തന്നെ അവരെ കുററപ്പെടുത്തുന്നതു കേട്ടപ്പോൾ എൻെറ സംശയങ്ങളും തീൎന്നു. എന്തെന്നാൽ ഉത്തമഗൃഹനായികാപദത്തിനു് അവരാരും അൎഹരല്ലെന്നാണു് എൻെറ ഹൃദയം എന്നോടു പറഞ്ഞതു്.

അടുത്തമാത്രയിൽ ഭയങ്കരമായ ഇടിനാദവും, ഇരുട്ടിനെ പിളൎക്കുന്ന മിന്നലും കൊണ്ടു് അന്തരീക്ഷം മുഖരിതമായി. ആൎപ്പുകളും അട്ടഹാസങ്ങളും അശ്വജാലങ്ങളുടെ പദാഘാതങ്ങളും കേട്ടു് ഞാൻ ഭയവിഹ്വലനായി. അപ്പോൾ അതാ എൻെറ മുമ്പിൽ; പാഞ്ചജന്യം മുഴക്കികൊണ്ടു് ഭക്തവത്സലനായ കൃഷ്ണനും, മഴപോലെ അമ്പുപൊഴിച്ചുകൊണ്ടു് പുറകിൽ നിൽക്കുന്ന സവ്യസാചിയും, രഥാരൂഢരായി കാണപ്പെട്ടു. രണാങ്കണത്തിൽ നിന്നു കണ്ണെടുക്കാതെ വീരാംഗനയായ പാഞ്ചാലപുത്രി, കൂപ്പിയ കരങ്ങൾ ഹൃദയത്തോടണച്ചുകൊണ്ടു് ഈശ്വരസ്തോത്രം ചെയ്യുന്നു. അവളുടെ ശബ്ദം വ്യക്തവും മധുരവുമായിരുന്നു. "ഭക്തവത്സലാ! വസ്ത്രാക്ഷേപത്തിൽ അവിടുന്നെൻെറ മാനം രക്ഷിച്ചു. കോപാന്ധനായ മഹൎഷിയുടെ ശാപത്തിൽ നിന്നു കുലത്തെ രക്ഷിച്ചു. ഘോരാരണ്യത്തിലും സുഖവാസമുണ്ടാക്കിത്തന്നു. ഈ അവസാനസമയത്തും മംഗല്യം രക്ഷിക്കുന്നതിനു മറക്കരുതേ! എന്നുള്ള പ്രേമവല്ലിയുടെ പ്രാൎത്ഥനയ്ക്കു് ഏതു കുടുംബത്തെയാണു് രക്ഷിക്കാൻ കഴിയാത്തതു്. എന്നാൽ എനിക്കു് ദ്രൗപതിയേപ്പോലുള്ളവരേ ഭയമാണു്. അമാനുഷികവും, അനിതരസാധാരണവുമായ ഒരു ശക്തിയും ഭക്തിയുമാണവൾക്കുള്ളതു്. ഇത്തരം വൈരാഗ്യബുദ്ധിയും പ്രതികാരേച്ഛയുമുള്ളവർ പുരുഷന്മാരേ അബലന്മാരാക്കിക്കളയുമെന്നാണെൻെറ ഭയം.

അതിനേക്കുറിച്ചു കൂടുതൽ ചിന്തിക്കുന്നതിനു മുമ്പു് രംഗം വീണ്ടും മാറി. ഭാരതയുദ്ധത്തിൻെറ ഘോരാരവം പെട്ടെന്നു ശമിച്ചു. പേമാരി ശമിച്ചതു പോലൊരു ശാന്തത എൻെറ ചുററും വ്യാപിച്ചു. ആ ശാന്തരസത്തിനനുയോജ്യവും, ഭക്തിസംവൎദ്ധകവുമായ ഒരു മധുരഗാനം എൻെറ കൎണ്ണങ്ങളിൽ അമൃതവൎഷം ചെയ്തു. ഞാൻ കണ്ണുതുടച്ചു സ്ക്രീനിൽ നോക്കി. തങ്കവിഗ്രഹംപോലുള്ള ഒരു മോഹനാംഗി പുഴയിൽ സ്നാനം കഴിഞ്ഞു്, ഉല്ലാസമായി പാടിക്കൊണ്ടു് വനമദ്ധ്യത്തിൽകൂടി മന്ദം മന്ദം നടന്നുപോകുന്നു. ഇടത്തേ എളിയിൽ ഒരു കുടം വെള്ളം, വലതു കയ്യിൽ കുറെ ഫലമൂലാദികൾ, ഇരുതോളിലും നനച്ചു നിൎമ്മലമാക്കിയ കുറെ പഴയ വസ്ത്രങ്ങൾ, എന്നിവയോടുകൂടി അവൾ ഒരു പുൽമാടത്തിൽവന്നുകയറി. അവൾ ധൃതഗതിയിൽ ഭക്ഷണപാചകം നിൎവ്വഹിച്ചു് അന്ധരും വൃദ്ധരുമായ ശ്വശ്രുവിനേയും ശ്വശുരനേയും ഊണു കഴിപ്പിച്ചു് കട്ടിലിലിരുത്തി, താഴെയിരുന്നു് പുരാണപാരായണമാരംഭിച്ചു. അല്പം കഴിഞ്ഞപ്പോൾ ഒരു യുവാവു് തലയിൽ ഒരുകെട്ടു വിറകും, തോളിൽ ഒരു വലിയ കോടാലിയുമായി ഭവനത്തിലെത്തി. ഒരു ചെറിയ പരിഭ്രമത്തോടുകൂടി എഴുന്നേററു്, നയനമോഹനമായ ഒരു പുഞ്ചിരിതൂകി അവൾ വല്ലഭനേ സ്വാഗതം ചെയ്തു്, സമീപത്തോടിയെത്തി വിറകുകെട്ടും മഴുവും വാങ്ങിത്താഴെവച്ചു്, അദ്ദേഹത്തേ ഒരു പുൽപായിലിരുത്തി വീശിത്തുടങ്ങി. പ്രേമവും ചാരിതാൎത്ഥ്യവും കൊണ്ടു പുളകിതഗാത്രനായ യുവാവു് ആ വധൂരത്നത്തിനു സമ്മാനമായികൊടുത്ത മധുരചുംബനം അവളേ ധന്യയാക്കി. അതിനുള്ള ഭാഗ്യമാണു് ജന്മസാഫല്യമെന്നു അവളുടെ മുഖഭാവം വ്യക്തമാക്കി. ഭൎത്തൃപാദശുശ്രൂഷയാണവളുടെ സൌന്ദൎയ്യം. അദ്ദേഹത്തിൻെറ സാന്നിധ്യമാണു സാക്ഷാൽ സ്വൎഗ്ഗം. അതെ, അതു സാവിത്രിയാണു്. നീയാണു് ആ ദരിദ്രഭവനത്തിൻെറ മംഗല്യമണിദീപം. നിൻെറ കനകപ്രഭ ദാരിദ്ര്യക്കൂരിരുട്ടിനെ മാത്രമല്ല, ആ വൃദ്ധദമ്പതികളുടെ ആന്ധ്യത്തേയും നീക്കുന്നതിനു പൎയ്യാപ്തമാണു്. ബാല്യത്തിലെ രാജോചിതാഡംബരങ്ങൾ വിസ്മരിച്ചുള്ള നിൻെറ പ്രേമമസൃണമായ സന്തൃപ്തിയല്ലേ ഘോരവിപിനത്തേയും രാജധാനിയാക്കിയതു്. "സാവിത്രീ! നീ അശേഷം ഭയപ്പെടേണ്ടാ. ഒരു തുള്ളിക്കണ്ണുനീരുകൊണ്ടു് യമധൎമ്മനേപ്പോലും മുട്ടുകുത്തിക്കുന്നതിനും, ബ്രഹ്മാവിനെക്കൊണ്ടുപോലും ജാതകം തിരുത്തിക്കുന്നതിനും നിനക്കു കഴിവുണ്ടു്." ഞാൻ വികാരഭരിതനായി ഇത്രയും വിളിച്ചുപറഞ്ഞുപോയി. "കുട്ടനു ചായ കുടിക്കേണ്ടേ?" എന്നൊരു ചോദ്യം എന്നെ ഉണൎത്തി. ഞാൻ കണ്ണുതുറന്നു നോക്കി. മണി നാലു കഴിഞ്ഞിരുന്നു. എൻെറ സ്വപ്നചേഷ്ടകൾ വല്ലവരും കണ്ടിരിക്കുമോ എന്നുള്ള ഭയം എന്നെ ലജ്ജിപ്പിച്ചെങ്കിലും, ആ മധുരസ്വപ്നം പെട്ടെന്നവസാനിച്ചതിൽ എനിക്കു കുണ്ഠിതമാണുണ്ടായതു്."

നിർവൃതി.

(വെള്ളിമന കെ. എൻ. പോററി)

—കുറത്തി മട്ടു്—

അഴലാലുഴലും ഹൃദയവുമായി-
ട്ടമലേ! നിന്നെയും കാത്തു
മലർ വനികയിലണയാറുണ്ടു ഞാൻ
ഹൃദയഖേദമൊഴിപ്പാൻ

* * *

പുലരിപുഞ്ചിരിച്ചുവികലാനന്ദ-
മുലകിലേകിടും നേരം
പുതുമലരിലെമധുവുമാസ്വദി-
ച്ചളിമുദിതനാം നേരം.
അഴലാലുഴലും ഹൃദയവുമായി-
ട്ടമലേ! നിന്നെയും കാത്തു
മലർവനികയിലണയാറുണ്ടിവൻ
ഹൃദയതാപമൊഴിപ്പാൻ

* * *

കവനലക്ഷ്മിയെൻ കദനഹാരിണി
കനകപ്പൂന്തുകിൽചാൎത്തി
വരികമാമക ഹൃദയവേദിയിൽ
പുലരിറാണിയെപ്പോലെ-
മധുരമാം മണം പരത്തിയെത്തുമാ-
മലയമാരുതൻ പോലെ
വരികമാമകെഹൃദയമോഹിനി-
കദനദൂരമൊഴിപ്പാൻ

* * *

കൈവിടാതിന്നോമനേ! നീ
യെന്നരികിലെത്തി
തന്നിടേണയുണ്മയിലൊ-
രുമ്മയെനിക്കിപ്പോൾ
ഇന്നതിന്നായ് കാത്തുഞാനീ
മഞ്ജുനികുഞ്ജത്തിൽ

വാണിടുമിന്നോമനേ! നീ-
യെത്തുകില്ലേവേഗം

* * *

ദിനകരനതിപരവശതപൂ-
ണ്ടുദധിമെത്തമേൽ ചാഞ്ഞു.
മൃദുലഗീതകം കളകളംവഴി
കിളികളോതി മറഞ്ഞു.
എങ്കിലും ഞാൻ നിന്നെയും കാ-
ത്തേറെനേരമായി
മുല്ലമലർവാടിയിലെ
മഞ്ജുനികുഞ്ജത്തിൽ
വാഴുകയാണോമനേ! നീ-
പോരുകില്ലേവേഗം
പൂനിലാവുതൂകിശശ-
ബിന്ദുവന്നുദിച്ചു
പാരിനെത്തഴുകിമന്ദ-
മാരുതനുംവീശി

* * *

കിളിമൊഴിയവളരികിലേക്കട-
നിദമരുളിയണഞ്ഞു
"വരികയാണു ഞാൻ വരികയാണു ഞാൻ
വരണമാലയുമേന്തി
ഇനിയും വൈകുവാനിടതരില്ല ഞാ-
നരനിമിഷവും പോലും
മതിനിറുത്തുകീ ഹൃദയരോദന-
മിനിയും കേൾക്കുവാനെന്നാൽ
കഴികയില്ല ഹാ കദനാശ്രുക്കളു-
മിനിയും കാണുവാൻമേലാ."
"മതിമതി ശുഭേ! പരിഭവമെനി
യ്ക്കുണുവുമില്ലിനി നിന്നിൽ"
"മതിമതിനേരമണുവും വൈകുകിൽ
ക്കഴിയും മംഗലകാലം"
ഇതുവിധം മൊഴിഞ്ഞരികിലെത്തിയ
ക്കവനമോഹിനിവേഗം
ഉദിതകൌതുകം വരണമാലയെൻ
ഗളതലത്തിലും ചാർത്തി
അതുമുതലവൾ പ്രണയപൂരിത-
ഹൃദയവുമെനിയ്ക്കേകി

* * *

മുദിതരായ് ഞങ്ങൾ പരമനിർവൃതി
പ്പുഴയിലെന്നുമേ നീന്തി.

BLOOD-IN-DRAKSHA. ബ്ലഡ്-ഇൻ-ഡ്രാക്ഷ.

വൈദ്യലോകത്താൽ പ്രശംസിക്കപ്പെട്ടതു്.

നഷ്ടപ്പെട്ടുപോയ ആരോഗ്യത്തെ വീണ്ടെടുത്തു് താരുണ്യത്തെയും, ലാവണ്യത്തേയും
പ്രദാനം ചെയ്യുന്നു. പ്രസവാനന്തരം സ്ത്രീകൾക്കൊരനുഗ്രഹം.

തിരുവിതാംകൂർ രാജകുടുംബത്തിലെ ആയുർവേദവൈദ്യനും ആണററി ആയുർവേദഡയറക്ടരും അഷ്ടവൈദ്യപ്രധാനിയുമായ ധന്വന്തരിദാസ് സി. എൻ. നാരായണൻ മൂസ്സ് അവർകളുടെ മഹനീയാഭിപ്രായം.

മി: കെ. പാപ്പിവൈദ്യനാൽ നവമായി കണ്ടുപിടിച്ചു് ഉണ്ടാക്കിയിരിക്കുന്ന "ബ്ലഡ്-ഇൻ-ഡ്രാക്ഷാ" എന്ന ആയുർവേദ ഔഷധം ഞാൻ ഉപയോഗിച്ചതിൽ അതു് ആരോഗ്യത്തെ വീണ്ടെടുക്കുന്നതിനു വളരെ പററിയതാണെന്നു എനിക്കനുഭവപ്പെട്ടു. പ്രസ്തുത ടോണിക്കു ശരിയായി ഉപയോഗിക്കുന്നപക്ഷം മലേറിയായിക്കും അതുപോലെ രക്തത്തെ ബാധിക്കുന്ന മററു സുഖക്കേടുകൾക്കുംശേഷം ഉണ്ടാകുന്ന ക്ഷീണം നിശ്ശേഷം മാററുന്നതാണ്. ഇതിൽ വൈദ്യനു സകല വിജയങ്ങളും ആശംസിച്ചുകൊള്ളുന്നു.

സി. എൻ. നാരായണൻ മൂസ്സ്.

കെ. പാപ്പിവൈദ്യൻ, തിടനാട്ട്, ഈരാററുപേട്ട.
ട്രാവലിംഗ് ഏജൻറ് പി. പി. സ്റ്റീഫൻ. പുളിമൂട്ടിൽ.

വില്പന സ്ഥലങ്ങൾ. വില 2 രൂ.

മെസ്സേഴ്സ്സ്
1. വളവി ആൻഡ് കമ്പനി വയ്ക്കം.
2. വി. ഐ. മാത്തൻ ആൻഡ് സൺസ് കോട്ടയം.
3. കെ. സി. മാത്യൂ ആൻഡ് കമ്പനി കോഴഞ്ചേരി.
4. ജോൺസ് ആൻഡ് കമ്പനി മൂവാററുപുഴ.
5. മാത്യൂ എം. തേവലക്കര, ചങ്ങനാശേരി.
6. യൂണിവേഴ്സൽ മെഡിക്കൽ സ്റ്റോർ. ചെങ്ങന്നൂർ.
7. എം. എസ്സ്. എംപീരിയൽ ഡിപ്പോ തിരുവനന്തപുരം.
8. യൂണിവേഴ്സൽ മെഡിക്കൽ സ്റ്റോർ കായംകുളം.
9. കെ. സി. അബ്രഹാം ആൻഡ് സൺസ് കത്തോലിക്ക ഡിപ്പോ. ലത്തീൻ പള്ളിക്കു സമീപം. ആലപ്പുഴ.

മെസ്സേഴ്സ്സ്
10. പി. ഇ. മാത്യൂ ആൻഡ് കമ്പനി റാന്നി.
11. കെ. വി. ജോസഫ് സെൻറ് ജോർജ്ജ് ഡിപ്പോ പൊൻകുന്നം.
12. എൻ. ഇ. വറുഗീസ് മെഡിക്കൽ സ്റ്റോർ കാഞ്ഞിരപ്പള്ളി.
13. ദി. ട്രാവൻകൂർ ട്രേഡേഴ്സ് വണ്ടിപ്പെരിയാർ.
14. പി. സി. ഫ്രാൻസിസ് പുളിക്കൽ പാലാ.
15. എം. ഐ. മാത്യൂ ബ്രദേഴ്സ് അതിരമ്പുഴ,
16. ബി. കെ. കാദിർ മൈതീൻ, കുട്ടി കടുത്തുരുത്തി.
17. പി.സി.തോമ്മസ് ആൻഡ് ബ്രദേഴ്സ് മണക്കുന്നൽചന്ത പിറവം
18. പി. ജോൺ സഖറിയാ. സ്റ്റേഷനറി സ്റ്റോർ കൂത്താട്ടുകുളം,
19. കെ. കുഞ്ഞിക്കോര ചെമ്പുകട തൊടുപുഴ,

ചെറുകഥ.

മോഹനചന്ദ്രൻ.

(സി. കെ. നായർ)

ഞാൻ ആ ലാവണ്യധാമത്തെ ആദ്യമായി ദർശിച്ചതു് ഞങ്ങളുടെ കോളേജിൻെറ വാർഷികോത്സവദിവസമായിരുന്നു. പതിവുപോലെ എല്ലാ വിദ്യാർത്ഥികളും മീററിംഗുഹാളിൽ സന്നിഹിതരായി. ഞാനും എൻെറ ആത്മമിത്രമായ അരവിന്ദനും മുൻപിലായി രണ്ടു കസേരകൾ കരസ്ഥമാക്കി. യുവാക്കന്മാരായ ഞങ്ങൾക്കു പ്രസംഗമാധുരിയേക്കാൾ കാമ്യം ലാവണ്യമാധുരിയായിരുന്നു.

ഈശ്വരപ്രാർത്ഥനാനന്തരം, ആധുനികവിദ്യാഭ്യാസത്തെയും, ഞങ്ങളുടെ കോളേജിൻെറ അനുഗൃഹീതമായ ഭാവിയേയും പരാമർശിച്ചു് അദ്ധ്യക്ഷൻെറ ഒരു ലഘുപ്രസംഗം സഭാവാസികളെ അത്യന്തം രസിപ്പിച്ചു.

ഇന്ദിര—ഇതായിരുന്നു അവളുടെ പേർ—പരിഷ്കൃതരീതിയിലുള്ള വസ്ത്രാലങ്കാരം അവളുടെ സൌന്ദര്യത്തിനു് മാററു കൂട്ടിയിരുന്നു. അദ്ധ്യക്ഷൻെറ ക്ഷണാനന്തരം, ആ തേജഃപുഞ്ജം സംഗീതത്തിനായി സഭാവേദിയിലാഗതയായി. പുഞ്ചിരി തുളുമ്പുന്ന അവളുടെ മുഖകമലവും മന്ദം മന്ദമുള്ള ഗമനവും സഭാവാസികളുടെ ഏവരുടെയും ദൃഷ്ടിയേ കവൎന്നു. ആ ലോലവിഗ്രഹം എൻെറ മനസ്സിൽ ഏതോ ഒരനിയന്ത്രിതമായ വികാരത്തെ മുളപ്പിച്ചു. യോഗം അവസാനിച്ചതുപോലുമറിഞ്ഞില്ല. അരവിന്ദൻെറ തോളിൽ തട്ടിയുള്ള . വിളിയാണു് എന്നെ ഉണർത്തിയതു്. ഞങ്ങൾ ഇരുവരും ഗൃഹത്തിലേക്കു യാത്രയായി. മാർഗ്ഗമദ്ധ്യേ, ഞാൻ പറഞ്ഞു:—അരവിന്ദാ! എന്തു സൌന്ദര്യം "ആരുടെ?" എന്ന അപ്രതീക്ഷിതമായ ചോദ്യം എൻെറ സ്നേഹിതനിൽ നിന്നുണ്ടായി. "ഇന്ദിരയുടെ" ഞാൻ മറുപടി പറഞ്ഞു. അവൻെറ മുഖം മ്ലാനമായി "കൊള്ളാം" എന്നു മാത്രം അവൻ ഉത്തരം പറഞ്ഞു.

II

ഉച്ചക്കു ഞാൻ എൻെറ സ്നേഹിതനെ കാത്തു റീഡിംഗ്റൂമിലിരിക്കയായിരുന്നു. ഇന്ദിരയും അവിടെ ആഗതയായി. അവൾ എൻെറ കസേരക്കു സമീപം മറെറാരു കസേരയിൽ ആസനസ്ഥയായി അപ്രതീക്ഷിതമായ അവളുടെ ആവിർഭാവം എന്നെ രോമാഞ്ചകഞ്ചുകിതനാക്കി. അരവിന്ദൻെറ പെട്ടെന്നുള്ള ആവിർഭാവം എൻെറ ആനന്ദസുഷുപ്തിക്കൊരു പ്രതിബന്ധമായ് ഭവിച്ചു. എൻെറ കരത്തിലിരുന്ന വൎത്തമാന കടലാസ് തലതിരിഞ്ഞാണിരുന്നതു് എന്ന പരമാർത്ഥം ഒരു പരിഹാസസ്വരത്തിൽ അവൻ എന്നെ അറിയിച്ചു. ഞാൻ ലജ്ജിച്ചു തല താഴ്ത്തി. അവൻ എന്നിലും ഇന്ദിരയിലും മാറി മാറി നോക്കി. അവൻെറ മുഖം അരുണവൎണ്ണമായി.

പേപ്പർ മേശമേൽ ഇട്ടിട്ടു് ഇന്ദിര മുറി വിട്ടുപോയി.

നാലുമണിക്കുശേഷം ഞാൻ വിദ്യാർത്ഥിനികളുടെ വിശ്രമമുറിയിലേക്കു ചെന്നു. ഇന്ദിര തനിച്ചു് അവിടെ ഒരു കസേരയിൽ ഇരിക്കുന്നുണ്ടായിരുന്നു. ഇന്ദിരയെ അഭിസംബോധനം ചെയ്തുകൊണ്ടു് ഞാൻ പറഞ്ഞു.

"ഭവതി ഇന്നു റീഡിംഗ്റൂമിൽ ഇട്ടു മറന്നുപോയ, പേന.– ഇത്രയും പറഞ്ഞു പേന ഞാൻ അവൾക്കായി, നീട്ടി, അവൾ തൻെറ മൃദുലകരങ്ങളാൽ ആ പേന, വാങ്ങി. എനിക്കു കൃതജ്ഞത പറഞ്ഞു.

III

ഈ സംഭവത്തിനു ശേഷം ദിനങ്ങൾ പലതുകഴിഞ്ഞു. ഞാൻ ഇന്ദിരയെ കൂടെക്കൂടെ കാണാറുണ്ടു്. അപ്പോഴൊക്കെ അവളുമായിസരസസംഭാഷണങ്ങളിൽ ഏൎപ്പെടാറുണ്ടു്. അരവിന്ദനെയും, എൻെറ ഒരു സതീർത്ഥ്യൻ എന്ന നിലയിൽ ഞാൻ അവൾക്കു് പരിചയപ്പെടുത്തി. അവൻ ഇന്ദിരയുമായി സംസാരിക്കുന്നതുപോലും ഞാൻ ഇതേവരെ കണ്ടിട്ടില്ല.

വർഷം രണ്ടുകഴിഞ്ഞു. ഞാൻ ഇന്ദിരയുടെ ഒരാത്മമിത്രമായ്തീൎന്നു. ഞാൻ അവളേ സ്നേഹിച്ചു, ആരാധിച്ചു അവളില്ലാതുള്ള എൻെറ ജീവിതം ശൂന്യമെന്നു എനിക്കു തോന്നി. ഒരു സായാഹ്നത്തിൽ ഞാൻ ഇന്ദിരയുടെ വസതിയിൽ ചെന്നു.

ഞാൻ—ഇന്ദിരേ! എൻെറ മനോഭിലാഷത്തെ ഭവതിയോടു തുറന്നു പറയണമെന്നു് ഏറിയ നാളായി ഞാൻ കൊതിക്കുന്നു. ഇനി അതു മനസ്സിൽ അടക്കി നിറുത്തുവാൻ എനിക്കു ശക്തിയില്ല. ഇന്ദിരേ, ഈ ദുരാഗ്രഹി ഭവതിയെ സ്നേഹിക്കുന്നു.

വികാര വിജൃംഭിതനായ ഞാൻ മതിമറന്നു പോയി.

അവളുടെ മുഖം, വിളറി, ആ ലോലഗാത്രം വേപഥുപൂണ്ടു. പരിഷ്കൃതാശയെങ്കിലും അനല്പമായ ലജ്ജ അവളെ വിവശയാക്കി ഞാൻ വീണ്ടും തുടൎന്നു, "പ്രിയേ!" നീയില്ലാതുള്ള എൻെറ ജീവിതം ശൂന്യം".

അവൾ ശാന്തസ്വരത്തിൽ പറഞ്ഞു. "മോഹനൻ! എനിക്കു താങ്കളെ വരിക്കുവാൻ നിൎവ്വാഹമില്ല. ഞാൻ മറെറാരാളിൽ അനുരക്തയായിപ്പോയി."

എനിക്കു് നിരാശയും കോപവും ഒരേ നിമിഷത്തിലുണ്ടായി

ഉത്തമനായ ഞാൻ കസേരയിൽ നിന്നെഴുന്നേററു. എൻെറ ദീൎഘബാഹുക്കൾ ആ പൂമേനി ആശ്ലേഷിക്കുവാൻ മുന്നോട്ടാഞ്ഞു. അവൾ ഞെട്ടി പുറകോട്ടു മാറി.

ഇന്ദിര:—മോഹൻ! അരുതു്. സാഹസം കാണിക്കരുതു്. ഒരു കലീനനേപ്പോലെ പെരുമാറൂ. ഞാൻ താങ്കളേ സ്നേഹിച്ചിരുന്നു. ഇപ്പോഴും സ്നേഹിക്കുന്നു. ഒരു സഹോദരനേപ്പോലെ.

ഞാൻ ഒററ ശ്വാസത്തിൽ ചോദിച്ചു:—ഭവതി സ്നേഹിക്കുന്ന ആ മഹാഭാഗ്യവാനാരാണു്"

ഇന്ദിരപറഞ്ഞു—"അരവിന്ദൻ, താങ്കളുടെ ആത്മമിത്രം."

"അരവിന്ദൻ അരവിന്ദൻ" ഞാൻ ഗർജ്ജിച്ചു. "വഞ്ചകൻ! അവൻ എൻെറ ജീവിതസൎവ്വസ്വത്തെ അപഹരിച്ചു." ഞാൻ ഒരു ഭ്രാന്തനെപ്പോലെ ആ മുറിവിട്ടു വെളിയിലേക്കു പാഞ്ഞു.

നിരാശ എന്നെ ഒരു രോഗിയാക്കി തീൎത്തു. രോഗം, തുടങ്ങിയിട്ടു് പതിനഞ്ചു ദിവസമായി.

ഒരുസായാഹ്നത്തിൽ ഇന്ദിരയും, അരവിന്ദനും എൻെറ രോഗസ്ഥിതി അന്വേഷിക്കുവാൻ വന്നു. അവരുടെ ദർശനം എൻെറ വ്രണിതഹൃദയത്തെ വീണ്ടും വേദനപ്പെടുത്തി.

ഇന്ദിര—'മോഹൻ! ഇന്നു നിങ്ങൾക്കു വളരെ കുറവുണ്ടല്ലോ. ഈശ്വരൻ നിങ്ങളെ അനുഗ്രഹിക്കട്ടെ. പ്രിയസോദരാ! മനോവികാരത്തെ കളയുക.

അവൾ ദീർഘമായൊന്നു നിശ്വസിച്ചിട്ട് എന്റെ ഫാലപ്രദേശത്തെ കരം കൊണ്ടു തലോടി. ഞാൻ നയനങ്ങൾ അടച്ചു. എന്റെ ഹൃദയം പ്രതികാരത്തിനു കൊതിച്ചു. ഞാൻ രോഗവിമുക്തനായി എഴുനേററപ്പോൾ അരവിന്ദന്റേയും ഇന്ദിരയുടേയും വിവാഹം കഴിഞ്ഞുവെന്ന വർത്തമാനമാണ് ആദ്യമായി അറിഞ്ഞതു്.

V

ഒരുദിവസം ഞാൻ വീട്ടിൽ വന്നപ്പോൾ സമയം, വളരെ ഇരുട്ടിയിരുന്നു. മദ്യപാനമത്തനായ എനിക്കു അന്നത്തെ ചീട്ടുകളിയിൽ വളരെ നഷ്ടം സംഭവിച്ചു. ഒരു ഭ്രാന്തനെന്നവണ്ണം ഞാൻ കസേരയിൽവീണു. പെട്ടെന്നു ഭൂതാവേശത്താലെന്നവണ്ണം വീട്ടിൽ നിന്നിറങ്ങി ഞാൻ നേരേ; അരവിന്ദന്റെ ഗൃഹത്തിലേക്കു പാഞ്ഞു. നിശയുടെ നീണ്ടതും നിഗ്രഢവുമായ നിശ്ശബ്ദതയിൽ എന്റെ ഹൃദയം തുടിച്ചു. തുറന്നുകിടന്ന ഒരു ജനലിൽക്കൂടി ഞാൻ അകത്തുകടന്നു. മണിമഞ്ചത്തിൽ നിദ്രയിൽലയിച്ചിരുന്ന ആ നവദമ്പതികളെ ഞാൻ കണ്ടു. എന്റെ വിടഹൃദയം, കണ്ണടച്ചുകളഞ്ഞു. ധർമ്മഭീരുവാകാൻ തുടങ്ങിയ, എന്റെ അന്തഃകരണത്തെ, ഞാൻ നിർദ്ദയം കീഴടക്കി. മേശമേൽ എരിഞ്ഞുകൊണ്ടിരുന്ന ദീപം ഞാൻ അണച്ചു. പോക്കററിൽ നിന്നു കൈത്തോക്കെടുത്തു.

എന്റെ കരം ഊന്നിയ അലമാരിയിൽ നിന്ന്, ഒരു പോഴ്സലയിൻകപ്പ്, ഒരുച്ചനാദത്തോടെ നിലംപതിച്ചു. ശബ്ദശ്രവണമാത്രയിൽ അരവിന്ദൻ ഉണർന്നു. ഇന്ദിര ഭയചകിതയായൊന്നു കരഞ്ഞു. അരവിന്ദൻ വൈദ്യുതദീപം തെളിച്ചു. ഞാൻ എന്റെ കൈത്തോക്കിന്റെ നിറയൊഴിച്ചു. ഉണ്ട അരവിന്ദന്റെ ഇടത്തേ, തോളിലേററു. ദൃഢഗാത്രനായ, ആ യുവകേസരിയുടെ ദീർഘബാഹുക്കൾ താമസമെന്യേ എന്നെ ബന്ധനസ്ഥനാക്കി. ബലം, പ്രയോഗിച്ച എന്റെ കൈത്തോക്ക് ആ വീരൻ നിലം പതിപ്പിച്ചു. എന്നെ അടുത്ത മുറിയിലിട്ടടച്ചു. ഞാനൊരു തടവുകാരനായി.

അഞ്ചു മിനിട്ടിനകം നഗരരക്ഷകരായ പോലീസുകാർ വെടിയുടെ ശബ്ദം കേട്ടു അവിടെയെത്തി. മോഷ്ടാവ് തന്നെ മുറിവേല്പിച്ചിട്ട്, എവിടെയോ കടന്നുകളഞ്ഞുവെന്നായിരുന്നു അരവിന്ദന്റെ മൊഴി. ഞാൻ നടുങ്ങി.

എനിക്കു; ബോധം ഉണ്ടായപ്പോൾ ഞാൻ എന്റെ ഗൃഹത്തിൽ ശയ്യാവലംബിയായി കിടന്നിരുന്നു. പശ്ചാത്താപപരഹിതനായ ഞാൻ ഒരു പൈതലെപ്പോലെ ഏങ്ങി, ഏങ്ങി, കരഞ്ഞു. എന്റെ ഘോരാപരാധം ക്ഷമിക്കുവാൻ ഞാൻ സർവ്വേശ്വരനോടു വീണ്ടും വീണ്ടും കേണപേക്ഷിച്ചു.

ഇന്ദിരയുടെ ഉത്സംഗത്തിൽ തലചായിച്ച് കിടക്കുന്ന അരവിന്ദന്റെ ക്ഷതവിഗ്രഹം ആശുപത്രിയിൽ വച്ചു ഞാൻ കണ്ടു. അവന്റെ നയനങ്ങൾ അടഞ്ഞിരുന്നു. അവൻ ബോധശൂന്യനായി കിടക്കുകയായിരുന്നു. ഞാൻ കരഞ്ഞു:—"സഹോദരി! ഈ പാപിക്കു മാപ്പുതരണേ." "മുറിവു സാരമില്ലെന്നും കൂടുതൽ രക്തം പോയതിനാലുള്ള ക്ഷീണമാണെന്നും", അവൾ ശാന്തസ്വരത്തിൽ എന്നെയറിയിച്ചു.

VI

ദിനരാത്രങ്ങൾ പലതു കഴിഞ്ഞു. ഞാനും ഇന്ദിരയും ഊണും, ഉറക്കവും വെടിഞ്ഞു. അരവിന്ദന്റെ ശുശ്രൂഷയിൽ ഏർപ്പെട്ടിരുന്നു. രോഗസ്ഥിതി ആശങ്കാജനകമായ് തീർന്നു. ഇന്ദിര വേരററ മരം പോലെ നിലം പതിച്ചു. ഞാൻ ഭയവിഹ്വലനായി, നഴ്സിനെ വിളിച്ച്, ഇരുവരേയും ശുശ്രൂഷിക്കുവാൻ ഏർപ്പാടു ചെയ്തിട്ട് ഡോക്ടരുടെ മുറിയിലേക്കോടി.

ഒന്നുരണ്ടടി, മുന്നോട്ടു വച്ചതോടുകൂടി, എന്റെ തല കറങ്ങുന്നതായി തോന്നി. ഞാൻ പാരവശ്യത്തോടെ വരാന്തയിൽ ഇരുന്നു. "അരവിന്ദന്റെ ആശങ്കാജനകമായ സ്ഥിതി, ഇന്ദിരയുടെ ദുരവസ്ഥ ഇവയെല്ലാം ഹേതുഭൂതൻ കഠോരഹൃദയനായ ഞാൻ. കഷ്ടം! ഞാൻ എന്റെ പ്രിയ സഹോദരങ്ങളുടെ ഘാതകനായ് തീരുകയോ. ജഗദീശാ! ഈ കൃതഘ്നന് മാപ്പു തരണേ." ഞാൻ തൊഴു കൈയ്യോടെ പ്രാർത്ഥിച്ചു.

എന്റെ കരച്ചിൽ ജഗദീശ്വരൻ ശ്രവിച്ചു. അരവിന്ദൻ കാലവിളംബമെന്യേ സുഖം പ്രാപിച്ചു.

ഞാനിപ്പോൾ അവരുടെ ഗൃഹത്തിലാണ് താമസിക്കുന്നതു്. ആ സ്നേഹസമ്പത്തുകളെ ഞാനെന്റെ അഭ്യുദയകാംക്ഷികളായാരാധിക്കുന്നു.

അവരുടെ അരുമസന്താനത്തിന് അവർ, മോഹനചന്ദ്രൻ എന്ന് നാമകരണം ചെയ്തു. ആ ഓമന കിടാവ് അരവിന്ദന്റെ പ്രതിഛായ തന്നെയായിരുന്നു. അവന്റെ പാൽ പുഞ്ചിരിയിൽ ഞാൻ സ്വർഗ്ഗീയ സുഖം അനുഭവിച്ചു. അവന്റെ പരിലാളനം എന്റെ ജീവിതകൃത്യമായി തീർന്നു. എന്റെ ആനന്ദവും, അഭിമാനവും, അതേ എന്റെ ജീവിതത്തിലെ ഏക സ്നേഹസമ്പത്തും ഓമനയായ, എന്റെ മോഹനചന്ദ്രൻ തന്നെ.

ഫലിതപ്പലക.

ഒരു കുട്ടി-എഴുത്തച്ഛൻ രാമായണം പാടിക്കാൻ കിളിയെ പിടിച്ചതെവിടുന്നാണ്.

മറെറാരുകുട്ടി-അതോ. എഴുത്തച്ഛൻ കാട്ടു് കാട്ടു് എന്നു പറഞ്ഞില്ലേ. അവിടെനിന്ന്.

* * *

ഒരു നായാട്ടുകാരൻ പക്ഷികളെ വെടിവയ്ക്കാൻ വളരെ നേരം നടന്നിട്ടും ഒന്നിനെയും കണ്ടില്ല. കുറെ കഴിഞ്ഞപ്പോൾ ഒരു വിദ്യാർത്ഥി അതുവഴി വന്നു.

വെടിക്കാരൻ-കുട്ടീ ഇവിടെയെങ്ങാനും വെടി വയ്ക്കാൻ വല്ലതുമുണ്ടോ.

കുട്ടി-(പതുക്കെ) ഞങ്ങളുടെ ഒന്നാംസാർ പുറകെ വരുന്നുണ്ടു്.

വെളുപ്പുകാരൻ-ഡ്രൈവർ നടക്കാൻ വയ്യെങ്കിൽ ഒരു റിക്ഷാ പിടിച്ചോളൂ.

ഡ്രൈവർ-അധികപ്രസംഗി, തന്നെ നടക്കാൻ വയ്യാത്ത ഞാനോ റിക്ഷായും പിടിച്ചു നടക്കാൻ പറയുന്നതു്.

* * *

ഭർത്താ-സ്ത്രീകൾ വിലകൂടിയ വസ്ത്രങ്ങൾ ഉപയോഗിക്കുന്നതിനെ ആക്ഷേപിച്ചു നീ ആ സ്ത്രീമാസികയിലെഴുതിയ ലേഖനം ഞാൻ വായിച്ചു. വളരെ സന്തോഷമായി. അതിനു നിനക്കൊരു സമ്മാനം തരുവാൻ ഞാൻ വിചാരിക്കുന്നു. നിനക്കെന്തു വേണം?

ഭാര്യ-ഒരു പട്ടു സാരി.

ഡാക്ടർ എ. ഗോപാലപിള്ള.

എൽ. ഐ. എം. (മദ്രാസ്സ്)

ഫിസിഷൻ & സജ്ജൻ തൊടുപുഴ — തിരുവിതാംകൂർ.

സ്ത്രീകളുടെ മഹാഭാഗ്യം!!

സിദ്ധഗർഭാമൃതം.

ഗർഭപാത്രസംബന്ധമായ രോഗങ്ങളാലും (Uterine diseases) ആർത്തവസംബന്ധമായ ക്രമക്കേടുകളാലും ദുരന്തദുരിതമനുഭവിക്കുന്ന സ്ത്രീകൾക്കു് ഒരു വലിയ അനുഗ്രഹം! എല്ലാവിധരക്തക്ഷയത്തിലും രക്തസ്രാവത്തിലും All forms of Haemorrhages & bloodlessness വിശേഷിച്ചു ഗർഭിണികളെ പ്രസവത്തിനുമുൻപും പിമ്പും ബാധിക്കാറുള്ള രക്തക്ഷയം, പാണ്ഡു, വിളച്ച് Bloodlessness & anaemic conditions വിഷമജ്വരം, രക്തസ്രാവം, യോനിസ്രാവം; ഇവയ്ക്കും പററിയ സിദ്ധൌഷധമാകുന്നു. അത്യാർത്തവം, വേദനയോടുകൂടിയ ആർത്തവം, രക്തപിത്തം, മുതലായവയിൽ അത്യന്തം ഫലപ്രദം. ഋതുകാലം സമീപിച്ചിരിക്കുന്നതും രക്തപ്രസാദം തീരെ ഇല്ലാതിരിക്കുന്നതുമായ പെൺകുട്ടികൾക്കു ഓജസ്സും ആർത്തവശുദ്ധിയും ഉണ്ടാക്കുന്നതിനു മററു ഔഷധങ്ങൾ തേടി പോകേണ്ടതില്ല. സ്ത്രീപുരുഷഭേദമെന്ന്യേ ഉപയോഗിക്കാവുന്ന ഈ ദിവ്യൗഷധം അനേകം പച്ചമരുന്നുകളും അമൂല്യമൂലികളും ഉരുക്കുഭസ്മവും പ്രത്യേകരീതിയിൽ തയ്യാർചെയ്തു ചേർത്തു പാകപ്പെടുത്തിയിരിക്കുന്നു.

൧൬ ഔൺസുകുപ്പി ൧-ക്കു് വില ൨ രൂ.   ൨൪ ഔൺസു കുപ്പി ൧-ക്കു് വില ൨ രൂ. ൧൨ ണ.

N. B. ഈ സിദ്ധഗർഭാമൃതം ൬ മാസക്കാലത്തേക്കു യഥാക്രമം കുപ്പി ൧-ക്കു് ൪-൦ വൃ-൦ അണ വീതം കുറച്ചു വിൽക്കപ്പെടും.

കുട്ടികളുടെ ആരോഗ്യം!   മാതാവിൻെറ സൌഭാഗ്യം!!

കരപ്പൻ ഗുളിക.

ഇതു കൈകണ്ട സിദ്ധൌഷധമാണെന്നു ഉറപ്പുതരുന്നു!

തീക്കരപ്പൻ, കുഴിക്കരപ്പൻ, തുടങ്ങിയ ൧൮ തരം കരപ്പനും തത്സംബന്ധമായ അജീർണ്ണം, ഛർദ്ദി, പനി, നീരു്, ചൊറി, ചിരങ്ങു്, മലമൂത്രതടസ്സം മുതലായവയ്ക്കും ഒരു ദിവ്യൗഷധം. കൂടാതെ ബാലപീഡ, ബാലഗ്രഹണി, ശൂല മുതലായ ബാല്യകാലത്തിലെ മിക്കരോഗങ്ങളേയും ശമിപ്പിച്ചു ഈ ഗുളിക പൂർണ്ണസുഖത്തെ കൊടുക്കുന്നു. അരുചിയില്ലാത്തതും ജീരകവെള്ളത്തിലോ, ശുദ്ധജലത്തിലോ മോരിലോ ഈ ഗുളിക സേവിക്കാവുന്നതുമാണു്.

൨൫ ഗുളിക അടങ്ങിയ കുപ്പി ൧-ക്കു് ൫ ണ.   ൫൦ ഗുളിക അടങ്ങിയ കുപ്പി ൧-ക്കു് ൧൪ ണ.

സിദ്ധതൈലം.

ഒരു കുപ്പി!   ഒരു വൈദ്യൻ!!

എല്ലാവിധ മുറിവുകളും കരപ്പനും അർശസ്സും സംബന്ധിച്ചുള്ള ചൊറി ചിരങ്ങുകളും പുഴുക്കടി കുഴിനഖം നീക്കെട്ടു് ചെവിപ്പൊട്ടു് മുതലായതുകളും വ്രണം, പൊള്ളൽ, പലവിധ ശരീരവേദന എന്നിതുകളും ഈ തൈലം നിശ്ശേഷം മാററുന്നു.

൧ ഔൺസുകുപ്പി ൧-ക്കു് ൬ ണ.   ൪ ഔൺസുകുപ്പി ൧-ക്കു് ൧ രൂ. ൪ ണ.

മേല്പറഞ്ഞ ഔഷധങ്ങൾ ഡാക്ടറന്മാർ, വക്കീലന്മാർ തുടങ്ങിയ പല മഹതീമഹാന്മാരുടേയും വിലയേറിയ സർട്ടിഫിക്കററു ലഭിച്ചിട്ടുള്ളതാകുന്നു.

കൂടാതെ എല്ലാവിധ ആയുർവേദ ഔഷധങ്ങളും മിതമായ വിലയ്ക്കു ഇവിടെ വിൽക്കാനുണ്ടു്. മൊത്തക്കച്ചവടക്കാർക്കും ഏജൻറന്മാർക്കും കമ്മീഷൻ കൊടുക്കുന്നതാണു്.

ബൃഹൽ കസ്തൂര്യാദിഗുളിക ഡസൻ ൧-ക്കു് ൧ രൂ. ൧൨ ണ. കസ്തൂര്യാദിഗുളിക ഡസൻ ൧-ക്കു് ൧൪ ണ.

ഒരിക്കൽ പരീക്ഷിക്കുവിൻ!!

THE BHASHAPOSHINI, TIRUVALLA.

THE OLDEST AND THE MOST WIDELY CIRCULATED

ILLUSTRATED MONTHLY ON THE WEST COAST.

1116-ലെ
ഭാഗ്യോദയം ചുവർ പഞ്ചാംഗം.

മഹാരാജാവു തിരുമനസ്സിലെ കമനീയമായ ഛായാപടത്തോടുകൂടി
നല്ല വെള്ള് മേനിക്കടലാസിൽ രണ്ടുനിറത്തിൽ ഭാഗ്യോദയം
ചുവർ പഞ്ചാംഗം അച്ചടിച്ചുവരുന്നു.

100-ന് 1 രൂപാ മാത്രം. ഒററ പ്രതിക്ക് അരച്ചക്രം.

——*—*—*—*—*

സ്കൂൾ വർഷാരംഭം.

സ്ക്കൂൾഫൈനൽ, മലയാളം ഹയർ, എം. എസ്. എൽ. സി, എന്നീ ക്ലാസ്സുകളിലേക്കുള്ള ഇംഗ്ലീഷ്-മലയാളം പാഠ്യപുസ്തകങ്ങളുടെ അനോട്ടേഷൻ പേരെടുത്ത വിദഗ്ദ്ധന്മാരെക്കൊണ്ടു തയ്യാറാക്കിച്ചു വരുന്നു. ഇൻറർമിഡിയററ്, ബി. എ. എന്നീ ക്ലാസ്സുകളിലേക്കുള്ള മലയാളം പുസ്തകങ്ങളും സ്ക്കൂളുകളിലേക്കാവശ്യമുള്ള ഡ്റായിംഗ് ബുക്കുകൾ മാപ്പ് ഡ്റായിംഗ്ബുക്കുകൾ നോട്ടുബുക്കുകൾ മുതലായവയും മിതമായ വിലയ്ക്കിവിടെ മൊത്തമായും ചില്ലറയായും വില്ക്കുന്നു.

മാനേജർ,
കേരളപബ്ലിഷിംഗ് കമ്പനി
പുളിക്കീഴ്—തിരുവല്ലാ.

കേരളഡയറക്ടറി.

ഡയറക്ടറിയുടെ അച്ചടി മിക്കവാറും പൂർത്തിയായിരിക്കുന്നു. ജീവചരിത്രങ്ങളും ഫോട്ടോയും ഇതിൽചേർക്കണമെന്നാഗ്രഹിക്കുന്നവർ ഉടനെ അവ അയച്ചുതരേണ്ടതാണ്. ഞങ്ങളുടെചീഫ് ഏജൻറായി മി. പി. ഈ. ഏബ്രഹാമിനെയാണു നിയമിച്ചിട്ടുള്ളതു് മി: ഏബ്രഹാമിൻെറ രസീതിൻ പ്രകാരമല്ലാതെ മററാളുകളുടെ കൈവശം പണം കൊടുത്താൽ അതിനു ഞങ്ങൾ ഉത്തരവാദികളായിരിക്കുന്നതല്ല.

മാനേജർ,
കേരളപബ്ലിഷിംഗ് കമ്പനി
(ഭാഗോദയം പ്രസ്സ്)
പുളിക്കീഴ്-തിരുവല്ലാ

Printed and Published by K. C. Itty at the Bhagyodayam Press, Pulikeezh—Thiruvalla.